33rd Year of Service 2025

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

February 21, 2025 Vol. XXXIII No. 08 Periodicals Postage Paid

4 ഉത്തരേന്ത്യയിൽ ഭൂചലനം

6 യുഎസ് സഹായധനം നിർത്തി

7 ക്രൈസ്തവർ ഉയിർത്തെഴുന്നേൽക്കും

9 ഫാ. അബ്രാഹം മുത്തോലത്തിന് പുരസ്കാരം

21 ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ ചീട്ടുകളി മത്സരം

## ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽ തിക്കിലും തിരക്കിലുംപെട്ട് 18 പേർ മരിച്ചു

ന്യൂഡൽഹി: ഫെബ്രുവരി 15-ന് ശനിയാഴ്ച രാത്രിയിൽ ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽ തിക്കിലും തിരക്കിലുംപെട്ട് മരിച്ചവരുടെ എണ്ണം 18 ആയി. അമ്പതോളം പേർക്ക് പരുക്കേറ്റു. ഒമ്പതു പേരുടെ നില ഗുരുതരമാണ്. മരിച്ചവരിൽ അഞ്ചു കുട്ടികളും 11 സ്ത്രീകളും ഉൾപ്പെടുന്നു. മഹാ കുംഭമേളയ്ക്ക് പ്രയാഗ്‌രാജിലേക്കു പോകാനെത്തിയ തീർഥാടകരുടെ എണ്ണം അനിയന്ത്രിതമായതോടെയാണ് അപകടത്തിലേക്കു നയിച്ചത്. 14, 15 പ്ലാറ്റ്‌ഫോമുകളിലാണ് അപകടം സംഭവിച്ചത്.

അനിയന്ത്രിതമായ രീതിയിലാണ് പ്രയാഗ്‌രാജിലേക്കുള്ള ജനറൽ ടിക്കറ്റുകൾ വിറ്റത്. ഓരോ മണിക്കൂറിലും 1500-ഓളം ജനറൽ ടിക്കറ്റുകൾ ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽനിന്നു വിറ്റെന്നാണ് റിപ്പോർട്ട്. ഇതോടെ പ്രയാഗ്‌രാജിലേക്കു പോകുന്ന രണ്ട് ട്രെയിനുകൾ എത്തേണ്ട പ്ലാറ്റ്‌ഫോമുകളിൽ വലിയ തിരക്ക് അനുഭവപ്പെട്ടു.

അപകടം നടക്കുന്ന സമയത്ത് ഈ പ്ലാറ്റ്‌ഫോമുകളിൽ ബിഹാറിലെ പാറ്റ്നയിലേക്ക് പോകുന്ന മഗധ് എക്സ്പ്രസും ന്യൂഡൽഹി-ജമ്മു ഉത്തർ സമ്പർക്ക ക്രാന്തി എക്സ്പ്രസും ഉണ്ടായിരുന്നതായി ഉത്തര റെയിൽവേയുടെ പബ്ലിക് റിലേഷൻസ് ഓഫീസർ ഹിമാൻഷു ഉപാധ്യായ വ്യക്തമാക്കി.

അതേസമയം, അനൗൺസ്‌മെന്റിലുണ്ടായ വീഴ്ച ആശയക്കുഴപ്പത്തിലേക്കും തുടർന്ന് അപകടത്തിലേക്കും വഴിവെച്ചുവെന്നാണ് ഡൽഹി പോലീസിന്റെ പ്രാഥമിക കണ്ടെത്തൽ. പ്രയാഗ്‌രാജ് എക്സ്പ്രസും (ശേഷം 28-ാം പേജിൽ)




കുംഭമേളയിൽ പങ്കെടുക്കാൻ പ്രയാഗ്‌രാജിലേക്കുള്ള ട്രെയിനിൽ കയറുന്നവർ.

## 130-ാമത് മാരാമൺ കൺവൻഷൻ സമാപിച്ചു




മാരാമൺ കൺവൻഷനിൽ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത സമാപന സന്ദേശം നൽകുന്നു. (വാർത്ത 4-ാം പേജിൽ)

## തരൂരിനെ വിമർശിച്ച് കോൺഗ്രസ് മുഖപത്രം
## കേരള സർക്കാരിനെയും മോദിയെയും പ്രശംസിച്ച് ശശി തരൂർ



തിരുവനന്തപുരം: ഒരു പ്രതികരണത്തിലൂടെ പ്രധാനമന്ത്രി മോദിയെയും ഒരു ലേഖനത്തിലൂടെ കേരള സർക്കാരിനെയും പ്രശംസിച്ച ശശി തരൂർ എംപിയുടെ നിലപാടിനെ കോൺഗ്രസ് ദേശീയ, സംസ്ഥാന നേതൃത്വം തള്ളി. കേരളത്തിലെ വ്യവസായ സംരംഭങ്ങളുടെയും സ്റ്റാർട്ടപ്പുകളുടെയും വളർച്ചയിൽ സംസ്ഥാന സർക്കാരിനെ പ്രകീർത്തിച്ചാണ് ഇംഗ്ലീഷ് പത്രത്തിൽ ലേഖനമെഴുതിയത്. യുഎസ് പ്രസിഡണ്ട് ട്രംപുമായുള്ള പ്രധാനമന്ത്രി മോദിയുടെ കൂടിക്കാഴ്ചയെക്കുറിച്ചുള്ളതായിരുന്നു പരസ്യ അഭിപ്രായപ്രകടനം.

പ്രവർത്തക സമിതിയംഗം എന്ന നിലയിൽ പാർട്ടിയിലെ ഉയർന്ന പദവി വഹിക്കുന്ന നേതാവിന്റെ നിലപാട് (ശേഷം 28-ാം പേജിൽ)

## പ്രതിഷേധ കൊടുങ്കാറ്റായി കർഷകരക്ഷാ നസ്രാണിമുന്നേറ്റം

ചങ്ങനാശേരി: നീതിനിഷേധങ്ങൾക്കും അവകാശ ലംഘനങ്ങൾക്കുമെതിരെ കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കർഷകരക്ഷാ നസ്രാണി മുന്നേറ്റ ലോങ്മാർച്ചും അവകാശപ്രഖ്യാപന റാലിയും ഭരണാധികാരികൾക്കുള്ള താക്കീതായി. കർഷകജനതയും പൊതുസമൂഹവും നേരിടുന്ന വെല്ലുവിളികൾ തുറന്നുകാട്ടി ക്രൈസ്തവ ന്യൂനപക്ഷാവകാശങ്ങളിലെ വിവേചനത്തിനെതിരെയുള്ള കടുത്ത മുന്നറിയിപ്പാണ് മാർച്ചിലും മഹാസംഗമത്തിലും മുഴങ്ങിയത്.

അതിരമ്പുഴ മുതൽ അമ്പൂരി വരെ ദീർഘിച്ച ചങ്ങനാശേരി അതിരൂപതയിലെ (ശേഷം 28-ാം പേജിൽ)




കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച അവകാശസംരക്ഷണ റാലിയിൽ ആർച്ച്ബിഷപ് മാർ തോമസ് തറയിൽ, ആർച്ച്ബിഷപ് എമരിറ്റസ് മാർ ജോസഫ് പെരുന്തോട്ടം, മോൺ. ആന്റണി ഏത്തയ്ക്കാട്ട്, ജോബ് മൈക്കിൾ എംഎൽഎ തുടങ്ങിയവർ അണിചേർന്നപ്പോൾ.

nella CONSULTING
ACCOUNTING | TAX | CONSULTING

TAX



FOR ALL YOUR PERSONAL AND BUSINESS TAX SERVICES



TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)

FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES

Partner
ALVIN NELLA, CPA, MBA



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

Trusted Representation
Achieves Aggressive Financial Results

- Over $ 50M Recovered and Collected For Our Clients
- Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- Free Confidential Consultation On All Matters Home Visits Available
- Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

We Want A Long Term Relationship With You

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

Fee Discounts Available To Malayalee Clients On Specific Cases

BBB A+ Rating Better Business Bureau
AV PREEMINENT Peer Rated for Highest Level of Professional Excellence 2018


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


FINANCIAL SERVICE PROFESSIONALS
RENJI THOMAS
(MANALEL)
(973) 525-0038
E-mail : renjimanalel@yahoo.com
TINU KURIAKOSE
(KANNARATHIL)
630-346-9477
tinukuriakosel@gmail.com
RETIREMENT PLANNING
401K/403(B) ROLL OVER
IRA/ROTH IRA/ ANNUITIES
TERM/INDEXED UNIVERSAL
LIFE INSURANCE WITH LIVING BENEFITS
COLLEGE EDUCATION SAVING PLAN
WILL & TRUST
FINAL EXPENSES INSURANCE
SEP IRA
LONG TERM CARE SOLUTIONS
FOR FREE FINANCIAL SERVICES AND INFORMATION


JAIBU MATHEW KULANGARA & ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
Free Electronic Filing

### 130–ാമത് മാരാമൺ കൺവൻഷൻ സമാപിച്ചു

# തലമുറകളുടെ രൂപീകരണത്തിൽ കുടുംബത്തിന് വലിയ പങ്ക്: മാർത്തോമ്മാ മെത്രാപ്പൊലീത്ത

മാരാമൺ: തലമുറകളുടെ ശരിയായ രൂപീകരണത്തിൽ കുടുംബത്തിനുള്ള പങ്ക് വലുതാണെന്നും ഈ ശിക്ഷണത്തിന്റെ അഭാവമാണ് കോട്ടയം ഗവ. നേഴ്സിങ് കോളജിൽ നടന്ന റാഗിങ് പോലെയുള്ള സംഭവങ്ങൾക്കു കാരണമെന്നും ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത. 130–ാമത് മാരാമൺ കൺവൻഷന്റെ സമാപന സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കുടുംബബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും നൈർമല്യത്തോടെ കാത്തുസൂക്ഷിക്കുകയും വേണം. ദൈവം നൽകിയ കുടുംബം പവിത്രമായി കാത്തുസൂക്ഷിക്കേണ്ടത് നാം തന്നെയാണ്. ഒരുമിച്ചു പ്രാർത്ഥിക്കുന്ന, ഭക്ഷിക്കുന്ന, ദൈവചിന്തകൾ പങ്കുവെക്കുന്ന ഇടങ്ങളായി കുടുംബങ്ങൾ മാറണം. ദൈവഹിതത്തിനനുസരിച്ച് വിഭവങ്ങൾ പങ്കിടണം. ഐക്യം കാലഘട്ടത്തിന്റെ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

ഡിജിറ്റൽ ഉപകരണങ്ങൾ നമ്മുടെ യജമാനൻ ആകരുത്. യേശുവാണ് കർത്താവും രക്ഷിതാവും. ഇവയുടെ ഉപയോഗത്തിൽ കൂടുതൽ ജാഗ്രതയുള്ളവരായിരിക്കണം. മൊബൈൽ ഫോണുകളിലൂടെ നമ്മൾ കൈകാര്യം ചെയ്യുന്ന ആശയങ്ങൾ സത്യവും നീതിപൂർവവുമായിരിക്കണം. ലോകത്തിന് അനുരൂപപ്പെടുകയല്ല, മറിച്ച് ദൈവഹിതം തിരിച്ചറിഞ്ഞ് മനസ്സുപുതുക്കി രൂപാന്തരപ്പെടുകയാണ് വേണ്ടത്. ക്രിസ്തുവിനോടൊപ്പമുള്ള സഞ്ചാരം നമ്മുടെ ജീവിതശൈലിയായി മാറണം. ലോകത്തിന്റെ ബുദ്ധിമുട്ടുകളിലും കഷ്ടതകളിലും ആശ്വസിപ്പിക്കാൻ കഴിവുള്ള ദൈവത്തിനൊപ്പം ദിവസവും ജീവിക്കാൻ പ്രാർത്ഥിക്കണമെന്നും അദ്ദേഹം പറഞ്ഞു. മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം പ്രസിഡണ്ട് ഡോ. ഐസക് മാർ പീലക്സിനോസ് അധ്യക്ഷത വഹിച്ചു. ഡോ. രാംകുമാർ രാമചന്ദ്രൻ മുഖ്യസന്ദേശം നൽകി.

# സർക്കാരിന്റെ മദ്യനിർമാണശാലയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കാൻ നടപടി

പാലക്കാട്: സർക്കാർ സ്ഥാപനമായ മേനോൻപാറ മലബാർ ഡിസ്റ്റിലറീസിൽ മദ്യനിർമാണശാല ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് സാങ്കേതികാനുമതി നൽകാനുള്ള നടപടികൾ വേഗത്തിലാക്കി സർക്കാർ. ഇതിന്റെ ഭാഗമായി പദ്ധതിരേഖയിൽ മാറ്റങ്ങൾ വരുത്തി സമർപ്പിക്കണമെന്ന് സാങ്കേതികാനുമതി നൽകുന്ന സർക്കാർ സമിതി നിർദേശം നൽകി. സർക്കാരിന്റെ മദ്യനിർമാണശാല ആരംഭിക്കാൻ വൈകുകയും എലപ്പുള്ളിയിലെ സ്വകാര്യ മദ്യനിർമാണശാലയ്ക്ക് അനുമതി നൽകുകയും ചെയ്തതു വിവാദമായതോടെയാണു സാങ്കേതികാനുമതി നൽകാനായി തിരക്കിട്ടു യോഗം ചേർന്നത്.

മദ്യക്കുപ്പിയിൽ ക്യുആർ കോഡ് പതിക്കാനുള്ള സൗകര്യം ഏർപ്പെടുത്തൽ, ടാങ്കുകളുടെ ക്രമീകരണത്തിൽ മാറ്റം വരുത്തൽ, ഫയർ ആൻഡ് സേഫ്റ്റി അനുമതി നേടുന്നതിനുള്ള സൗകര്യമൊരുക്കൽ തുടങ്ങിയവ പദ്ധതിരേഖയിൽ ഉൾപ്പെടുത്താനാണു നിർദേശം. ആകെ പദ്ധതിത്തുകയായ 25.08 കോടിരൂപയിൽ മാറ്റംവരുത്താതെ വേണം ഇവ ഉൾപ്പെടുത്താൻ. വിലകുറഞ്ഞ മദ്യം ഉറപ്പുവരുത്താനും സർക്കാരിനു വരുമാനം ലക്ഷ്യമിട്ടുമാണ് അഞ്ച് ബോട്‌ലിങ് ലൈനിൽ ഇന്ത്യൻ നിർമിത വിദേശമദ്യനിർമാണം, ബ്ലെൻഡിങ്, ബോട്‌ലിങ് യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിന് 2022 ജൂൺ 13–നു മലബാർ ഡിസ്റ്റിലറീസിന് അനുമതി നൽകിയത്. 2024 ജൂലൈയിൽ പദ്ധതിക്ക് ഭരണാനുമതി നൽകിയെങ്കിലും സാങ്കേതികാനുമതി വൈകുകയായിരുന്നു.

പ്ലാന്റ് നിർമാണം ഉൾപ്പെടെയുള്ള പദ്ധതി കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിങ് കമ്പനിയെയാണ് (കെൽ) ഏൽപിച്ചിരിക്കുന്നത്. ഇവിടെ ഉൽപാദിപ്പിക്കുന്ന മദ്യം പൂർണമായും കേരള ബവ്റിജസ് കോർപറേഷൻ വാങ്ങും. സാങ്കേതികാനുമതി ലഭ്യമായാലും ജലലഭ്യത സംബന്ധിച്ച തീരുമാനം ആയാൽ മാത്രമേ പ്ലാന്റ് ആരംഭിക്കാനാകൂ. ജലം ലഭ്യമാക്കാനുള്ള പദ്ധതിക്ക് ഇതുവരെ ജലഅതോറിറ്റി പച്ചക്കൊടി കാണിച്ചിട്ടില്ല.

# ഉത്തരേന്ത്യയിൽ ഭൂചലനം

ന്യൂഡൽഹി: ഇന്ത്യാ തലസ്ഥാനമായ ഡൽഹിയിലും ബിഹാറിലും ശക്തമായ ഭൂചലനം. ഭൂചലനം ഇന്ത്യാതലസ്ഥാനത്തിനു പുതുമയുള്ളതല്ലെങ്കിലും പ്രകമ്പനത്തിനൊപ്പം ഭൂമിക്കടിയിൽനിന്നുണ്ടായ വലിയ ശബ്ദമാണു ജനത്തെ പരിഭ്രാന്തരാക്കിയത്. ഫെബ്രുവരി 17–ന് പുലർച്ചെ 5.36–നുണ്ടായ നാല് തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിന്റെ പ്രഭവകേന്ദ്രം ഡൽഹിയിലാണെന്ന് നാഷണൽ സെന്റർ ഫോർ സീസ്മോളജി അറിയിച്ചു. ഭൂചലനത്തിന്റെ പ്രകമ്പനം യുപി, ഹരിയാന തുടങ്ങിയ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും അനുഭവപ്പെട്ടു. ഡൽഹി, നോയിഡ, ഗ്രേറ്റർ നോയിഡ, ഗാസിയാബാദ് എന്നിവിടങ്ങളിൽ ശക്തമായ ചലനമാണ് അനുഭവപ്പെട്ടത്. ബിഹാറിലെ സിവാനിലാണു ഭൂചലനം അനുഭവപ്പെട്ടത്. ഇതുവരെ നാശനഷ്ടങ്ങളോ, ആളപായമോ റിപ്പോർട്ട് ചെയ്തിട്ടില്ല.

ഭൂചലനത്തെ തുടർന്നു പരിഭ്രാന്തിയുടെ അന്തരീക്ഷമാണു ഇന്ത്യാതലസ്ഥാനത്തുണ്ടായത്. പുറത്തേക്ക് ഓടിയിറങ്ങിയ പലരും മൊബൈൽ ഫോണുകളിൽ പരസ്പരം ബന്ധപ്പെടുകയും സുരക്ഷിതരാണെന്ന സന്ദേശങ്ങൾ പങ്കുവെക്കുകയും ചെയ്തു. തുടർചലനങ്ങൾ ഉണ്ടാകുമെന്ന ഭയത്താൽ മണിക്കൂറുകളോളം തുറസ്സായ സ്ഥലങ്ങളിൽ ജനം കൂട്ടമായി നിൽക്കുന്ന കാഴ്ചയാണു കാണാനായത്. സംഭവത്തിൽ ആശങ്കപ്പെടേണ്ട ആവശ്യമില്ലെന്നും സമാധാനമായി തുടരാനും പ്രധാനമന്ത്രി നരേന്ദ്ര മോദി എക്സിൽ കുറിച്ചു. ഒപ്പം സുരക്ഷാ മുൻകരുതലുകൾ പിന്തുടരാനും അദ്ദേഹം ജനങ്ങളോട് ആവശ്യപ്പെട്ടു. എല്ലാവരും സുരക്ഷിതരാണെന്നു പ്രതീക്ഷിക്കുന്നതായും അടിയന്തര സേവനത്തിന് 112–ൽ വിളിക്കാമെന്നും ഡൽഹി പോലീസ് എക്സിൽ കുറിച്ചു. അപ്രതീക്ഷിതമായി കെട്ടിടങ്ങൾ കുലുങ്ങിയതോടെ പുറത്തേക്കിറങ്ങിയ ജനം മാധ്യമങ്ങളോടും വ്യത്യസ്തമായിട്ടാണു പ്രതികരണം നടത്തിയത്. ഭൂമിക്കടിയിലൂടെ ട്രെയിൻ പോകുന്ന അനുഭവമാണുണ്ടായതെന്ന് ഒരാൾ പ്രതികരിച്ചു. ചുറ്റിലുമുള്ള എല്ലാം കുലുങ്ങുകയായിരുന്നു. ഇതുപോലെ ഒരു അനുഭവം മുൻപ് ഉണ്ടായിട്ടില്ലെന്നും ആളുകൾ പ്രതികരിച്ചു. ഭൂചലനത്തിനൊപ്പം വലിയ ശബ്ദം ഭൂമിക്കടിയിൽനിന്നു കേട്ടതാണു ജനത്തെ പരിഭ്രാന്തരാക്കിയത്.

# കടംവീട്ടാൻ ബാങ്ക് കൊള്ള നടത്തി 15 ലക്ഷം കവർന്നയാൾ പിടിയിൽ

ചാലക്കുടി: ആഡംബര ജീവിതം മൂലമുണ്ടായ 46 ലക്ഷം രൂപയുടെ കടബാദ്ധ്യത പരിഹരിക്കാൻ ബാങ്ക് ജീവനക്കാരെ കത്തി കാണിച്ച് ഭീഷണിപ്പെടുത്തി പട്ടാപ്പകൽ ബാങ്കിൽ നിന്ന് 15 ലക്ഷം രൂപ കൊള്ളയടിച്ച ചാലക്കുടി ആശാരിപ്പാറ സ്വദേശി റിജോ ആന്റണി (48) എന്നയാൾ അറസ്റ്റിലായി. ഫെഡറൽ ബാങ്ക് പോട്ട ശാഖയിൽ 14–ന് ഉച്ച കഴിഞ്ഞ് 2.12–നാണ് സംഭവം. മാസങ്ങളോളം കവർച്ചയ്ക്ക് തയ്യാറെടുപ്പ് നടത്തിയ റിജോ ജനത്തിരക്കേറിയ പോട്ട ജംഗ്ഷനിലെ ബാങ്കിൽ ജീവനക്കാർ ഉച്ചയ്ക്ക് ഭക്ഷണം കഴിക്കുന്ന സമയത്താണ് ഞെട്ടിക്കുന്ന സംഭവം അരങ്ങേറിയത്. ഹെൽമെറ്റ് ധരിച്ച് സ്കൂട്ടറിലെത്തിയ മോഷ്ടാവ് ബാങ്കിൽ കയറി ജീവനക്കാരെ കത്തി കാണിച്ച് ഭീഷണിപ്പെടുത്തി മുറിക്കുള്ളിൽ അടച്ചിട്ടു. തുടർന്ന് കാഷ് കൗണ്ടറിന്റെ ലോക്ക് കസേരകൊണ്ട് അടിച്ചു തുറന്ന്, ഗ്ലാസ് തല്ലിത്തകർത്ത് അകത്തു കടന്ന് 15 ലക്ഷം രൂപ ബാഗിൽ നിറച്ച് കടന്നുകളയുകയായിരുന്നു. കാഷ് കൗണ്ടറിൽ 47 ലക്ഷം രൂപയുണ്ടായിരുന്നു. ബാങ്കിലെത്തിയ അക്രമി വെറും രണ്ടര മിനിറ്റുകൊണ്ടാണ് കവർച്ച നടത്തി മടങ്ങിയത്.



മോഷ്ടാവ് സ്കൂട്ടറിൽ എത്തുന്നതിന്റെയും ബാങ്ക് കൊള്ളയടിക്കുന്നതിന്റെയും തിരിച്ചുപോകുന്നതിന്റെയും സിസിടിവി ദൃശ്യങ്ങൾ പോലീസിനു ലഭിച്ചിരുന്നു. തൃശൂർ റൂറൽ എസ്പി ബി. കൃഷ്ണകുമാർ, ചാലക്കുടി എസ്എച്ച്ഒ കെ.കെ. സജീവൻ എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് അതിവിദഗ്ദ്ധമായി പ്രതിയെ പിടികൂടിയത്. ഡോഗ് സ്ക്വാഡും വിരലടയാള വിദഗ്ദ്ധരും സ്ഥലത്തെത്തിയിരുന്നു. അക്രമി സംസാരിച്ചത് ഹിന്ദിയിലാണെന്നും ബാങ്കിനെക്കുറിച്ച് വ്യക്തമായി അറിയാവുന്ന ആളാണ് കവർച്ച നടത്തിയതെന്നും എസ്പി പറഞ്ഞിരുന്നു. അധികപണമുണ്ടായിട്ടും മുഴുവൻ എടുക്കാതിരുന്നതും സംശയം ജനിപ്പിച്ചു. കറിക്കത്തി പോലുള്ള ഒരു ആയുധമാണ് അക്രമിയുടെ കൈയിലുണ്ടായിരുന്നത്. സ്വന്തം സ്കൂട്ടറിലാണ് മോഷ്ടാവ് മോഷണത്തിനെത്തിയത്. എന്നാൽ, നമ്പർ വ്യാജമായിരുന്നു. പള്ളിപ്പെരുന്നാളിനു കണ്ട മറ്റൊരു സ്കൂട്ടറിന്റെ നമ്പർ വ്യാജമായി തയാറാക്കി സ്വന്തം സ്കൂട്ടറിൽ ഘടിപ്പിക്കുകയായിരുന്നു. കവർച്ച കഴിഞ്ഞു മടങ്ങുമ്പോൾ മൂന്നു തവണ ഇയാൾ വസ്ത്രം മാറി. ഷർട്ടും പാന്റും ജായ്ക്കറ്റും മുഖത്ത് മങ്കി ക്യാപ്പും ഹെൽമെറ്റും കൈയിൽ ഗ്ലൗസും ധരിച്ചാണ് കവർച്ചയ്ക്കെത്തിയത്. ക്യാമറകളിൽ വ്യക്തമായ ചിത്രം ലഭിക്കാതിരുന്നതും സ്കൂട്ടറിന്റെ നമ്പർ വ്യാജമായിരുന്നതും അന്വേഷണസംഘത്തെ കുഴക്കിയിരുന്നു.

ബാങ്കിൽനിന്ന് മോഷ്ടിച്ച പണത്തിൽ 12 ലക്ഷം രൂപ പ്രതി റിജോയുടെ വീട്ടിൽ കിടപ്പു മുറിക്കു മുകളിലുള്ള ഷെൽഫിൽ നിന്ന് പോലീസ് കണ്ടെടുത്തു. കത്തിയും ഉപയോഗിച്ച വസ്ത്രവും കയ്യുറയും പോലീസ് കണ്ടെടുത്തിട്ടുണ്ട്. ഇതിനിടെ റിജോ ആന്റണി കടംവീട്ടിയ ആൾ പോലീസിൽ പണം തിരികെ ഏല്പിച്ചതായി പോലീസ് പറഞ്ഞു. 2.9 ലക്ഷം രൂപയാണ് പോലീസിൽ ഏല്പിച്ചത്. റിജോ അറസ്റ്റിലായ വിവരമറിഞ്ഞ് പണം തിരികെ നല്കുകയായിരുന്നു.

വിദേശത്ത് നേഴ്സായ ഭാര്യ നൽകിയ പണം റിജോ ധൂർത്തടിക്കുകയായിരുന്നു. ഏപ്രിലിൽ ഭാര്യ നാട്ടിൽ വരാനിരിക്കെ പണം സംഘടിപ്പിക്കാൻ വേണ്ടിയാണ് കവർച്ച നടത്തിയത്. കോവിഡ്കാലത്ത് ഗൾഫിലെ ജോലി പോയതോടെയാണ് റിജോ നാട്ടിലെത്തിയത്.


കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 08
February 21, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.



DISCLAIMER

The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


### മഹദ്വചനം

സൗമ്യമായ സംസാരം കോപത്തെ ശമിപ്പിക്കുന്നു.

**എമേഴ്സൺ**

ഇന്ന് ജീവിച്ചിരിക്കുന്നവർക്ക് വരാനിരിക്കുന്ന തലമുറയോട് അലിഖിതമായ ഒരു കടമയുണ്ട്.

**എഡ്മണ്ട് ബർക്ക്**


Law Office of
Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases
All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# അറുതിയില്ലാത്ത റാഗിങ് ക്രൂരത

റാഗിങ്ങിനെക്കുറിച്ചുള്ള വാർത്തകൾ എപ്പോഴും സങ്കടം ജനിപ്പിക്കുന്നതാണ്. കാമ്പസിലെ വിക്രിയകൾ പരിധി വിടുമ്പോൾ സംഭവിക്കുന്ന ദുരന്തം. റാഗിങ്ങിന് ഇരയാകുന്ന കുട്ടി നേരിടേണ്ടിവരുന്ന ക്രൂരമായ പീഡനവും മാനസികത്തകർച്ചയും. പീഡനമേൽക്കുന്നതിൽ പ്രകടമാകുന്നത് അപക്വതയെക്കാൾ, ക്രൗര്യം തന്നെ. അതിനെ നമ്മുടെ കലാലയങ്ങളിൽനിന്ന് പടികടത്താൻ സാധിക്കുന്നില്ലതാനും. കോട്ടയം ഗാന്ധിനഗറിലെ ഗവ. നേഴ്സിങ് കോളജിൽനിന്നാണ് പുതിയ റാഗിങ് വാർത്ത വന്നിരിക്കുന്നത്. മൂന്നാംവർഷ വിദ്യാർത്ഥികൾക്കെതിരെ ഒന്നാംവർഷ വിദ്യാർത്ഥികളാണ് പരാതി നൽകിയത്. കോളജ് ഹോസ്റ്റലിലെ മൂന്നുമാസംനീണ്ട അതിക്രൂരപീഡനത്തിനൊടുവിലാണ് ഒന്നാംവർഷ വിദ്യാർത്ഥികൾ പോലീസിൽ പരാതി നൽകിയതെന്നാണ് അറിയുന്നത്. അഞ്ചു കുറ്റാരോപിതരെ പോലീസ് അറസ്റ്റുചെയ്തു. ഇവരെ കോളജിൽനിന്ന് സസ്പെൻഡുചെയ്തിട്ടുണ്ട്.

ആധുനിക നേഴ്സിങ്ങിന്റെ മാതാവെന്ന് അറിയപ്പെടുന്ന ഫ്ളോറൻസ് നൈറ്റിങ്ഗേലിന്റെ സേവനപാരമ്പര്യം തുടരാൻവേണ്ടി നേഴ്സുമാരെ വളർത്തിയെടുക്കുന്ന ഒരു സ്ഥാപനത്തിൽതന്നെ കൊടുംക്രൂരത വിളയാടിയാലോ? കോട്ടയം ഗാന്ധിനഗറിലെ ഗവ. നേഴ്സിങ് കോളജിൽ ഒന്നാം വർഷ വിദ്യാർത്ഥികളെ അതിക്രൂരമായി റാഗിങ് നടത്തി പീഡിപ്പിച്ചവർ നേഴ്സുമാരാകുന്നതിനെപ്പറ്റിയോർത്ത് സമൂഹം ഞെട്ടുന്നു.

കോളജുകളിൽമാത്രമല്ല, നമ്മുടെ നാട്ടിലെ സ്കൂളുകളിലും ഇപ്പോൾ റാഗിങ്ങും വിദ്യാർത്ഥികൾ തമ്മിലുള്ള അക്രമോത്സുകമായ സംഘർഷങ്ങളും ഏറിവരുകയാണ്. പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലാണ് ഈ പ്രവണത കൂടുതൽ. സ്കൂളിലെ സംഘർഷം പിന്നീട് പൊതുസ്ഥലത്തെ കൂട്ടത്തല്ലായിമാറിയ എത്രയോ സംഭവങ്ങൾ സമീപകാലത്ത് കേരളത്തിലുണ്ടായിട്ടുണ്ട്. കോവിഡനന്തരകാലത്ത് കൗമാരക്കാരിൽ ദേഷ്യവും അക്രമവാസനയും വർധിച്ചതായാണ് മനഃശാസ്ത്രജ്ഞർ വിലയിരുത്തുന്നത്. സംഘർഷങ്ങളിൽ ഇടപെടാൻ അധ്യാപകർപോലും ഭയക്കുന്ന സാഹചര്യമാണ്.

സീനിയേഴ്സിനു മദ്യപിക്കാൻ ആഴ്ചയിൽ 800 രൂപ പടി കൊടുക്കണം. കഴിഞ്ഞ ദിവസം ആവശ്യപ്പെട്ട 2000 രൂപ കൊടുക്കാൻ കഴിയാതിരുന്നതോടെയാണ് പീഡനം രൂക്ഷമാക്കിയത്. സഹിക്കാനാകാതെ വന്നതോടെ ആറ് ജനറൽ നേഴ്സിങ് വിദ്യാർത്ഥികൾ കോളജ് അധികൃതർക്കു പരാതി നൽകി. മറ്റു മാർഗമില്ലാത്തതുകൊണ്ടാവാം അവർ പോലീസിൽ അറിയിച്ചു. ഓർത്തു നോക്കൂ. ഈ ഗുണ്ടകൾ നേഴ്സുമാരായാലത്തെ സ്ഥിതി. അങ്ങേയറ്റം ക്ഷമയും സഹനവും കരുണയും ആവശ്യമായ നേഴ്സാകാൻ ഈ സാമൂഹികവിരുദ്ധർ ഇറങ്ങിപ്പുറപ്പെട്ടത് സാമ്പത്തികമോ പിൻവാതിൽ ഉദ്യോഗമോ ഉൾപ്പെടെ മറ്റെന്തെങ്കിലും താത്പര്യംമൂലം മാത്രമായിരിക്കും; സംശയമില്ല.

കഴിഞ്ഞ നവംബറിൽ തുടങ്ങിയ പീഡനം ഹോസ്റ്റൽ വാർഡനായ പ്രിൻസിപ്പലോ 24 മണിക്കൂറും ഹോസ്റ്റലിന്റെ ചുമതലയുള്ള അധ്യാപകനോ അറിഞ്ഞില്ലത്രേ. അദ്ദേഹം ഒന്നുകിൽ അവിടെ താമസിക്കുന്നില്ല. അല്ലെങ്കിൽ കണ്ണടച്ചു. ഓർക്കുന്നില്ലേ, പൂക്കോട് വെറ്ററിനറി കോളജിൽ സിദ്ധാർഥൻ എന്ന വിദ്യാർത്ഥിയുടെ ജീവനെടുത്തവർക്കു കാവൽനിന്ന അധ്യാപകവേഷധാരികളെ? അവിടെയും വേട്ടക്കാർക്ക് എസ്എഫ്ഐ എന്ന വിദ്യാർത്ഥിസംഘടനയുടെ ലേബലുണ്ടായിരുന്നു. അതുണ്ടെങ്കിൽ അധ്യാപകർ പോയിട്ട് പോലീസുപോലും കുനിഞ്ഞുനിൽക്കും എന്നതാണല്ലോ അവസ്ഥ. കോട്ടയത്തെ പ്രതികളുടെ വിലാസവും രാഷ്ട്രീയവും തിരിച്ചറിഞ്ഞാൽ കാര്യങ്ങളുടെ കിടപ്പ് മനസിലാകും. സിപിഎം അനുകൂല സംഘടനയായ കേരള ഗവൺമെന്റ് സ്റ്റുഡന്റ്സ് നേഴ്സസ് അസോസിയേഷൻ (കെജിഎസ്എൻഎ) സംസ്ഥാന സെക്രട്ടറി മലപ്പുറം വണ്ടൂർ സ്വദേശി കെ.പി. രാഹുൽ രാജ്, അസോസിയേഷൻ അംഗങ്ങളായ മൂന്നിലവ് വാളകംകര സ്വദേശി സാമുവൽ ജോൺസൺ, വയനാട് പുൽപ്പള്ളി സ്വദേശി എൻ.എസ്. ജീവ, മലപ്പുറം മഞ്ചേരി പയ്യനാട് സ്വദേശി സി. റിജിൽ ജിത്ത്, കോരുത്തോട് മടുക്ക സ്വദേശി എൻ.വി. വിവേക് എന്നിവരാണ് റിമാൻഡിലുള്ളത്.

റാഗിങ് നിരുത്സാഹപ്പെടുത്തുന്നതിന് കർശനമായ നിയമവ്യവസ്ഥകൾ ഇന്ത്യയിൽ ഇപ്പോഴുണ്ട്. എന്നാൽ, പലപ്പോഴും സ്ഥാപന അധികാരികൾ ഇത്തരം സംഭവങ്ങൾ പോലീസിനു കൈമാറാൻ മടിക്കുന്നതാണു കണ്ടുവരാറുള്ളത്. സ്വകാര്യസ്കൂളുകളിലും മറ്റുമാണെങ്കിൽ ഒതുക്കിത്തീർക്കുകയോ മൂടിവെക്കുകയോ ആണു പതിവ്. ഇതൊക്കെ അക്രമത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടികളാണ്. മാത്രമല്ല, റാഗിങ് നടത്തുന്നതുപോലെ കുറ്റകരമാണ് അത് മറച്ചുവെക്കുന്നതുമെന്നാണ് നിയമം വ്യവസ്ഥചെയ്തിട്ടുള്ളത്. ആന്റി റാഗിങ് സമിതികൾ ഫലവത്താക്കുകയും കുറ്റകൃത്യം വീഴ്ചകൂടാതെ നിയമസംവിധാനത്തിനു മുൻപാകെ എത്തിക്കുകയുമാണ് അത്യാവശ്യമായി ചെയ്യേണ്ടത്. കോളജുകളിലേതിനു സമാനമായി സ്കൂളുകളിലും ആന്റി റാഗിങ് സമിതികൾ വേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും നിരീക്ഷണവും ഇടപെടലും ഉണ്ടാകുകതന്നെവേണം. പിടിഎകൾ പരോക്ഷ ആന്റി-റാഗിങ് സമിതികൾ കൂടിയായാൽ സ്ഥിതി കുറെയേറെ മെച്ചപ്പെടാനിടയുണ്ട്.

# ഇന്ത്യയുൾപ്പെടെ വിദേശരാജ്യങ്ങൾക്കുള്ള യുഎസ് സഹായധനം നിർത്തി

ന്യൂയോർക്ക്: ബോധവത്കരണത്തിലൂടെ വോട്ടിംഗ് ശതമാനം ഉയർത്തുന്നതിന് ഇന്ത്യക്കു നൽകിയിരുന്ന 2.1 കോടി ഡോളറിന്റെ സഹായധനം നിർത്തലാക്കിയതായി ട്രംപ് ഭരണകൂടം.

ചെലവുചുരുക്കലിന്റെ ഭാഗമായി ഇന്ത്യയുൾപ്പെടെ രാജ്യങ്ങൾക്കുള്ള സമാനരീതിയിലുള്ള സഹായം അവസാനിപ്പിക്കാൻ ശതകോടീശ്വരൻ ഇലോൺ മസ്കിന്റെ നേതൃത്വത്തിലുള്ള യുഎസ് ഡിപ്പാർട്ട്മെന്റ് ഓഫ് ഗവൺമെന്റ് എഫിഷൻസി (ഡോജ്) തീരുമാനിക്കുകയായിരുന്നു. കഴിഞ്ഞമാസമാണ് മസ്കിനെ ഡോജിന്റെ തലവനായി ഡോണൾഡ് ട്രംപ് നിയോഗിച്ചത്.

നികുതിദായകരുടെ നൂറുകണക്കിന് ദശലക്ഷം ഡോളർ ഉപയോഗിച്ചുള്ള നിരവധി പദ്ധതികൾ നിർത്തലാക്കിയതായി ഡോജ് സമൂഹമാധ്യമമായ എക്സിലൂടെ അറിയിച്ചു. അനധികൃത കുടിയേറ്റക്കാരെ തിരിച്ചയച്ചും ഇറക്കുമതി തീരുവ ഉയർത്തിയതും ഉൾപ്പെടെ ട്രംപ് ഭരണകൂടം തുടങ്ങിവെച്ച നടപടികളുടെ ഭാഗമാണിത്.

വിവിധ രാജ്യങ്ങളിലെ ജനാധിപത്യപ്രക്രിയ ശക്തിപ്പെടുത്തുന്നതിനായി 486 ദശലക്ഷം ഡോളറാണ് അമേരിക്ക ചെലവഴിക്കുന്നത്. ഇതിലാണ് ഇന്ത്യക്കുള്ള 21 ദശലക്ഷം ഡോളർ. ബംഗ്ലാദേശിൽ രാഷ്ട്രീയ സുസ്ഥിരതയും ജനാധിപത്യ ഭരണക്രമവും ശക്തിപ്പെടുത്തുന്നതിനായി നൽകിവരുന്ന 29 ദശലക്ഷം ഡോളറിന്റെ സഹായവും നിർത്തലാക്കിയവയിൽ ഉൾപ്പെടുന്നു.

മോൾഡോവയിലെ തെരഞ്ഞെടുപ്പ് പങ്കാളിത്തത്തിനുള്ള 22 ദശലക്ഷം ഡോളറാണ് നിർത്തലാക്കിയ മറ്റൊരു പദ്ധതി. ഏഷ്യയിലെ പഠനസാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള 47 ദശലക്ഷം ഡോളറിന്റെയും മാലിയിലെ സാമൂഹിക ഐക്യത്തിനുള്ള 14 ദശലക്ഷം ഡോളറിന്റെയും നേപ്പാളിലെ ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള 19 ദശലക്ഷം ഡോളറിന്റെയും സഹായവും നിർത്തലാക്കിയവയിൽ ഉൾപ്പെടും. അമേരിക്കയിൽ സർക്കാർ ജീവനക്കാരുടെ എണ്ണം ഗണ്യമായി വെട്ടിക്കുറയ്ക്കുന്നതിനു മേൽനോട്ടം വഹിക്കുന്നത് ഡോജ് ആണ്. ഇതിന്റെ ഭാഗമായി ലോകത്തെ വിവിധ രാജ്യങ്ങൾക്കു സഹായം നൽകുന്ന യുഎസ് എയ്ഡ് അടച്ചുപൂട്ടുമെന്ന് മസ്ക് പ്രഖ്യാപിച്ചിരുന്നു. ലോകമെമ്പാടുമായുള്ള സഹായദൗത്യങ്ങൾ നിർത്തിവെക്കുന്നതായി കഴിഞ്ഞ ഏഴിന് യുഎസ് എയ്ഡ് പ്രഖ്യാപിക്കുകയും ചെയ്തു.

മസ്കിന്റെ പ്രഖ്യാപനത്തിനുമുമ്പ് യുഎസ് എയ്ഡിന്റെ വെബ്സൈറ്റും അടച്ചുപൂട്ടി. ഇന്ത്യയിലെ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ വിദേശ ഇടപെടലുകൾ സ്ഥിരീകരിക്കുന്നതാണ് പ്രഖ്യാപനമെന്ന് ബിജെപി ഐടി വിഭാഗം തലവൻ അമിത് മാളവ്യ പ്രതികരിച്ചു. ആരാണ് ഇതിന്റെ ഗുണഭോക്താവെന്ന സംശയം പ്രകടിപ്പിച്ച മാളവ്യ ഭരണകക്ഷിയല്ല അതെന്ന് ഉറപ്പിച്ചുപറയുകയാണെന്നും വ്യക്തമാക്കി.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ യുഎസ് സന്ദർശനത്തിന്റെ ചൂടാറും മുമ്പാണു സഹായം റദ്ദാക്കിയുള്ള പ്രഖ്യാപനം എന്നതാണ് മറ്റൊരു കൗതുകം. ട്രംപുമായും മസ്കുമായും മോദി വിശദമായ കൂടിക്കാഴ്ച നടത്തുകയും ചെയ്തിരുന്നു.

വിദേശ ധനസഹായം നിർത്തിവെക്കാനുള്ള യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ തീരുമാനം ദശലക്ഷക്കണക്കിന് എയ്ഡ്സ് രോഗികളുടെ മരണത്തിനു കാരണമായേക്കുമെന്ന് ഐക്യരാഷ്ട്ര സംഘടനയുടെ (യുഎൻ) മുന്നറിയിപ്പ്. യുഎന്നിന് ഏറ്റവുമധികം ധനസഹായം നൽകുന്ന രാജ്യമാണു യുഎസ്. യുഎന്നിനു മിക്ക ഫണ്ടുകളും യുണൈറ്റഡ് സ്റ്റേറ്റ്സ് ഏജൻസി ഫോർ ഇന്റർനാഷണൽ ഡവലപ്മെന്റ് (യുഎസ്എയ്ഡ്) വഴിയാണു ലഭിക്കുന്നത്.

# നഗരസഭകളിൽ ഓഡിറ്റിന് പ്രത്യേക ടീമിനെ ചുമതലപ്പെടുത്തുന്നു

കോട്ടയം: കോട്ടയം നഗരസഭയിൽനിന്ന് 211 കോടി രൂപ നഷ്ടപ്പെട്ടതുപോലെ കേരളത്തിലെ മറ്റു നഗരസഭകളിലും തട്ടിപ്പു നടക്കുന്നുണ്ടോയെന്ന് അന്വേഷിക്കാൻ സർക്കാർ. എല്ലാ നഗരസഭകളിലും പരിശോധന നടത്തും. എ ക്ലാസ് നഗരസഭകളിൽ ഒരു മാസത്തിനകം പ്രത്യേക പരിശോധന പൂർത്തിയാക്കാൻ 21 നഗരസഭകളിലേക്കായി പ്രത്യേക ഓഡിറ്റ് ടീമിനെ ചുമതലപ്പെടുത്തി. തദ്ദേശഭരണ വകുപ്പ് ഡയറക്ടർ സാംബശിവറാവു ഉത്തരവിറക്കി.

കോട്ടയം നഗരസഭയിൽ തട്ടിപ്പു നടന്നിട്ടില്ലെന്നും ക്ലറിക്കൽ പിശകു മാത്രമാണു സംഭവിച്ചതെന്നുമായിരുന്നു ഭരണസമിതിയുടെ വിശദീകരണം. എന്നാൽ, ഇതു തള്ളിക്കൊണ്ട് സംസ്ഥാനതല പരിശോധനാ സംഘം കൂടുതൽ തട്ടിപ്പുകൾ കണ്ടെത്തിയ സാഹചര്യത്തിലാണു സർക്കാരിന്റെ നടപടി. മുൻസിപ്പാലിറ്റികൾ നേരത്തെ പ്രത്യേക വിഭാഗമായാണു പ്രവർത്തിച്ചിരുന്നത്.

പഞ്ചായത്തു വകുപ്പുമായി ബന്ധമുണ്ടായിരുന്നില്ല. രണ്ടു വകുപ്പുകളും യോജിപ്പിച്ചു ഡയറക്ടറേറ്റ് രൂപീകരിച്ചതോടെയാണു കോട്ടയം നഗരസഭയിലെ തട്ടിപ്പു പുറത്തുവന്നത്.

# പാഴ്വാക്കുകൾക്കു പകരം വേണ്ടത് സാങ്കേതിക വളർച്ച: രാഹുൽഗാന്ധി

ന്യൂഡൽഹി: നിർമിതബുദ്ധിയുടെ സഹായത്തോടെ പ്രധാനമന്ത്രി സ്ക്രീനിൽ നോക്കി പ്രസംഗങ്ങൾ നടത്തുമ്പോൾ നമ്മുടെ എതിരാളികൾ സാങ്കേതികവിദ്യയിൽ പ്രാവീണ്യം നേടുകയാണെന്ന് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി.

പാഴ്വാക്കുകൾക്കു പകരം സാങ്കേതികമേഖലയിൽ ഇന്ത്യക്ക് ശക്തമായ ദീർഘവീക്ഷണം വേണമെന്നും മോദിയെ വിമർശിച്ച് രാഹുൽ സമൂഹമാധ്യമമായ എക്സിൽ കുറിച്ചു. ഇന്ത്യക്ക് അപാരമായ പ്രതിഭകളും വ്യാപ്തിയും ഊർജസ്വലതയുമുണ്ടെന്നും നമ്മുടെ യുവാക്കൾക്ക് തൊഴിലും ഇന്ത്യയെ ഭാവിയിലേക്കു നയിക്കുന്നതിന് മികച്ച വ്യാവസായിക വൈദഗ്ധ്യം സൃഷ്ടിച്ചെടുക്കണമെന്നും രാഹുൽ അഭിപ്രായപ്പെട്ടു

ശക്തമായ വ്യാവസായിക സംവിധാനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതിന് ഡ്രോണുകളുടെ വീഡിയോയും രാഹുൽ എക്സിൽ പങ്കുവെച്ചിട്ടുണ്ട്. ബാറ്ററികളും മോട്ടോറുകളും ലെൻസുകളും സമന്വയിപ്പിച്ച് യുദ്ധക്കളത്തിൽ അത്ഭുതപൂർവമായി ആശയവിനിമയം നടത്താൻ കഴിയുന്ന ഡ്രോണുകളിലൂടെ യുദ്ധരംഗത്തുതന്നെ വിപ്ലവം സൃഷ്ടിക്കാൻ സാധിച്ചു. ശക്തമായ ഒരു വ്യാവസായിക സംവിധാനത്തിൽനിന്ന് ഉയർന്നു വന്ന നവീനമായ ആശയമാണ് ഡ്രോണുകൾ.

എന്നാൽ, പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഈ വീക്ഷണമില്ല. ഇന്ത്യക്കു വേണ്ടത് പൊള്ളയായ വാക്കുകളല്ല, ഉത്പാദന രംഗത്ത് ശക്തമായ അടിത്തറയാണെന്നും രാഹുൽ പറഞ്ഞു.



വ്യാവസായിക സംവിധാനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതിനായി രാഹുൽ ഗാന്ധി എക്സിൽ പങ്കുവെച്ച ഡ്രോണുകളുടെ ചിത്രം.

# പൊതു ആവശ്യങ്ങൾക്കായി ക്രൈസ്തവർ ഉയിർത്തെഴുന്നേൽക്കും: മാർ തോമസ് തറയിൽ

ചങ്ങനാശേരി: പൊതുവായ ആവശ്യങ്ങൾക്കു വേണ്ടി ഉയിർത്തെഴുന്നേൽക്കുന്നവരാണ് ക്രിസ്ത്യാനികളെന്ന് രാഷ്ട്രീയ ഭരണനേതൃത്വങ്ങൾ തിരിച്ചറിയണമെന്ന് ചങ്ങനാശേരി ആർച്ച്ബിഷപ് മാർ തോമസ് തറയിൽ. നീതിനിഷേധങ്ങൾക്കും അവകാശലംഘനങ്ങൾക്കുമെതിരെ കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കർഷകരക്ഷാ നസ്രാണി മുന്നേറ്റ ലോങ് മാർച്ചും അവകാശപ്രഖ്യാപന റാലിക്കും ശേഷം എസ്.ബി. കോളജ് അങ്കണത്തിൽ നടന്ന മഹാസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച്ബിഷപ്.

അതിജീവനത്തിനായി ക്ലേശിക്കുമ്പോൾ അടിസ്ഥാനപ്രശ്നങ്ങളെ അവഗണിച്ചാൽ ഉയിർത്തെഴുന്നേൽക്കാൻ കഴിവുള്ളവനാണ് ക്രിസ്ത്യാനിയെന്നുള്ളതിന് തെളിവാണ് ഈ നസ്രാണി മുന്നേറ്റ സംഗമമെന്നും ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു. കേവലം സങ്കുചിതമായ കാര്യങ്ങൾക്കു വേണ്ടിയല്ല മറിച്ച് പൊതുസമൂഹത്തെ ബാധിക്കുന്ന വിഷയങ്ങൾക്കു വേണ്ടിയാണ് ക്രൈസ്തവ സമൂഹം പ്രതികരിക്കുന്നതെന്നും മാർ തോമസ് തറയിൽ ചൂണ്ടിക്കാട്ടി. തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ കണ്ട് വോട്ട് ചെയ്യുന്ന മണ്ടന്മാരല്ല, വിദ്യാഭ്യാസവും അറിവുമുള്ളവരാണ് ക്രൈസ്തവ സമുദായമെന്നും ഒരുമിച്ചുകൂടേണ്ട സാഹചര്യമുണ്ടായാൽ അതുണ്ടാകുമെന്നും ആർച്ച്ബിഷപ് മുന്നറിയിപ്പ് നല്കി.

അന്തസ്സായി സ്വന്തം നാട്ടിൽ ജീവിക്കാനാഗ്രഹിക്കുന്ന ജനം പ്രവാസികളായി ജീവിക്കേണ്ടി വരുന്നതും നമ്മുടെ മിടുക്കന്മാരായ യുവാക്കൾ ശമ്പളത്തിനായി വിദേശികളുടെ മുൻപിൽ കൈനീട്ടേണ്ടിവരുന്നതും യുവാക്കൾക്ക് പ്രത്യാശ നല്കുന്ന അവസ്ഥ കേരളത്തിൽ ഇല്ലാത്തതുകൊണ്ടാണ്. ഈ സാഹചര്യത്തിലാണ് കുട്ടനാട്ടിലെയും മലനാട്ടിലെയും കർഷകരുടെ രക്ഷയ്ക്കായി നാം മുന്നിട്ടിറങ്ങേണ്ടതിന്റെ ആവശ്യകത ഉയരുന്നത്.

നെല്ലിന് നാല്പതുരൂപ താങ്ങുവില നല്കണമെന്ന ആവശ്യം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഗൗനിച്ചിട്ടില്ല. കുട്ടനാട് പോലെയുള്ള മനോഹരമായ പ്രദേശത്തെ തകർത്തതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഭരണാധികാരികൾക്ക് മാറിനില്ക്കാനാവില്ല. കേരളവും കേന്ദ്രവും പരസ്പരം പഴിചാരി പ്രവർത്തിക്കുമ്പോൾ നമ്മൾക്ക് എങ്ങനെ മാറിനിൽക്കാൻ സാധിക്കും. കുട്ടനാടിനെ കുട്ടനാടാക്കി മാറ്റിയത് കേരളത്തിലെ നസ്രാണി സമൂഹമാണ്. അവിടെ അഭിമാനപൂർവം ജീവിച്ച വലിയ ഒരു ജനസമൂഹം ഇന്ന് അതീവപ്രതിസന്ധി നേരിടുകയാണ് ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ വൈകരുതെന്നും ദളിത് ക്രൈസ്തവരോടുള്ള നീതിനിഷേധം അവസാനിപ്പിക്കണമെന്നും ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു.

എയ്ഡഡ് സ്കൂളുകളോട് സർക്കാർ കാട്ടുന്ന നിഷേധാത്മക നിലപാടുകൾ എതിർക്കപ്പെടേണ്ടതാണെന്നും ഭിന്നശേഷി നിയമനത്തിന്റെ പേരിൽ ആയിരക്കണക്കിനു നിയമനങ്ങൾ തടഞ്ഞുവെച്ചിരിക്കുന്നത് ശരിയല്ലെന്നും ആർച്ച്ബിഷപ് അഭിപ്രായപ്പെട്ടു.





ചങ്ങനാശേരിയിൽ നടന്ന കർഷകരക്ഷാ നസ്രാണിമുന്നേറ്റ അവകാശപ്രഖ്യാപന സമ്മേളനം ആർച്ച്ബിഷപ് മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്യുന്നു. ഡോ. സാജു കണ്ണന്തറ, തോമസുകുട്ടി കോലേട്ട്, ഡോ. ജോസുകുട്ടി ഒഴുകയിൽ ഫാ. ഫിലിപ്പ് കവിയിൽ, ഫാ. സെബാസ്റ്റ്യൻ ചാമക്കാല തുടങ്ങിയവർ സമീപം.

## യുവതിയുടെ പരാതിയിൽ സിദ്ദിഖിനെതിരെ തെളിവുണ്ടെന്ന് പോലീസ്

തിരുവനന്തപുരം: യുവനടിയെ ബലാത്സംഗം ചെയ്തെന്ന കേസിൽ നടൻ സിദ്ധിഖ് കുറ്റക്കാരനെന്ന് പോലീസ്. സിനിമാ ചർച്ചയ്ക്കെന്ന പേരിൽ തിരുവനന്തപുരത്തെ മാസ്കറ്റ് ഹോട്ടലിലേക്കു യുവതിയെ വിളിച്ചുവരുത്തിയത് ദുരുദ്ദേശ്യത്തോടെയെന്നു കുറ്റപത്രത്തിൽ പറയുന്നതായാണ് സൂചന. ഹോട്ടലിലേക്ക് യുവതിയെ വിളിച്ചുവരുത്തിയ സിദ്ദിഖ് അവിടെവെച്ച് അവരെ ബലാത്സംഗം ചെയ്തുവെന്നു നേരത്തെ കോടതിക്കു സമർപ്പിച്ച റിപ്പോർട്ടിൽ പോലീസ് പറഞ്ഞതു തന്നെയാണ് കുറ്റപത്രത്തിലുമുള്ളത്.

ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവരുന്നതിനു മുൻപുതന്നെ നടി പീഡനം വെളിപ്പെടുത്തിയതിനു സാക്ഷികളുണ്ടെന്നും പ്രത്യേക അന്വേഷണസംഘം വ്യക്തമാക്കി. സംഭവം പുറത്തു പറയുമെന്നു നടി പറഞ്ഞപ്പോൾ ഒരു പ്രൊഫൈലും ഇല്ലാത്തതിനാൽ അവരെ ആരും വിശ്വസിക്കില്ലെന്നും താനുമായി താരതമ്യപ്പെടുത്തുമ്പോൾ അവരുടെ നില പൂജ്യമാണെന്നും പറഞ്ഞ് സിദ്ദിഖ് ഭീഷണിപ്പെടുത്തിയെന്നും പോലീസ് ചൂണ്ടിക്കാട്ടിയിരുന്നു. ക്രൈംബ്രാഞ്ച് മേധാവിയുടെ അനുമതി ലഭിച്ചാലുടൻ കുറ്റപത്രം കോടതിയിൽ സമർപ്പിക്കും.

താരസംഘടനയായ അമ്മയുടെ ജനറൽ സെക്രട്ടറി സ്ഥാനത്തു നിന്നുള്ള സിദ്ദിഖിന്റെ രാജിക്കു കാരണമായ പീഡനപരാതി ശരിയെന്ന് ഉറപ്പിക്കുക



യാണ് പ്രത്യേക അന്വേഷണസംഘം. 2016 ജനുവരി 28-ന് ആയിരുന്നു പീഡനമെന്നാണ് പരാതി. 'സുഖമായിരിക്കട്ടെ' എന്ന സിനിമയുടെ പ്രിവ്യൂവിനു എത്തിയ നടിയെ സിദ്ദിഖ് ഹോട്ടലിലേക്ക് ക്ഷണിക്കുകയായിരുന്നു. പ്രിവ്യൂ കാണാൻ നടിയെയും കുടുംബത്തെയും സിദ്ദിഖ് ക്ഷണിച്ചതിനും നടി ഹോട്ടലിൽ എത്തിയതിനും സിദ്ദിഖ് അന്ന് അവിടെ താമസിച്ചതിനും സാക്ഷിമൊഴികളും ഡിജിറ്റൽ തെളിവുകളുമുണ്ടെന്നും കുറ്റപത്രത്തിൽ പറയുന്നു.

എട്ടു വർഷത്തിനു ശേഷമാണ് പരാതി എന്നായിരുന്നു ആരോപണം നിഷേധിക്കാൻ സിദ്ദിഖിന്റെ പ്രധാനമായ വാദം. യുവതി സമാന ആരോപണം ഉന്നയിച്ച ഫെയ്സ്ബുക്ക് പോസ്റ്റുകളിലൊന്നും തന്റെ പേരില്ലെന്നും വാദിച്ചിരുന്നു. പീഡനത്തിനു പിന്നാലെ യുവതി കൊച്ചിയിൽ ചികിത്സ തേടി. ഡോക്ടറോട് അന്നുതന്നെ പീഡനവിവരം വെളിപ്പെടുത്തിയെന്നും ഡോക്ടർ മൊഴി നല്കിയെന്നും അന്വേഷണസംഘം വിശദീകരിച്ചു. ഹേമ കമ്മിറ്റി റിപ്പോർട്ടിനു പിന്നാലെയെടുത്ത കേസുകളിൽ ശക്തമായ തെളിവുകളുള്ള കേസെന്ന വിശ്വാസത്തോടെയാണ് പ്രത്യേക സംഘം അന്വേഷണം പൂർത്തിയാക്കിയത്. സുപ്രീംകോടതിയുടെ മുൻകൂർ ജാമ്യമുള്ളതിനാൽ നേരത്തെ പോലീസിനു മുന്നിൽ ഹാജരായ സിദ്ധിഖിനെ അറസ്റ്റ് ചെയ്ത് ഉപാധികളോടെ ജാമ്യത്തിൽ വിട്ടിരുന്നു.

## സിനിമാ ടിക്കറ്റിന് സെസ് പിരിക്കാം

കൊച്ചി: സിനിമാ ടിക്കറ്റുകളിൽ മൂന്നു രൂപ വിനോദനികുതി സെസ് പിരിക്കാനുള്ള തദ്ദേശ സ്ഥാപനങ്ങളുടെ അവകാശം ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ശരിവെച്ചു. ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് എസ്. മനു എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിന്റേതാണ് ഉത്തരവ്. സെസ് പിരിക്കുന്നത് കേരള ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷനെ ബാധിക്കില്ലെന്നും സിനിമ കാണാനായി ടിക്കറ്റെടുക്കുന്നവരിൽ നിന്ന് തിയേറ്ററുകൾ സെസ് പിരിച്ചു കൊടുക്കുക മാത്രമാണ് ചെയ്യുന്നതെന്നും കോടതി വിലയിരുത്തി.

സെസ് പിരിക്കുന്നത് അംഗീകരിച്ച സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ കേരള ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷനും പി.വി. ബഷീറും നല്കിയ അപ്പീൽ ഡിവിഷൻ ബെഞ്ച് തള്ളി. സെസ് പിരിക്കുന്നത് സംസ്ഥാന സാംസ്കാരിക പ്രവർത്തന ക്ഷേമനിധിക്കു വേണ്ടിയാണെന്നും കോടതി കണക്കിലെടുത്തു. 2010-ലെ കേരള കൾച്ചറൽ ആക്ടിവിസ്റ്റ് വെൽഫെയർ ഫണ്ട് ആക്ട് പ്രകാരം സെസ് പിരിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അംഗീകാരമുണ്ടെന്നും കോടതി പറഞ്ഞു.

## ഇന്ത്യയിൽ ഏറ്റവും ഉയർന്ന ചൂട് പാലക്കാട്ട്

പാലക്കാട്: പാലക്കാട്ട് 15-ന് പകൽ രേഖപ്പെടുത്തിയത് 38 ഡിഗ്രി ചൂട്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ഔദ്യോഗിക രേഖപ്രകാരം ഇന്ത്യയിലെ ഏറ്റവും ഉയർന്ന താപനിലയാണിത്. കൊടുംചൂടിൽ ഉരുകുകയാണ് പാലക്കാട്.

മൂന്നു വർഷമായി ജില്ലയിൽ ഇതേ രീതിയാണ് കണ്ടുവരുന്നതെന്ന് മുണ്ടൂർ ഐആർടിസി സീനിയർ സയന്റിസ്റ്റും എനർജി ഡിവിഷൻ മേധാവിയുമായ ഡോ. എം.എസ്. ശ്രീജിത്ത് പറഞ്ഞു. 2024 ഫെബ്രുവരി അവസാനം ചൂട് 39.5 ഡിഗ്രി സെൽഷ്യസിലെത്തിയിരുന്നു. പാലക്കാട് ചുരത്തിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകത കടുത്ത ചൂട് കൂടുന്നതിന് ഇടയാക്കുന്നുണ്ട്. ജില്ലയിൽ ചൂട് ക്രമമായി ഉയർന്ന് മാർച്ച് പകുതിക്കുശേഷം 41 ഡിഗ്രിവരെയോ അതിനു മുകളിലേക്കോ എത്താൻ സാധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## പതിനേഴ് വർഷത്തിനുശേഷം ബിഎസ്എൻഎൽ ലാഭത്തിലായി

പത്തനംതിട്ട: ബിഎസ്എൻഎൽ 17 വർഷത്തിനുശേഷം ആദ്യമായി ലാഭത്തിലെത്തി. ലാഭത്തിൽ 80 കോടിയും കേരള സർക്കിളിലാണ്. കഴിഞ്ഞ സാമ്പത്തികവർഷവും കേരള സർക്കിൾ ലാഭത്തിലായിരുന്നു.

2023-24 സാമ്പത്തിക വർഷം തന്നെ കേരളസർക്കിൾ ലാഭത്തിലായിരുന്നു. നടപ്പുവർഷത്തെ മൂന്നു പാദങ്ങളിലെയും കണക്കുകൾ നോക്കുമ്പോൾ കേരളം 114 കോടി രൂപയുടെ ലാഭമുണ്ടാക്കി. ഇത് ഇന്ത്യയിലെ മികച്ച നേട്ടമുണ്ടാക്കിയ സർക്കിളാക്കി കേരളത്തെ മാറ്റി.

2007-ലാണ് ദേശീയതലത്തിൽ കമ്പനി അവസാനം ലാഭത്തിലായിരുന്നത്. ശേഷം നഷ്ടത്തിലേക്ക് നീങ്ങി. 2020-21 വരെ നഷ്ടത്തിലായിരുന്ന കമ്പനിയുടെ ദുഃസ്ഥിതി മാറ്റിയത്, ജീവനക്കാരുടെ എണ്ണം പകുതിയായി കുറച്ചതും ഫൈബർരംഗത്തെ വിപ്ലവമായ എഫ്ടിടിഎച്ചുമാണ്.

കേന്ദ്രസർക്കാർ പ്രഖ്യാപിച്ച മൂന്ന് പുനരുജ്ജീവന പാക്കേജുകൾ ഇവ നടപ്പാക്കാൻ സഹായിച്ചു. ഇപ്പോഴുണ്ടായ ലാഭത്തിൽ പ്രധാനഘടകമായത് ബിഎസ്എൻഎലിന്റെ അതിവേഗ ഇന്റർനെറ്റ് സേവനമായ എഫ്ടിടിഎച്ച് ആണ്.

രണ്ടാംപാദത്തിലെക്കാൾ 18 ശതമാനം വരുമാന വർധന ഇതിലൂടെയുണ്ടായി. മറ്റ് സേവനദാതാക്കൾ താരിഫ് കൂട്ടിയപ്പോൾ അത് ചെയ്യാതിരുന്ന ബിഎസ്എൻഎലിലേക്ക് വരിക്കാരുടെ ഒഴുക്കുണ്ടായത് മൊബൈൽ വരുമാനവർധനയ്ക്കിടയാക്കി. 1.63 ലക്ഷം ജീവനക്കാരുണ്ടായിരുന്ന കമ്പനിയിൽ നിന്ന് 78,559 പേർ വിആർഎസ് വഴി വിരമിച്ചപ്പോൾ ശമ്പള ഇനത്തിലെ ലാഭം 60 ശതമാനമായിരുന്നു.

# ഹോസ്റ്റൽ പീഡനം; വിദ്യാർത്ഥികൾ റിമാൻഡിൽ



കോട്ടയം: കോട്ടയം ഗാന്ധിനഗറിലെ ഗവ. നേഴ്സിങ് കോളജിലെ പട്ടികവിഭാഗ ഹോസ്റ്റലിൽ ജനറൽ നേഴ്സിങ് ആദ്യവർഷ വിദ്യാർത്ഥികളെ മൃഗീയ പീഡനത്തിനിരയാക്കിയ സീനിയർ വിദ്യാർത്ഥികളായ വിവേക്, സാമുവൽ, റിജിൽ ജിത്ത്, രാഹുൽ രാജ്, ജീവ എന്നിവർ അഴിക്കുള്ളിലായി. സിപിഎം അനുകൂല സംഘടനയായ കേരള ഗവ. സ്റ്റുഡന്റ്സ് നേഴ്സസ് അസോസിയേഷൻ (കെജിഎസ്എൻഎ) സംസ്ഥാന സെക്രട്ടറിയാണ് മലപ്പുറം വണ്ടൂർ കരുമാറപ്പറ്റ കെ.പി. രാഹുൽ രാജ് (22). മറ്റുള്ളവർ അംഗങ്ങളും.

അവർ അഴിച്ചുവിട്ട പീഡനത്തിന്റെ ദൃശ്യങ്ങൾ കാണാനാകാതെ മലയാളി തരിച്ചിരുന്നു പോകുന്നു. 'മനുഷ്യർക്ക്' ഇങ്ങനെയൊക്കെ ചെയ്യാൻകഴിയുമോ. ലഹരി വാങ്ങാൻ ആഴ്ചപ്പടി പിരിവ്, അതു നൽകിയാലും ഇല്ലെങ്കിലും രാത്രി ഹോസ്റ്റൽ മുറിയിലേക്ക് അടിമകളെപ്പോലെയുള്ള നടത്തിക്കൽ, വിവസ്ത്രരാക്കൽ, കട്ടിലിൽ പിടിച്ചുകെട്ടിയിട്ട് വൺ, ടൂ, ത്രീ എന്നെണ്ണി കോമ്പസുകൊണ്ടും ഡിവൈഡർ കൊണ്ടും ദേഹം കുത്തിക്കീറൽ, കരയുമ്പോൾ വായിലും കണ്ണിലും ലോഷനൊഴിച്ചിട്ട് കണ്ണടച്ചോളൂ എന്ന നിർദേശം. മുറിവുകളിൽ ഫെവിക്കോൾ കോരിയൊഴിക്കൽ... രഹസ്യഭാഗങ്ങളിലെല്ലാം ഫെവിക്കോൾ കോരിയൊഴിച്ച് അടിവസ്ത്രവുമായി ഒട്ടിക്കൽ... ഇതും പോരാഞ്ഞ് ബ്ലേഡ് കൊണ്ടു വരച്ചിൽ...

വയറ്റിൽ പുഴുവിനെ വരച്ചുതരാമെന്നു പറഞ്ഞു വീണ്ടും കോമ്പസ്കൊണ്ടു വട്ടം വരയ്ക്കുന്നു. നോവേറ്റ് നഷ്ടപ്പെട്ട പാതിബോധത്തിൽ നിലവിളിക്കുമ്പോൾ പുറത്തുകേൾക്കാതിരിക്കാൻ ഉച്ചത്തിൽ പാട്ട്, നൃത്തം... എന്നിട്ടും അവരാഗ്രഹിച്ച ജീവിത 'ലഹരി' കിട്ടിയില്ലെന്നോ.

സിറിഞ്ചെടുക്കേണ്ട കയ്യിൽ കോമ്പസ്, കരുതലോടെ നെറുകയിൽ തലോടേണ്ട കൈകളിൽ ജിമ്മിലുപയോഗിക്കുന്ന ഡംബൽ, വേട്ടമൃഗത്തെക്കാൾ ക്രൗര്യത്തോടെ അവർ ആടിത്തിമിർത്ത രാത്രികൾ.

സേ, നോ ടു റാഗിങ്... എന്നെഴുതി ഒട്ടിച്ച ഭിത്തിക്ക് ഇപ്പുറത്ത് ഈ ക്രൂരത, അപ്പുറത്ത് സുഖമായുറങ്ങുന്ന അസിസ്റ്റന്റ് വാർഡൻ, കെയർ ടേക്കർ, മറ്റു ജീവനക്കാർ. മൂന്ന് മാസം നീണ്ടിട്ടും പുറംലോകമറിയാതെപോയ പീഡനമുറ. ഒടുവിൽ, ഇത്രകാലം നാവടക്കി നിർത്തിയ ഭീഷണിയും ഭയവും മറികടന്ന് ഇതു പുറത്തുപറയണമെങ്കിൽ, ആത്മവേദന എത്രമാത്രം അതിരുകടന്നിട്ടുണ്ടാകും?

പോലീസിനെ അത്ഭുതപ്പെടുത്തുന്നത് ഹോസ്റ്റൽ അന്തേവാസികളുടെ മൗനമാണ്. മൂന്നു മാസമായി പീഡനം പതിവായി നടന്ന രണ്ടു മുറികളിൽനിന്നു കരച്ചിൽ പുറത്തേക്കു വരുമായിരുന്നുവെങ്കിലും ഇതു കേട്ടതായി ഒരാളും പറയുന്നില്ല. മൂന്നാം നിലയിലാണു പീഡനം നടന്ന മുറി. അതിനോട് ചേർന്ന് അസിസ്റ്റന്റ് വാർഡന്റെയും മറ്റു വിദ്യാർത്ഥികളുടെയും മുറികളുണ്ട്. പക്ഷേ, ചെറിയൊരു ശബ്ദംപോലും ആരും കേട്ടില്ല! സംഭവത്തെക്കുറിച്ചു തുറന്നു പറയാനും ആർക്കും ധൈര്യമില്ല.

ഒന്നും കണ്ടിട്ടില്ല, ഒന്നുമറിയില്ല എന്നാണു പല വിദ്യാർത്ഥികളുടെയും മറുപടി. പീഡനത്തിനിരയായവർ മാത്രമാണ് മൊഴി നൽകാൻ തയാറായി രംഗത്തുവരുന്നത്. പരീക്ഷ നടക്കുന്നതിനാൽ കുട്ടികളെല്ലാം തിരക്കിലായിരുന്നു. പലതവണ ശ്രമിച്ചെങ്കിലും പോലീസിനു വിദ്യാർത്ഥികളുടെ മൊഴി എടുക്കാൻ അതിനാൽ സാധിച്ചില്ല. പരീക്ഷയ്ക്ക് ശേഷമാണ് മൊഴിയെടുക്കൽ ആരംഭിച്ചത്. അവധി കഴിഞ്ഞ് അടിയന്തരമായി തിരിച്ചെത്തിയ പ്രിൻസിപ്പൽ എ.ടി. സുലേഖയുടെ കാബിനിലേക്ക് എംഎസ്എഫ് ജില്ലാ പ്രസിഡണ്ട് ജുനൈദ് കൈതക്കുളവും ജില്ലാ ജനറൽ സെക്രട്ടറി അബ്ദുല്ല മുഹ്സിനും മറ്റു നേതാക്കളുമെത്തി. പ്രതികളെ കോളജിൽനിന്നു പുറത്താക്കണമെന്നു നിവേദനം നൽകി.

ആരെയും റാഗ് ചെയ്യില്ലെന്നും ചെയ്താൽ നിയമം അനുശാസിക്കുന്ന ശിക്ഷ ഏറ്റുവാങ്ങാമെന്നും രേഖപ്പെടുത്തിയ ബോണ്ടിൽ ഒപ്പുവെച്ച് പ്രവേശനം നേടിയവരാണ് റാഗിങ് കേസിൽ അറസ്റ്റിലായവർ. 2009-ലെ യുജിസി റാഗിങ് റഗുലേഷൻ അനുസരിച്ചുള്ളതാണ് ഈ ബോണ്ട്. സ്ത്രീധനം വാങ്ങില്ലെന്നും ഇവർ എഴുതിക്കൊടുത്തിട്ടുണ്ട്.

## ഡോ. ജോർജ് ജേക്കബ് അന്തരിച്ചു



കോട്ടയം: കോട്ടയം മെഡിക്കൽ കോളജ് കാർഡിയോളജി വിഭാഗം സ്ഥാപക മേധാവിയും പ്രമുഖ ഹൃദ്രോഗ ചികിത്സാവിദഗ്ധനുമായ കോട്ടയം ഗാന്ധിനഗർ പുള്ളോലിക്കൽ ഡോ. ജോർജ് ജേക്കബ് (94) അന്തരിച്ചു.

1964-ൽ ജനറൽ മെഡിസിൻ അസിസ്റ്റന്റ് പ്രഫസറായാണ് കോട്ടയം മെഡിക്കൽ കോളജിൽ സേവനം ആരംഭിച്ചത്. 1970-ൽ കാർഡിയോളജി വിഭാഗം ആരംഭിച്ചപ്പോൾ മേധാവിയും പ്രഫസറുമായി നേതൃത്വം ഏറ്റെടുത്തു. മെഡിക്കൽ കോളജിലെ ഹൃദ്രോഗ വിഭാഗത്തിന്റെ വളർച്ചയ്ക്ക് നിർണായക സംഭാവനകൾ നൽകി.

കൊൽക്കത്ത മെഡിക്കൽ കോളജിൽനിന്ന് എംബിബിഎസ് പൂർത്തിയാക്കിയ ഡോ. ജോർജ് ജേക്കബ് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിൽ റജിസ്ട്രാർ ഇൻ കാർഡിയോളജി ആൻഡ് ജനറൽ മെഡിസിൻ ആയിരുന്നു.

1960 മുതൽ 64 വരെ ഇംഗ്ലണ്ടിലെ ബ്രിസ്റ്റൽ യൂണിവേഴ്സിറ്റിയിൽ കാർഡിയോളജി വിഭാഗം റജിസ്ട്രാർ ആയിരുന്നു. 1986-ൽ കോട്ടയം മെഡിക്കൽ കോളജിൽനിന്നു വിരമിച്ച ശേഷം രണ്ടു പതിറ്റാണ്ടോളം കോട്ടയം കാരിത്താസ് ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേധാവിയായി പ്രവർത്തിച്ചു. പ്രമുഖരായ ഒട്ടേറെ ഡോക്ടർമാരുടെ അധ്യാപകൻ കൂടിയായ ഡോ. ജോർജ് ജേക്കബ് മധ്യകേരളത്തിലെ ആദ്യകാല ഹൃദ്രോഗ ചികിത്സാവിദഗ്ധരിൽ പ്രമുഖനാണ്.

ഭാര്യ: ഡോ. മേരി ജോർജ് കോട്ടയം മെഡിക്കൽ കോളജിലെ അനസ്തീസിയ വിഭാഗം മുൻ ഡയറക്ടറാണ്. കോട്ടയം വേളൂർ മണപ്പുറം കുടുംബാംഗം. മക്കൾ: ദീപ ജോർജ്, ഡോ. തോമസ് ജോർജ് (കൺസൾട്ടന്റ് കാർഡിയോളജിസ്റ്റ്, കാരിത്താസ് ആശുപത്രി), ഡോ. അനില ജോർജ് (കൺസൾട്ടന്റ് പീഡിയാട്രീഷ്യൻ, ബോസ്റ്റൺ, യുഎസ്). മരുമക്കൾ: കൊല്ലാട് മുല്ലശേരിൽ ജോർജ് പോൾ (ബിസിനസ്, ഡൽഹി), വടവുകോട് കാടായത്ത് സ്നേഹ തോമസ്, കോട്ടയം തിരുവാതുക്കൽ ഡോ. അജിത് തോമസ് (കൺസൾട്ടന്റ് ന്യൂറോസർജൻ, യുഎസ്).

## വോട്ടിങ് യന്ത്രത്തിലെ ഡേറ്റ നീക്കരുത്: സുപ്രീം കോടതി

ന്യൂഡൽഹി: ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളിൽ നിലവിലുള്ള ഒരു ഡേറ്റയും മായ്ക്കരുതെന്നും ഒരു ഡേറ്റയും കൂട്ടിച്ചേർക്കരുതെന്നും സുപ്രീം കോടതി. വോട്ടെണ്ണൽ കഴിഞ്ഞാലും മെഷീനുകളിലെ വിവരങ്ങൾ ഇല്ലാതാക്കരുതെന്ന് ആവശ്യപ്പെട്ടുള്ള ഹർജിയിലാണു നിർദേശം.

വോട്ടെണ്ണൽ പൂർത്തിയായതിനു ശേഷം ഇലക്ട്രോണിക് വോട്ടിങ് മെഷീനുകൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കണമെന്നും ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ നേതൃത്വത്തിലുള്ള ബെഞ്ച് തെരഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെട്ടു.

തെരഞ്ഞെടുപ്പിനു ശേഷം വോട്ടിങ് മെഷീന്റെ മെമ്മറിയും മൈക്രോ കൺട്രോളറും നശിപ്പിക്കുന്ന രീതിയെക്കുറിച്ചു കോടതിയെ അറിയിക്കണം. പരാജയപ്പെട്ട സ്ഥാനാർത്ഥി വ്യക്തത ആവശ്യപ്പെട്ടാൽ, ക്രമക്കേടു നടന്നിട്ടില്ലെന്നു ബോധ്യപ്പെടുത്താൻ എഞ്ചിനീയർക്കും കഴിയണം - കോടതി പറഞ്ഞു.

ഹരിയാനയിലെ അസോസിയേഷൻ ഓഫ് ഡമോക്രാറ്റിക് റിഫോംസും ഏതാനും കോൺഗ്രസ് നേതാക്കളുമാണു കോടതിയെ സമീപിച്ചത്. ഇവിഎം ഘടകങ്ങളുടെ നശിപ്പിച്ച മെമ്മറിയും മൈക്രോ കൺട്രോളറും പരിശോധിക്കുന്നതിന് ഒരു നയം രൂപീകരിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷന് നിർദേശം നൽകണമെന്നും ഹർജിക്കാർ ആവശ്യപ്പെടുന്നു. ഇവിഎമ്മിൽ കൃത്രിമം നടന്നിട്ടില്ലെന്ന് തെളിയിക്കാൻ ഇവിഎമ്മിന്റെ നശിപ്പിച്ച മെമ്മറിയും മൈക്രോ കൺട്രോളറും എഞ്ചിനീയർ പരിശോധിച്ച് ഉറപ്പ് വരുത്തണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അടുത്ത വാദം മാർച്ച് ആദ്യം കേൾക്കും.






# ഫാ. അബ്രാഹം മുത്തോലത്തിന് കെ.എസ്.എസ്.എസ് കാരുണ്യശ്രേഷ്ഠാ പുരസ്കാരം സമ്മാനിച്ചു

കോട്ടയം: കോട്ടയം അതിരൂപതയുടെ സാമൂഹിക സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 25-ാമത് ചൈതന്യ കാർഷിക മേളയോടും സ്വാശ്രയസംഘ മഹോത്സവത്തോടും അനുബന്ധിച്ച് ഏർപ്പെടുത്തിയ കാരുണ്യ ശ്രേഷ്ഠാ പുരസ്കാരം കെ.എസ്.എസ്.എസ് മുൻ ഡയറക്ടറും അമേരിക്കയിലെ ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കാത്തലിക് ചർച്ച് വികാരിയുമായ റവ. ഫാ. അബ്രാഹം മുത്തോലത്തിനു സമ്മാനിച്ചു.



കെ.എസ്.എസ്.എസ് സ്വാശ്രയ സംഘ പ്രവർത്തനങ്ങൾക്കും കാർഷിക മേളയ്ക്കും ഭിന്നശേഷിക്കാർക്കായുള്ള സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിക്കും തുടക്കം കുറിച്ചത് അബ്രാഹം മുത്തോലത്ത് അച്ചനാണ്. കൂടാതെ ഭിന്നശേഷിയുള്ള വ്യക്തികളുടെ സമഗ്ര ഉന്നമനത്തിനായി ചേർപ്പുങ്കലിൽ അഗാപ്പെ സെന്റർ ആരംഭിക്കുകയും കെ.എസ്.എസ്.എസ് സിബിആർ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് പകരുന്നതിനായി ചേർപ്പുങ്കലിലുള്ള തന്റെ പൈതൃക സ്വത്ത് നല്കുകയും കൂടാതെ ഗുഡ് സമരിറ്റൻ റിസോഴ്സ് സെന്ററും മുത്തോലത്ത് എസി ഓഡിറ്റോറിയവും ഇംപാക്ട് സെന്ററും പണികഴിപ്പിച്ച് നല്കിയതും മുത്തോലത്ത് അച്ചനാണ്.

കൂടാതെ ഇപ്പോഴും ചെറുതും വലുതുമായ പദ്ധതികളിലൂടെ കെ.എസ്.എസ്.എസ് സാമൂഹിക പ്രവർത്തന മേഖലയിൽ കർമ്മനിരതനാണ് മുത്തോലത്ത് അച്ചൻ. ഭിന്നശേഷിയുള്ളവരോടും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളോടും കരുണാർദ്ര സമീപനം തുടർന്നുപോരുന്ന മുത്തോലത്ത് അച്ചന്റെ സേവനങ്ങളെ മാനിച്ചുകൊണ്ടാണ് 25-ാമത് ചൈതന്യ കാർഷിക മേളയിൽ കെ.എസ്.എസ്.എസ് കാരുണ്യ ശ്രേഷ്ഠാ പുരസ്കാരം സമ്മാനിച്ചത്.

കാർഷിക മേളയുടെ സമാപന സമ്മേളനത്തിൽ കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ടും സഹകരണ തുറമുഖ ദേവസ്വം വകുപ്പുമന്ത്രി വി.എൻ. വാസവനും ചേർന്ന് പുരസ്കാരം സമ്മാനിച്ചു.





## സാങ്കേതികവിദ്യ തൊഴിൽ ഇല്ലാതാക്കില്ല: മോദി

പാരിസ്: സാങ്കേതികവിദ്യ മൂലം തൊഴിലുകൾ അപ്രത്യക്ഷമാകില്ലെന്നും അതിന്റെ പ്രകൃതം മാറുകയേ ഉള്ളുവെന്നും പുതിയ തരത്തിലുള്ള തൊഴിലുകൾ ഉണ്ടായിവരുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി എഐ ആക്ഷൻ സമ്മിറ്റിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.



പാരിസിൽ നടന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആക്ഷൻ ഉച്ചകോടിക്കിടെ ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവൽ മാക്രോയോടൊപ്പം പ്രധാനമന്ത്രി നരേന്ദ്ര മോദി.

ഈ നൂറ്റാണ്ടിലെ മനുഷ്യരാശിക്കായി കോഡ് എഴുതുകയാണ് നിർമിതബുദ്ധി (എഐ). സമൂഹത്തെയാകെ അതു മാറ്റുകയാണ്.

എഐയുടെ ശേഷി തീർത്തും വിസ്മയാവഹമാണെങ്കിലും ശ്രദ്ധാപൂർവം ചിന്തിക്കേണ്ട ഒട്ടേറെ പക്ഷപാതിത്വങ്ങളുണ്ട്. എഐയുടെ ഭാവിക്ക് ഹരിതോർജം പ്രധാനമാണ്. സാങ്കേതികവിദ്യയെ ജനാധിപത്യപരമാക്കണമെന്നും എഐയുടെ പ്രയോഗങ്ങൾ ജനകേന്ദ്രീകൃതമാകണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

അടുത്ത എഐ ഉച്ചകോടി ഇന്ത്യയിൽ നടത്താൻ അദ്ദേഹം സന്നദ്ധത അറിയിച്ചു. ഉച്ചകോടിയിൽ മോദിക്കൊപ്പം ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവൽ മക്രോയും അധ്യക്ഷത വഹിച്ചു.

## ഡോ. സിസ തോമസിന് പെൻഷനും കുടിശികയും നൽകാൻ ഉത്തരവ്

കൊച്ചി: സാങ്കേതിക സർവകലാശാലയുടെ വൈസ് ചാൻസലർ പദവി വഹിച്ചിരുന്ന ഡോ. സിസ തോമസിന് താത്കാലിക പെൻഷനും 2023 മുതലുള്ള കുടിശികയും രണ്ടാഴ്ചയ്ക്കകം നൽകാൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിട്ടു. സ്ഥിരം പെൻഷനും ബാക്കി സർവീസ് ആനുകൂല്യങ്ങളും ഇതുവരെ നൽകാത്തതിൽ സർക്കാരിനോടും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോടും ട്രൈബ്യൂണൽ വിശദീകരണം തേടി.



നിലവിൽ ഡിജിറ്റൽ സർവകലാശാലാ വിസിയാണ് സിസ തോമസ്. ഡോ. എം.എസ്. രാജശ്രീയെ അയോഗ്യയാക്കിയതിനു പിന്നാലെയാണ് ഗവർണർ കെടിയു വിസി സ്ഥാനത്തേക്ക് ഡോ. സിസയെ നിയമിച്ചത്. ഈ നിയമനം ചട്ടവിരുദ്ധമാണെന്നു ചൂണ്ടിക്കാട്ടി സിസ തോമസിനെതിരെ അച്ചടക്കനടപടി സ്വീകരിക്കാനും കാരണം കാണിക്കൽ നോട്ടീസ് നൽകാനും സർക്കാർ തീരുമാനിച്ചിരുന്നു. നവംബറിലാണ് സിസ തോമസ് കെടിയു വൈസ് ചാൻസലറുടെ താത്കാലിക ചുമതല ഏറ്റെടുത്തത്.

# മണിപ്പൂരിൽ രാഷ്ട്രപതിഭരണം പ്രഖ്യാപിച്ചു

ന്യൂഡൽഹി: മണിപ്പൂരിൽ രാഷ്ട്രപതിഭരണം പ്രഖ്യാപിച്ചു. ഫെബ്രുവരി 13-ന് വൈകുന്നേരം രാഷ്ട്രപതി ദ്രൗപദി മുർമുവാണു വിജ്ഞാപനം ഇറക്കിയത്. രാജിവെച്ച മുഖ്യമന്ത്രി എൻ. ബിരേൻ സിങ്ങിനു പകരക്കാരനെ കണ്ടെത്താൻ ബിജെപിക്കു സാധിക്കാത്ത സാഹചര്യത്തിലാണു രാഷ്ട്രപതിഭരണം പ്രഖ്യാപിച്ചത്.

പുതിയ മുഖ്യമന്ത്രിക്കായി അനേകവട്ടം ചർച്ച നടന്നെങ്കിലും സമവായത്തിലെത്താൻ കഴിഞ്ഞിരുന്നില്ല. ഗവർണർ അജയ് ഭല്ല ഇക്കാര്യം രാഷ്ട്രപതിയെ അറിയിച്ചു. തുടർന്നാണു രാഷ്ട്രപതിഭരണം ഏർപ്പെടുത്തിയത്. 2027 വരെ കാലാവധിയുള്ള മണിപ്പൂർ നിയമസഭ താത്കാലികമായി മരവിപ്പിച്ചതായി ആഭ്യന്തരമന്ത്രാലയം അറിയിച്ചു. ബിജെപിയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ ചുമതലയുള്ള സംബിത് പത്ര എംഎൽഎമാരുമായി നിരന്തരം ചർച്ച നടത്തിയെങ്കിലും സമവായമുണ്ടാക്കാനായില്ല. ഇതിനിടെ ഗവർണർ അജയ് ഭല്ലയുമായി രണ്ടു തവണ സംബിത് പത്ര കൂടിക്കാഴ്ച നടത്തിയിരുന്നു.

ഫെബ്രുവരി ഒൻപതിനാണ് ബിരേൻ സിങ് മുഖ്യമന്ത്രിസ്ഥാനം രാജിവെച്ചത്. 21 മാസമായി തുടരുന്ന മെയ്തെയ്-കുക്കി കലാപം കൈകാര്യം ചെയ്തതിലെ വൻ വീഴ്ചയെത്തുടർന്ന് ബിജെപി കേന്ദ്രനേതൃത്വം സിങ്ങിനെ കൈവെടിയുകയായിരുന്നു. പാർട്ടിയിലെ ഒരു വിഭാഗം എംഎൽഎമാരും സിങ്ങിനെതിരെ കടുത്ത നിലപാടെടുത്തു. കോൺഗ്രസ് അവിശ്വാസപ്രമേയത്തിനു നോട്ടീസ് നൽകിയതിനു പിന്നാലെ ബിരേൻ സിങ് രാജിവെച്ചു. നിയമസഭയുടെ ബജറ്റ് സമ്മേളനം ആരംഭിക്കാനിരിക്കെയായിരുന്നു രാജി.

ബിരേൻ സിങ്ങിന്റെ പിൻഗാമിയെ ച്ചൊല്ലി ബിജെപി എംഎൽഎമാർക്കിടയിൽ വലിയ ഭിന്നതയുണ്ട്. സ്പീക്കർ ടി.എസ്. സിങ്ങിനെ അനുകൂലിക്കുന്നവരും ബിരേൻ പക്ഷവും തമ്മിലാണ് ചരടുവലി നടന്നിരുന്നത്. അതേസമയം, സംസ്ഥാനത്ത് രാഷ്ട്രപതിഭരണം വേണമെന്നാണു ബിജെപിയിലെ കുക്കി വിഭാഗം എംഎൽഎമാർ ആവശ്യപ്പെട്ടിരുന്നത്.

1951-നുശേഷം പതിനൊന്നാം തവണയാണ് മണിപ്പൂർ രാഷ്ട്രപതി ഭരണത്തിലാകുന്നത്. ഇതിനുമുമ്പ് 2001-2002 കാലത്ത് 277 ദിവസം സംസ്ഥാനം രാഷ്ട്രപതിഭരണത്തിലായിരുന്നു. മണിപ്പൂരിൽ നിയമസഭാ സമ്മേളനം നടന്നിട്ട് 12-ന് ആറു മാസം പൂർത്തിയായിരുന്നു. 2024 ഓഗസ്റ്റ് 12-നാണ് ഇതിനുമുമ്പ് നടന്ന നിയമസഭാ സമ്മേളനം പൂർത്തിയായത്. ഭരണഘടനാ പ്രതിസന്ധി മറികടക്കാനാണു രാഷ്ട്രപതിഭരണം ഏർപ്പെടുത്തിയതെന്നാണു വിലയിരുത്തൽ. 20 മാസമായി കോൺഗ്രസ് ആവശ്യപ്പെടുന്ന കാര്യം സംഭവിച്ചു. "മണിപ്പൂരിൽ രാഷ്ട്രപതിഭരണം പ്രഖ്യാപിച്ചു"- മുതിർന്ന കോൺഗ്രസ് നേതാവ് ജയ്റാം രമേശ് എക്സിൽ കുറിച്ചു.

## മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു

കോട്ടയം: ഗാന്ധിനഗറിലെ ഗവ. നേഴ്സിങ് കോളജിൽ ഒന്നാംവർഷ നേഴ്സിങ് വിദ്യാർത്ഥികളെ സീനിയർ വിദ്യാർത്ഥികൾ റാഗ്ചെയ്ത സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്ത് അന്വേഷണത്തിന് ഉത്തരവിട്ടു. ജില്ലാ പോലീസ് മേധാവി പരാതിയെക്കുറിച്ച് അന്വേഷണം നടത്തി രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ടു. ഗവ. നേഴ്സിങ് കോളജ് പ്രിൻസിപ്പലും വിശദീകരണം സമർപ്പിക്കണം.

കോട്ടയത്ത് നടക്കുന്ന അടുത്ത സിറ്റിങ്ങിൽ കേസ് പരിഗണിക്കും. കമ്മീഷൻ സ്വമേധയാ രജിസ്റ്റർചെയ്ത കേസിലാണ് നടപടി.

## വ്യാജ ലഹരിമരുന്നു കേസ്: ഷീല ഹൈക്കോടതിയെ സമീപിക്കും

കൊച്ചി: വ്യാജ ലഹരിമരുന്നു കേസിൽ കുടുക്കിയതിന്റെ പേരിൽ 72 ദിവസം ജയിലിൽ നഷ്ടപ്പെടുത്തേണ്ടി വന്ന ചാലക്കുടിയിലെ ഷീലാ സണ്ണി എന്ന ബ്യൂട്ടിപാർലർ ഉടമ സർക്കാരിൽനിന്നു നഷ്ടപരിഹാരം തേടി ഹൈക്കോടതിയെ സമീപിക്കും.

താൻ അനുഭവിച്ചതു ഗുരുതര മനുഷ്യാവകാശ ലംഘനമാണെന്നും സർക്കാർ നഷ്ടപരിഹാരം നൽകണമെന്നുമാണു ഷീലയുടെ ആവശ്യം. വ്യാജ മയക്കുമരുന്നാണെന്നു വ്യക്തമായിട്ടും അതു മറച്ചുവെച്ചു സംസ്ഥാന എക്സൈസ് കേസെടുത്തു 72 ദിവസം ജയിലിൽ കിടത്തിയതു മനുഷ്യാവകാശ ലംഘനമാണെന്നാണു ഷീലയുടെ വാദം. സാമ്പത്തിക പ്രതിസന്ധിയും കടബാധ്യതകളും മറികടക്കാൻ ഇറ്റലിയിലേക്കു പോകാനിരിക്കേയാണു തനിക്കു ജയിലിലേക്കു പോകേണ്ടി വരുന്നത്. ജീവിതം വഴിമുട്ടിയ തനിക്കു മതിയായ നഷ്ടപരിഹാരം നൽകണമെന്നാണു ഷീലയുടെ റിട്ട് ഹർജിയിലെ ആവശ്യം. തനിക്കും കുടുംബത്തിനുമുണ്ടായ ദുരിതവും മാനഹാനിയും സമാനതയില്ലാത്തതാണ്. ഷീലയെ വ്യാജ എൽഎസ്ഡി കേസിൽ കുടുക്കിയ സംഭവത്തിലെ



പ്രതിയായ നാരായണദാസിന്റെ മുൻകൂർ ജാമ്യം ഈയിടെ സുപ്രീം കോടതി തള്ളിയിരുന്നു. ഷീല സണ്ണിയുടെ വാഹനത്തിൽ ലഹരി മരുന്നുവെച്ചശേഷം അക്കാര്യം എക്സൈസ് ഉദ്യോഗസ്ഥരെ അറിയിച്ചതു തൃപ്പൂണിത്തുറ സ്വദേശിയായ നാരായണദാസ് ആണെന്നാണു ക്രൈംബ്രാഞ്ച് അന്വേഷണ സംഘം കണ്ടെത്തിയത്. ഷീല സണ്ണിയുടെ മകന്റെ ഭാര്യയുടെ സഹോദരിയായ ബംഗ്ളൂരുവിലെ വിദ്യാർത്ഥിനി ലിവിയ ജോസിന്റെ സുഹൃത്തായിരുന്നു നാരായണ ദാസ്. ലിവിയ ആവശ്യപ്പെട്ട പ്രകാരമാണു വ്യാജ എൽഎസ്ഡി സ്റ്റാമ്പ് ഷീല സണ്ണിയുടെ ബാഗിൽവെച്ച ശേഷം നാരായണ ദാസ് വിവരം എക്സൈസിനു നൽകിയത്.

### വന്യമൃഗ ആക്രമണം:

## ഡ്രോൺ നിരീക്ഷണം ഏർപ്പെടുത്തും

തിരുവനന്തപുരം: വന്യമൃഗ ആക്രമണം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വനാതിർത്തി പ്രദേശങ്ങളിൽ ഡ്രോൺ നിരീക്ഷണം ഏർപ്പെടുത്താൻ വനംവകുപ്പ് നടപടി. ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി. കൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന ഉദ്യോഗതല യോഗത്തിലാണ് തീരുമാനം.

ഡ്രോൺ ഓപ്പറേറ്റിംഗ് ഏജൻസികളുമായി കരാറിൽ ഏർപ്പെടാനുള്ള നടപടി തുടങ്ങും. വന്യജീവി ആക്രമണം കൂടുതലുള്ള ഹോട്ട്സ്പോട്ടുകളിലായിരിക്കും പ്രധാനമായി ഡ്രോൺ നിരീക്ഷണം. വന്യമൃഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥയെ ശല്യപ്പെടുത്താതെയായിരിക്കും നിരീക്ഷണമെന്ന് പ്രമോദ് ജി. കൃഷ്ണൻ പറഞ്ഞു.

കേരളത്തിലെ എല്ലാ ഡിവിഷനുകളിലെയും ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാരപാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിക്കാൻ കൂടുതൽ കാമറകൾ വാങ്ങാനുള്ള നടപടി തുടങ്ങും.

തദ്ദേശ ഗോത്രവിഭാഗങ്ങളുടെ കാട് അറിവിനെ ഉപയോഗപ്പെടുത്താൻ വനംമന്ത്രി എ.കെ. ശശീന്ദ്രന്റെ അധ്യക്ഷതയിൽ ആദിവാസി വിഭാഗങ്ങളുമായി ചർച്ച സംഘടിപ്പിക്കും. ആദിവാസികളുടെ അറിവിനെ ഉപയോഗപ്പെടുത്തുകയും വനംവകുപ്പിന്റെനിർദ്ദേശങ്ങൾ ഫലപ്രദമായി ആദിവാസികളിൽ എത്തിക്കുകയുമാണ് ലക്ഷ്യം. കേരളത്തിലെ 36 ഗോത്രസമൂഹങ്ങളെ ഇതിന്റെ ഭാഗമാക്കും. ആദ്യയോഗം മാർച്ച് ഒന്നിന് വയനാട് കുറുവ ദ്വീപിൽ സംഘടിപ്പിക്കും. ബയോഡൈവേഴ്സിറ്റി ബോർഡ്, പട്ടികവർഗ വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനവും ഉദ്യമത്തിൽ ഉപയോഗപ്പെടുത്തും.

## കേരളാ എക്സ്പ്രസ് വാരാന്ത്യം

**കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.**

**കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.**

**രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.**

**രചനകൾ അയയ്ക്കേണ്ട വിലാസം:**

**news@keralaexpress.com**







# KCS YUVAJANAVEDHI INAUGURATION MARKS A GRAND BEGINNING



The kick off and game night of Yuvajanavedhi, a sub-organization of the Knanaya Catholic Society (KCS), was held on February 9, 2025, at the KCS Center and proved to be a grand success. Over 75 participants attended the event, marking a strong beginning for the group.

**Shaji Palliveettil**

Current Yuvajanavedhi leaders—President Blessy Thekkemyalil, Vice President Alen Meledathu, Secretary, Johny Aykara, Joint Secretary Krupa Kelachandra and Treasurer Jose Binu Paranjattu—demonstrated their dedication and enthusiasm in steering the organization with innovative programs and ideas for the next two years.

KCS President Jose Anamala, Vice President Matt Vilangattusseryil, and Treasurer Teena Thomas Neduvambuzha extended their full support for the initiative.

The meeting concluded with heartfelt gratitude expressed by Yuvajanavedhi Director Ann Thottichirayil.

# മഹത്വത്തിന്റെ മുദ്രകളുമായി ഹൃദയത്തിന്റെ കാവലാൾ – ഡോ. ജോർജ് ജേക്കബ്



പ്രൊഫ. ബാബു പൂഴിക്കുന്നേൽ

അരനൂറ്റാണ്ടോളം കോട്ടയം പൗരാവലിയുടെ ഹൃദയസ്പന്ദനങ്ങൾ സ്പർശിച്ചറിഞ്ഞ ഡോ. ജോർജ് ജേക്കബ് ദിവംഗതനായി. കോട്ടയം മെഡിക്കൽ കോളജിലും കാരിത്താസ് ആശുപത്രിയിലും കാർഡിയോളജി വിഭാഗം തലവനെന്ന നിലയിൽ ശുശ്രൂഷകൾ ചെയ്ത ഡോ. ജോർജ് ജേക്കബ്, മധ്യതിരുവിതാംകൂറുകാർക്ക് സുപരിചിതനായിരുന്നു. കൃത്യനിഷ്ഠയോടെയുള്ള ജീവിതം, ശാന്തവും സൗമ്യവുമായ പെരുമാറ്റം, കുലീനത പ്രകാശിക്കുന്ന വ്യക്തിത്വം തുടങ്ങിയ മഹത്വത്തിന്റെ മുദ്രകളുമായി അദ്ദേഹം നമ്മോടൊപ്പം ജീവിച്ചു. ഏതാനും മണിക്കൂറുകൾ മാത്രം ദൈർഘ്യമുള്ള സമ്പർക്കത്തിന്റെ അനുഭവങ്ങളുള്ള ഈയുള്ളവനും ഡോ. ജോർജ് ജേക്കബിന്റെ വിയോഗം ഒട്ടേറെ നല്ല ഓർമ്മകൾക്ക് വഴിയൊരുക്കി.

2012 സെപ്റ്റംബർ. വൈകുന്നേരം കോളജു കഴിഞ്ഞ് ഞാൻ എത്തിയപ്പോൾ ഒരു ഫോൺ കോൾ. "ഹലോ ബാബു സാറല്ലേ?" "അതേ ആരാണ്?" "കാരിത്താസിൽ നിന്നും ഡോ. ജോർജ് ജേക്കബ് ആണ്." "സാർ" ഞാൻ അറിയാതെ എഴുന്നേറ്റുപോയി. "ബാബു സാറിനെ കാണാൻ എപ്പോഴാണ് സൗകര്യം. എനിക്കൊരു കാര്യം പറയാനുണ്ട്." ആശ്ചര്യചകിതനായി ഞാൻ പറഞ്ഞു. "സാർ... ഞാൻ അങ്ങോട്ടുവരാം." "വേണ്ട. ഞാനിപ്പോൾ ഗാന്ധിനഗറിലേക്ക് മടങ്ങുകയാണ് ഇപ്പോൾ വന്നാലോ?" "ശരി സാർ" ഞാൻ സമ്മതിച്ചു.



ഡോ. ജോർജ് ജേക്കബ്. കോട്ടയം മെഡിക്കൽ കോളജിലെ പ്രശസ്തനായ ഹൃദ്രോഗ വിദഗ്ധൻ. റിട്ടയർമെന്റിനുശേഷം കാരിത്താസ് ആശുപത്രിയിൽ ഹൃദ്രോഗ വിഭാഗം തലവനായി ശുശ്രൂഷ ചെയ്യുകയാണ്. തമ്മിൽ അടുത്ത പരിചയമില്ല. മകൾ ഡോക്ടർ ആതിര ആറു മാസക്കാലം കാരിത്താസിലെ കാർഡിയോളജി വിഭാഗത്തിൽ പരിശീലനം ചെയ്തിരുന്നുവെങ്കിലും ഞാൻ നേരിട്ട് ബന്ധപ്പെട്ടിരുന്നില്ല. ഹൃദ്രോഗ വിഭാഗത്തിലെ ഡോ. ജോണി മാത്യുവുമായിട്ടായിരുന്നു ഞങ്ങൾക്കു ബന്ധം. ഡോ. ജോണിയുടെ മകൾ ഡോ. ആൻ, ആതിരയുടെ സഹപാഠിയാണ്. ഉയരം കൂടിയ, കുലീനയായ ഡോ. ജോർജ് ജേക്കബ് സാർ കഴുത്തിൽ സ്റ്റെതസ്ക്കോപ്പുമിട്ട് അല്പം കുനിഞ്ഞ് കാരിത്താസിന്റെ ഇടനാഴികളിലൂടെ നടന്നു നീങ്ങുന്നത് അത്ഭുതാദരവുകളോടെ ഞങ്ങൾ നോക്കി നിന്നിട്ടേ ഉള്ളൂ. ആതിരയുടെ വിവാഹത്തിനും അവളുടെ ക്ഷണം സ്വീകരിച്ച് കൃത്യസമയത്ത് വേദിയിലെത്തി വധൂവരന്മാരെ അനുഗ്രഹിച്ച ഡോക്ടറെ ഞാൻ ഓർമ്മിക്കുന്നു.

പത്തു മിനിട്ട് കഴിയാറായപ്പോൾ ഡോക്ടറുടെ കാർ എന്റെ വീട്ടു മുറ്റത്ത് വന്നു നിന്നു. മുറ്റത്തിറങ്ങിയ ഞാൻ കൂപ്പു കൈകളോടെ ഡോക്ടറെ അകത്തേക്കാനയിച്ചു. വന്ദ്യവയോധികനായ ആ മനുഷ്യൻ കുനിഞ്ഞ് ഷൂസുകൾ ഊരാൻ ശ്രമിച്ചെങ്കിലും ഞാൻ അനുവദിച്ചില്ല "കാരിത്താസിലെ ഹൃദ്രോഗ വിഭാഗം വിപുലൂകരിക്കുകയാണ്. പുതിയ സംവിധാനങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്താൻ പോവുകയാണ്. അതു സംബന്ധിക്കുന്ന ഒരു പാംലെറ്റ് പ്രസിദ്ധീകരിക്കണം. ഇംഗ്ലീഷിൽ ഞാനതിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ബാബു സാർ അത് മലയാളത്തിൽ ഭംഗിയായി ശരിയാക്കിത്തരണം. ഇക്കാര്യത്തിൽ ബാബുസാർ മിടുക്കനാണെന്ന് എന്നോട് കുന്നശേരി പിതാവാണ് പറഞ്ഞത്." അദ്ദേഹം ഒരു ഫോൾഡർ എന്റെ നേർക്ക് നീട്ടി. "രണ്ടു ദിവസത്തിനുള്ളിൽ ശരിയാക്കി കാരിത്താസിൽ കൊണ്ടുവന്നുതന്നു കൊള്ളാം" ഞാൻ വിനയത്തോടെ പറഞ്ഞു. "വേണ്ട ഞാൻ ഇതുപോലെ മടങ്ങിപ്പോകുമ്പോൾ വന്നു വാങ്ങിക്കൊള്ളാം." ചായയോ കാപ്പിയോ കുടിക്കാനുള്ള ഞങ്ങളുടെ ക്ഷണം ജേക്കബ് സാർ നിരസിച്ചു. "ഞാൻ അങ്ങനെ ഒന്നും കുടിക്കാറില്ല." ജേക്കബ് സാർ സൗമ്യനായി പറഞ്ഞു. മൂന്നാം ദിവസം ഇതേ സമയത്ത് എന്റെ എളിയ ഭവനത്തിൽ ജേക്കബ് സാർ എത്തി. ഞാൻ എഴുതിയതെല്ലാം വായിച്ചു മനസിലാക്കി ഭേദഗതികൾ വരുത്തി നന്ദി പറഞ്ഞു തിരിച്ചുപോയി. മധ്യതിരുവിതാംകൂറിലെ പ്രശസ്തനായ ഭിഷഗ്വരനും വന്ദ്യവയോധികനുമായ ഡോ. ജോർജ് ജേക്കബ് എന്നെ ഒരു പാഠം പഠിപ്പിച്ചു. നീ മര്യാദയുള്ളവനാകുക; മഹത്വമുള്ളവനാകുക.



KERALA EXPRESS പ്രവാസി താളുകൾ

### മോദി–ട്രംപ് കൂടിക്കാഴ്ച:

# വ്യാപാരത്തിലും പ്രതിരോധ മേഖലയിലും കൂടുതൽ സഹകരണം



വൈറ്റ്ഹൗസിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ പ്രസിഡണ്ട് ഡോണൾഡ് ട്രംപ് ആലിംഗനം ചെയ്തു സ്വീകരിച്ചപ്പോൾ.

വാഷിംഗ്ടൺ ഡിസി: ഉഭയകക്ഷി വ്യാപാരത്തിലും പ്രതിരോധമേഖലയിലും കൂടുതൽ സഹകരണത്തിന് ഇന്ത്യയും അമേരിക്കയും ധാരണയായി. ഫെബ്രുവരി 14–ന് വൈറ്റ് ഹൗസിലെ ഓവൽ ഓഫീസിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപും നടത്തിയ കൂടിക്കാഴ്ചയിലാണു തീരുമാനം. വിദേശകാര്യമന്ത്രി എസ്. ജയശങ്കർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ എന്നിവരും മോദിക്കൊപ്പമുണ്ടായിരുന്നു.

2030–ഓടെ 500 ബില്യൺ ഡോളറിന്റെ ഉഭയകക്ഷി വ്യാപാരത്തിന് ധാരണയായി. അമേരിക്കയിൽനിന്ന് പെട്രോളിയം ഉത്പന്നങ്ങളും സൈനികോപകരണങ്ങളും ഇന്ത്യ വാങ്ങും. അഞ്ചാം തലമുറ എഫ്–35 യുദ്ധവിമാനങ്ങൾ അമേരിക്ക ഇന്ത്യക്കു നൽകും. ലോകത്തിലെ ഏറ്റവും മാരകവും അത്യാധുനികവുമായ യുദ്ധവിമാനമാണ് എഫ്–35. ശബ്ദത്തേക്കാൾ വേഗത്തിൽ സഞ്ചരിക്കാൻ കഴിയുന്ന സൂപ്പർ സോണിക് വിമാനമാണിത്. 80–110 ദശലക്ഷം ഡോളറാണ് ഒരു എഫ്–35 വിമാനത്തിന്റെ വിലയെന്നാണു റിപ്പോർട്ട്. ഓസ്ട്രേലിയ, ഇറ്റലി, നോർവേ എന്നീ രാജ്യങ്ങൾ അമേരിക്കയിൽനിന്ന് എഫ്–35 സ്വന്തമാക്കിയിട്ടുണ്ട്.

മുംബൈ ഭീകരാക്രമണത്തിന്റെ സൂത്രധാരൻ തഹാവൂർ റാണയെ ഇന്ത്യക്കു കൈമാറാനുള്ള നടപടിക്ക് അംഗീകാരം നൽകിയതായി ട്രംപ് അറിയിച്ചു. അക്രമിയായ മനുഷ്യനെ അമേരിക്ക ഇന്ത്യക്ക് കൈമാറുകയാണെന്ന് അദ്ദേഹം പറഞ്ഞു.

ഇസ്‌ലാമിക് തീവ്രവാദത്തിനെതിരെ ഒന്നിച്ചു പോരാടാനും ഇരുരാഷ്ട്രങ്ങളും ധാരണയിലെത്തിയതായും ട്രംപ് കൂട്ടിച്ചേർത്തു. നിലവിൽ ലോസ് ആഞ്ചലസിലെ അതീവസുരക്ഷാ ജയിലിലാണ് പാക്കിസ്ഥാൻ വംശജനായ റാണയെ പാർപ്പിച്ചിരിക്കുന്നത്.

ഉന്നത വിദ്യാഭ്യാസ മേഖലയിലും ഇരു രാജ്യങ്ങളും സഹകരണം വർധിപ്പിക്കും. കാർഷികോത്പന്നങ്ങളുടെ വ്യാപാരം വർധിപ്പിക്കാനും ഇരുരാജ്യങ്ങളും തമ്മിൽ ധാരണയായി. ഇന്ത്യയുമായി ചരിത്രത്തിലെ ഏറ്റവും വലിയ വ്യാപാര ഇടനാഴി ആരംഭിക്കുമെന്ന് ട്രംപ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. അതേസമയം, അമേരിക്കയ്ക്ക് തീരുവ ഏർപ്പെടുത്തുന്ന, രാജ്യങ്ങൾക്ക് തത്തുല്യ തീരുവ (റെസിപ്രോക്കൽ) ചുമത്തുമെന്ന പ്രഖ്യാപനത്തിൽ ഇളവ് വരുത്താൻ ട്രംപ് തയാറായില്ല. പ്രിയപ്പെട്ട സുഹൃത്തെന്ന് അഭിസംബോധന ചെയ്ത് ആലിംഗനം ചെയ്തായിരുന്നു മോദിയെ ട്രംപ് വൈറ്റ് ഹൗസിൽ സ്വീകരിച്ചത്. മോദി തന്റെ ഏറെനാളായുള്ള സുഹൃത്താണെന്ന് ട്രംപ് പറഞ്ഞു. 44 മിനിറ്റ് നീണ്ട സംയുക്ത വാർത്താസമ്മേളനത്തിൽ മോദിയെ ട്രംപ് പുകഴ്ത്തുകയും ചെയ്തു.

ഇന്ത്യയിൽ മോദി മികച്ച രീതിയിലാണ് ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നത്. എല്ലാവരും അദ്ദേഹത്തെക്കുറിച്ച് സംസാരിക്കുന്നു. അദ്ദേഹം വലിയ നേതാവാണെന്നും ട്രംപ് വാചാലനായി. നല്ല സുഹൃത്ത്, നല്ല മനുഷ്യൻ എന്നും മോദിയെ ട്രംപ് വിശേഷിപ്പിച്ചു.

ട്രംപുമായുള്ള കൂടിക്കാഴ്ചയ്ക്കു മുമ്പ് യുഎസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മൈക്ക് വാൾട്സ്, ഡയറക്ടർ ഓഫ് നാഷണൽ ഇന്റലിജൻസ് തുൾസി ഗബ്ബാർഡ്, ശതകോടീശ്വരൻ ഇലോൺ മസ്ക്, റിപ്പബ്ലിക്കൻ പാർട്ടി നേതാവ് വിവേക് രാമസ്വാമി എന്നിവരുമായി പ്രധാനമന്ത്രി മോദി കൂടിക്കാഴ്ച നടത്തിയിരുന്നു.

## സൗജന്യ വാഗ്ദാനങ്ങൾ ആളുകളെ കൂടുതൽ മടിയന്മാരാക്കും: സുപ്രീംകോടതി

ന്യൂഡൽഹി: സൗജന്യ വാഗ്ദാനങ്ങൾ പ്രഖ്യാപിക്കുന്ന രീതിക്കെതിരെ സുപ്രീംകോടതി. ഇത്തരത്തിൽ സർക്കാരുകൾ സൗജന്യങ്ങൾ വാഗ്ദാനം ചെയ്യുന്നതിലൂടെ ആളുകളെ ജോലിചെയ്യുന്നതിൽനിന്നും ഇന്ത്യയുടെ വികസനത്തിൽ പങ്കാളികളാകുന്നതിൽനിന്നും നിരുത്സാഹപ്പെടുത്തുമെന്ന് സുപ്രീംകോടതി അഭിപ്രായപ്പെട്ടു.

നഗരപ്രദേശങ്ങളിൽ ഭവനരഹിതരുടെ പാർപ്പിട അവകാശവുമായി ബന്ധപ്പെട്ട ഒരു കേസ് പരിഗണിക്കവെയാണു ജസ്റ്റിസുമാരായ ബി.ആർ. ഗവായ്, അഗസ്റ്റിൻ ജോർജ് മസിഹ് എന്നിവരടങ്ങിയ ബെഞ്ച് ഇത്തരമൊരു നിരീക്ഷണം നടത്തിയത്.

ദരിദ്രരോടുള്ള കരുതലിനെ അഭിനന്ദിച്ച കോടതി അത്തരക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തണമെന്നും ഇന്ത്യയുടെ വികസനത്തിനു സംഭാവന നൽകാൻ അനുവദിക്കുന്ന നടപടികൾ സ്വീകരിക്കാൻ സർക്കാരുകൾ തയാറാകണമെന്നും നിർദേശിച്ചു.

നഗരങ്ങളിലെ ഭവനരഹിതർക്ക് പാർപ്പിടം നൽകുന്നതുൾപ്പെടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്ന നഗര ദാരിദ്ര്യ നിർമാർജന ദൗത്യത്തിന് അന്തിമരൂപം നൽകുന്ന പ്രക്രിയയിലാണു കേന്ദ്രസർക്കാരെന്ന് അറ്റോർണി ജനറൽ ആർ. വെങ്കട്ടരമണി കോടതിയെ അറിയിച്ചു.

നഗര ദാരിദ്ര്യ ലഘൂകരണ ദൗത്യം എത്ര സമയത്തിനുള്ളിൽ പൂർത്തിയാകുമെന്ന് വ്യക്തമാക്കാൻ അറ്റോർണി ജനറലിനോട് കോടതി ആവശ്യപ്പെട്ടു. ആറാഴ്ചയ്ക്കുശേഷം കേസ് വീണ്ടും പരിഗണിക്കും.

തെരഞ്ഞെടുപ്പുകളിൽ സൗജന്യങ്ങൾ വാഗ്ദാനം ചെയ്യുന്നതിനെതിരെ സുപ്രീംകോടതി മുമ്പും രംഗത്തുവന്നിരുന്നു.

വോട്ടർമാരെ സ്വാധീനിക്കാൻ ഇതു കാരണമാകുമെന്നായിരുന്നു കോടതിയുടെ മുൻ നിരീക്ഷണം.

## സ്വകാര്യത സംരക്ഷിക്കപ്പെടേണ്ടത് നിയമപരമായ ബാധ്യത: ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

കൊച്ചി: സൈബർ യുഗത്തിൽ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സ്വകാര്യതയ്ക്കു പ്രാധാന്യമുണ്ടെന്നും സ്വകാര്യത സംരക്ഷിക്കപ്പെടേണ്ടതു നിയമപരമായ ബാധ്യതയാണെന്നും ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ. സൈബർ ലോകത്തെ ഭീഷണികളെക്കുറിച്ചും സൈബർ സുരക്ഷയെക്കുറിച്ചും സംഘടിപ്പിച്ച 'ബിസൈഡ്സ് 2025' കേരള സമ്മിറ്റിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

സൈബർ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി പൊതു–സ്വകാര്യ സഹകരണം അനിവാര്യമാണെന്നും ശക്തമായ പൊതുബോധവും ജാഗ്രതയും രൂപപ്പെടണമെന്നും എഡിജിപി മനോജ് ഏബ്രഹാം പറഞ്ഞു.

സൈബർ ഭീഷണി വ്യക്തികളെയും സ്ഥാപനങ്ങളെയും ഒരുപോലെ ബാധിക്കുന്നതായതിനാൽ കുറഞ്ഞ ചെലവിൽ സുരക്ഷാ സംവിധാനങ്ങൾ ലഭ്യമാക്കണമെന്നും പൊതു–സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

കേരളത്തിൽ ആദ്യത്തെയും രാജ്യാന്തരതലത്തിലെ 1075–ാമത്തെയും ബിസൈഡ്സ് സമ്മിറ്റാണ് നടന്നത്. 18 പ്രമുഖ സൈബർ സുരക്ഷാ കൂട്ടായ്മകളും പത്തിലേറെ സൈബർ സുരക്ഷാ പങ്കാളികളും മുന്നൂറോളം വ്യവസായ, അക്കാദമിക് പ്രഫഷണലുകളും പങ്കെടുത്തു.




FAMILY DENTAL


GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# മിസ്സൂറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് ഗീവർഗീസ് മാർ അപ്രേം പിതാവിനെ സന്ദർശിച്ചു

**ജോസ് കണിയാലി**

കോട്ടയം: കോട്ടയം അതിരൂപതാ സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം പിതാവിനെ മിസ്സൂറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് സന്ദർശിച്ചു. കല്ലിശ്ശേരി ക്നാനായ ബിഷപ്സ് ഹൗസിൽ നടന്ന കൂടിക്കാഴ്ചയിൽ പ്രയത്ന ഡയറക്ടറും സീനിയർ ഓക്യൂപേഷണൽ തെറാപ്പിസ്റ്റുമായ ഡോ. ജോസഫ് സണ്ണി കുന്നശ്ശേരിയും സന്നിഹിതനായിരുന്നു. ഗ്ലോബൽ കുന്നശ്ശേരി ഫോറത്തിന്റെ രക്ഷാധികാരിയാണ് ബിഷപ് അപ്രേം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി വ്യാപിച്ചു കിടക്കുന്ന കുന്നശ്ശേരി കുടുംബചരിത്രം (ഗ്ലോബൽ കുന്നശ്ശേരി) മനസ്സിലാക്കുവാനും യുവതലമുറയ്ക്ക് കുടുംബത്തെക്കുറിച്ച് കൂടുതൽ അറിയാനും പരസ്പരബന്ധം നിലനിർത്താനും എങ്ങനെ സഹായിക്കാമെന്ന് ചർച്ച ചെയ്തു.





കോട്ടയം അതിരൂപതയുടെ യുവജന സംഘടനയായ കെസിവൈഎൽ പ്രസ്ഥാനത്തിന് നേതൃത്വം നല്കിയ പലരും ഇന്ന് കേരളത്തിലും വിദേശ രാജ്യങ്ങളിലും പൊതുരംഗത്ത് ഉയർന്ന പദവികളിലെത്തുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് അപ്രേം പിതാവ് പറഞ്ഞു.

1995-1996 കാലഘട്ടത്തിൽ കെസിവൈഎൽ നോർത്ത് അമേരിക്കയുടെ നാഷണൽ പ്രസിഡണ്ടായിരുന്ന റോബിൻ ഇലക്കാട്ട് ഇന്ന് മിസ്സൂറി സിറ്റിയുടെ മേയറായി സേവനം ചെയ്യുന്നത് ഒരു ചെറിയ ഉദാഹരണം മാത്രമാണ്. കെസിവൈഎൽ സംഘടന യുവജനങ്ങളുടെ നേതൃത്വ പരിശീലനരംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ എക്കാലവും ഓർമ്മിക്കപ്പെടേണ്ടതാണ്. കൂടുതൽ ഉയർന്ന പദവികളിലെത്താൻ മേയർ റോബിൻ ഇലക്കാട്ടിന് കഴിയട്ടെയെന്ന് അപ്രേം പിതാവ് ആശംസിച്ചു.

ഈ വർഷം മെയ് മാസത്തിൽ അമേരിക്ക സന്ദർശിക്കുമ്പോൾ കൂടുതൽപ്പേരെ നേരിട്ടു കാണുവാൻ സാധിക്കുമെന്നതിൽ സന്തോഷമുണ്ടെന്ന് പിതാവ് കൂട്ടിച്ചേർത്തു.

ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി തന്റെ ഗവേഷണത്തിന്റെ ഭാഗമായി കുട്ടികളിൽ ഓട്ടിസത്തിന്റെ ലക്ഷണങ്ങൾ നേരത്തെ കണ്ടുപിടിക്കാൻ സഹായിക്കുന്ന ടൂൾ (ചോദ്യാവലി) കണ്ടുപിടിച്ചിട്ടുണ്ട്. അംഗൻവാടിയിലുള്ള ആൾക്കാർക്കുപോലും എളുപ്പത്തിൽ ഉപയോഗിക്കാൻ പറ്റുന്ന രീതിയിലാണ് ഇത് ഉണ്ടാക്കിയിരിക്കുന്നത്. ഇതിനെ കൂടുതലായി എങ്ങനെ വികസിപ്പിച്ചെടുക്കാമെന്നും എങ്ങനെ ഉപയോഗിക്കാമെന്നതിനെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

# വിദ്യാർത്ഥികൾക്ക് കൂട്ടുകൂടാൻ എഐ റോബോട്ട്

തൃശൂർ: മന്ദലാംകുന്ന് ജിഎഫ്യുപിസ്കൂളിൽ 2025 ഫെബ്രുവരി 11-ന് ഇന്റർനെറ്റ് സുരക്ഷാദിനം ആചരിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ അനന്തവും അഭിലഷണീയവുമായ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുവാൻ ഉപകരിക്കുന്ന റോബോട്ടാണ് സമർപ്പിച്ചത്. തൃശൂർ ക്രൈംബ്രാഞ്ച് ഡിവൈഎസ്പി ബിജോയ് പി.ആർ സിച്ചോൺ കർമ്മവും ഇന്റർനെറ്റിന്റെ ദുരുപയോഗം എന്ന വിഷയത്തെപ്പറ്റി ക്ലാസും എടുത്തു.

**അബ്ദുൾ പുന്നയൂർക്കുളം**

എക്കൊ ഇംഗ്ലീഷ്മേറ്റ് എന്ന റോബോട്ടിന്റെ പ്രധാന സ്പോൺസർ അബ്ദുൾ പുന്നയൂർക്കുളം മുഖ്യാതിഥിയായി. സ്കൂൾ പിടിഎ പ്രസിഡണ്ട് വി. സമീർ അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടനച്ചടങ്ങിൽ പ്രധാനാദ്ധ്യാപിക സുനിത ടീച്ചർ സ്വാഗതം പറഞ്ഞു. പുന്നയൂർ സഹകരണ ബാങ്ക് പ്രസിഡണ്ട് ഹസ്സൻ ആശംസകൾ നേർന്നു. സ്റ്റാഫ് സെക്രട്ടറി ഡോ. അനീസ് മാസ്റ്റർ നന്ദി പറഞ്ഞു. പിടിഎ, എസ്.എം.സി പ്രതിനിധികളായ ഷാമില നുസ്രത്, ഫാത്തിമ എന്നിവരും രക്ഷിതാക്കളും പങ്കെടുത്തു.





# ഫ്ളോറൽ പാർക്ക് സെ. ഗ്രിഗോറിയോസ് ഇടവകയിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ

ഉമ്മൻ കാപ്പിൽ

ഫ്ളോറൽ പാർക്ക്: നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന ഒരു സംഘം ഫെബ്രുവരി 9-ന് ഞായറാഴ്ച ഫ്ളോറൽ പാർക്ക് ചെറി ലെയ്നിലുള്ള സെന്റ് ഗ്രിഗോറിയോസ് പള്ളി സന്ദർശിച്ചു. വികാരി ഫാ. ഗ്രിഗറി വർഗീസ് കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾക്ക് സ്വാഗതം ആശംസിക്കുകയും ഭദ്രാസനത്തിന്റെ ഏറ്റവും വലിയ ആത്മീയ സമ്മേളനമായ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിനെ പിന്തുണയ്ക്കുകയും അതിൽ പങ്കെടുക്കാൻ എല്ലാവരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ജെയ്സൺ തോമസ് (ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് സെക്രട്ടറി), ജോൺ താമരവേലിൽ (ട്രഷറർ), ഡോ. സിനി മാത്യു (മെഡിക്കൽ), പ്രേംസി ജോൺ (ഫിനാൻസ്) ജോനാഥൻ മത്തായി (എന്റർടൈൻമെന്റ്), ഡോ. ഷെറിൻ ഏബ്രഹാം (സുവനീർ), ഫിയോണ ജോൺ (എന്റർടൈൻമെന്റ്), അജു ഏബ്രഹാം (ഫിനാൻസ്) തുടങ്ങിയവർ കോൺഫറൻസ് ടീമിൽ ഉണ്ടായിരുന്നു. ഇടവകയിൽ നിന്ന് കെൻസ് ആദായി (ഇടവക സെക്രട്ടറി), മാത്യു മാത്തൻ ആൻഡ് ബിജു മത്തായി (ട്രസ്റ്റിമാർ), എബി മാത്യു (ഭദ്രാസന അസംബ്ലി അംഗം), ഗീവർഗീസ് കെ. ഏബ്രഹാം ആൻഡ് തോമസ് ചാക്കോ (മലങ്കര അസോസിയേഷൻ പ്രതിനിധികൾ) എന്നിവരും വേദിയിൽ ഉണ്ടായിരുന്നു.

ജോൺ താമരവേലിൽ ടീം അംഗങ്ങളെ പരിചയപ്പെടുത്തി. കോൺഫറൻസിന്റെ തീയതി, സമയം, പ്രസംഗകർ തുടങ്ങിയ വിവരങ്ങൾ ജെയ്സൺ തോമസ് പങ്കുവെച്ചു. ജോൺ താമരവേലിൽ രജിസ്ട്രേഷൻ പ്രക്രിയയെക്കുറിച്ച് സംസാരിച്ചു.

കോൺഫറൻസിന്റെ സ്മരണയ്ക്കായി പ്രസിദ്ധീകരിക്കുന്ന സുവനീറിൽ ലേഖനങ്ങൾ, കവിതകൾ, പരസ്യങ്ങൾ, ആശംസകൾ തുടങ്ങിയവ ഉൾപ്പെടുത്താനുള്ള അവസരത്തെപ്പറ്റി അജു ഏബ്രഹാം വിശദീകരിച്ചു. സ്പോൺസർഷിപ്പ് അവസരങ്ങളെയും അതിന്റെ നേട്ടങ്ങളെയും കുറിച്ച് ജോനാഥൻ മത്തായി സംസാരിച്ചു.

കോൺഫറൻസിന്റെ രണ്ടാം ദിനത്തിൽ നടക്കുന്ന സ്പോർട്സ് ആൻഡ് ഗെയിംസ്, ടാലന്റ് നൈറ്റ് എന്നിവയിൽ പങ്കെടുക്കാൻ ഡോ. സിനി മാത്യു ഓർമ്മിപ്പിച്ചു. മുൻകാല കോൺഫറൻസുകളിൽ ലഭിച്ച സ്മരണകൾ ഷെറിനും ഫിയോണയും പങ്കുവെച്ചത് ഹൃദ്യമായി. ഓൺലൈൻ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വിശദമായ വിവരങ്ങൾ നല്കുന്ന കോൺഫറൻസ് വെബ്സൈറ്റിനെക്കുറിച്ച് ജെയ്സൺ തോമസ് സംസാരിച്ചു.






ഇടവകയെ പ്രതിനിധീകരിച്ച് ട്രസ്റ്റികൾ സുവനീറിനുള്ള സംഭാവന കൈമാറി. പ്രേംസി ജോൺ ഡയമണ്ട് ലെവൽ സ്പോൺസർഷിപ്പിലൂടെ പിന്തുണ വാഗ്ദാനം ചെയ്തു. ഫാ. ഗ്രിഗറി വർഗീസ്, ഗീവർഗീസ് മത്തായി, വർഗീസ് പോത്താനിക്കാട്, സന്തോഷ് മത്തായി എന്നിവർ കോൺഫറൻസിൽ പങ്കെടുക്കുന്നതിനായി രജിസ്ട്രേഷൻ ഫോമുകൾ സമർപ്പിച്ചു. ആത്മീയ ഉത്ഥാനത്തിനായി രജിസ്റ്റർ ചെയ്യാനും കോൺഫറൻസിൽ പങ്കെടുക്കാനും ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിച്ച് ഫാ. ഗ്രിഗറി വർഗീസ് കോൺഫറൻസ് ടീമിന്റെ ഉദ്യമങ്ങൾക്ക് ആശംസകൾ നേർന്നു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട്ട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്.

റവ.ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദികസംഘം ജനറൽ സെക്രട്ടറി), റവ.ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടർ), ഫാ. ജോൺ (ജോഷ്വ) വർഗീസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമിഡോ-നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യപ്രസംഗകർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെ നിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു' (ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pilgrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

രജിസ്ട്രേഷനും വിശദാംശങ്ങൾക്കും www.fycnead.org സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോ-ഓർഡിനേറ്റർ (ഫോൺ: 914 806 4595), ജെയ്സൺ തോമസ് കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917 612 8832), ജോൺ താമരവേലിൽ കോൺഫറൻസ് ട്രഷറർ (ഫോൺ: 917 533 3566) എന്നിവരുമായി ബന്ധപ്പെടുക.

# സെ. മേരീസ് ഇടവകയിൽ മൂന്നു നോമ്പാചരണവും പുറത്തു നമസ്കാരവും നടത്തി

അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ മൂന്നു നോമ്പാചരണവും പുറത്തുനമസ്കാരവും ഭക്തിനിർഭരമായി നടത്തപ്പെട്ടു. ഫെബ്രുവരി 10, 11, 12 തീയതികളിലായി ഭക്തിനിർഭരമായ തിരുക്കർമ്മങ്ങളോടെയാണ് മൂന്നു നോമ്പാചരണം സംഘടിപ്പിച്ചത്. ക്നാനായ സമൂഹത്തിന്റെ തലപ്പള്ളിയായ കടുത്തുരുത്തി വലിയ പള്ളിയിലെ മൂന്നു നോമ്പാചരണത്തെ ഓർമ്മപ്പെടുത്തുന്ന രീതിയിൽ മൂന്നു ദിവസങ്ങളിലും പരമ്പരാഗതമായ പ്രത്യേക പ്രാർത്ഥനകളും നേർച്ചകാഴ്ചകളും പ്രത്യേകം സജ്ജമാക്കിയ കുരിശിൻ ചുവട്ടിൽ എണ്ണയൊഴിച്ച് പ്രാർത്ഥിക്കുവാനുള്ള സൗകര്യവും മൂന്നു ദിവസങ്ങളിലും സജ്ജീകരിച്ചിരുന്നു. ബുധനാഴ്ച നടത്തപ്പെട്ട നോമ്പാചരണത്തിന്റെ സമാപനത്തിൽ ക്നാനായ റീജിയൺ ഡയറക്ടർ മോൺ. തോമസ് മുളവനാൽ മുഖ്യകാർമ്മികത്വം വഹിക്കുകയും സന്ദേശം നല്കുകയും ചെയ്തു. തുടർന്ന് കടുത്തുരുത്തി വലിയ പള്ളിയിലേതുപോലെ പരമ്പരാഗതവും ഭക്തിനിർഭരവുമായി നടത്തപ്പെട്ട പുറത്തു നമസ്കാരത്തിന് ഫാ. ബിബിൻ കണ്ടോത്ത് മുഖ്യകാർമ്മികത്വം വഹിച്ചു. കടുത്തുരുത്തി പള്ളിയിലെ മുത്തിയമ്മയുടെ തിരുസ്വരൂപം വഹിച്ചുകൊണ്ട് കുരിശടിയിലേക്ക് നടത്തപ്പെട്ട പ്രദക്ഷിണം ഭക്തിനിർഭരമായി.



ബിജു ആൻഡ് ലവ്ലി പാലകൻ, ടോം ആൻഡ് റീനു വഞ്ചിത്താനത്ത്, ജോയൽ ആൻഡ് സോളി ഇലക്കാട്ട്, സജി ആൻഡ് ബിനു ഇടകരയിൽ, സിറിൽ ആൻഡ് ഷേർളി കമ്പക്കാലുങ്കൽ, എബിൻ ആൻഡ് ആശ പ്ലാംപറമ്പിൽ, ഫിലിപ്പ് ആൻഡ് ചിന്നമ്മ ഞാറവേലിൽ, ബിജു ആൻഡ് ജീന കണ്ണച്ചാംപറമ്പിൽ, റയാൻ കട്ടപ്പുറം എന്നിവർ പ്രസുദേന്തിമാരായിരുന്നു. വികാരി ഫാ. സിജു മുടക്കോടിൽ, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കാച്ചൻ പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് സെക്രട്ടറി സിസ്റ്റർ



ഷാലോം, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം എന്നിവർ കടുത്തുരുത്തി ഇടവകയിൽ നിന്നുള്ളവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റിക്കാരോടൊപ്പം മൂന്നു നോമ്പാചരണത്തിനു നേതൃത്വം നല്കി.

KERALA EXPRESS പ്രവാസി താളുകൾ

# ഫൊക്കാന കേരള കൺവൻഷൻ ഓഗസ്റ്റ് 1, 2, 3 തീയതികളിൽ കുമരകത്ത്

ന്യൂയോർക്ക്: ഫൊക്കാന കേരള കൺവൻഷൻ ഓഗസ്റ്റ് 1, 2, 3 തീയതികളിൽ കോട്ടയത്തെ കുമരകത്തുള്ള ഗോകുലം ഗ്രാൻഡ് ഫൈവ് സ്റ്റാർ റിസോർട്ടിൽ നടത്തും. ഇത് ആദ്യമായാണ് ഫൊക്കാന കേരള കൺവൻഷൻ ഒരു ഫൈവ് സ്റ്റാർ റിസോർട്ടിൽ നടത്തുന്നതെന്ന് പ്രസിഡണ്ട് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

കുമരകം ഗോകുലം റിസോർട്ട് കേരളത്തിലെ തന്നെ ഫൈവ് സ്റ്റാർ നിലവാരമുള്ള ചുരുക്കം ചില റിസോർട്ടുകളിൽ ഒന്നാണ്. അടുത്തിടെ പണികഴിഞ്ഞ ഈ റിസോർട്ട് ലോകത്തിലെ തന്നെ ഏറ്റവും മുന്നിൽ നിൽക്കുന്ന റിസോർട്ടുകളിൽ ഒന്നുകൂടിയാണ്. ഓഗസ്റ്റ് ഒന്നും രണ്ടും തീയതികളിൽ റിസോർട്ടിൽ വെച്ചും മൂന്നാം ദിവസം മുന്നൂറിൽ അധികം ആളുകൾക്ക് ഇരിക്കാവുന്ന ബോട്ടിൽ വെച്ചുമാണ് കേരളാ കൺവൻഷൻ.

**ശ്രീകുമാർ ഉണ്ണിത്താൻ**

വേമ്പനാട്ട് കായലിനോട് ചേർന്നു കാഴ്ചകൾ കണ്ട് തലചായ്ക്കാൻ വശ്യസുന്ദരമായ ഒരിടമാണ് ഗോകുലം ഗ്രാൻഡ് റിസോർട്ട്. സമുദ്രനിരപ്പിനേക്കാൾ താഴ്ന്ന് സ്ഥിതി ചെയ്യുന്ന ഭാഗമായതിനാൽ കുമരകത്തെ കേരളത്തിന്റെ നെതർലന്റ്സ് എന്നാണ് അറിയപ്പെടുന്നത്. കുമരകത്തിന്റെ സഞ്ചാര ലോകത്തേക്ക് എത്തി തിരിച്ചു പോകുന്നവർക്ക് പറയാൻ നിരവധി നിരവധി കഥകളുണ്ടാകും. ആസ്വദിക്കാൻ പ്രകൃതി തന്നെയൊരുക്കുന്ന നിരവധി കാഴ്ചകളാണ് നമ്മളെ കുമരകത്ത് കാത്തിരിക്കുന്നത്.

കായൽ കാഴ്ചയും പ്രകൃതി, നാടൻ വിഭവങ്ങളും അടിപൊളി താമസവുമായി കുമരകത്തെ സഞ്ചാരികളുടെ ഇഷ്ട ഡെസ്റ്റിനേഷനുകളിൽ ഒന്നാണ് ഗോകുലം ഗ്രാൻഡ് റിസോർട്ട്. കായൽപ്പരപ്പിലൂടെ മതിയാവോളം കറങ്ങാനും പ്രകൃതിയുടെ പച്ചപ്പ് ആസ്വദിക്കുവാനും തനത് രുചിയറിയുവാനും വിദേശികളും സ്വദേശികളുമായ ആയിരക്കണക്കിന് യാത്രികരാണ് ഇവിടേക്ക് അന്തിയുറങ്ങാൻ എത്തിച്ചേരുന്നത്. റിസോർട്ട് രീതിയിലുള്ള താമസസൗകര്യവും തനി നാടൻ ഭക്ഷണശാലകളും ഉൾപ്പെടെ ഒരു സഞ്ചാരിക്ക് വേണ്ടതെല്ലാം ഒരുക്കുന്ന ഗോകുലം ഗ്രാൻഡ് റിസോർട്ട് സഞ്ചാരികളുടെ സ്വർഗഭൂമി എന്നുതന്നെ പറയാം.

വാട്ടർ ലഗൂൺ, സ്വിമ്മിങ് പൂൾ, ഇൻഡോർ/ഔട്ട്ഡോർ ഗെയിംസ്, ഈവനിംഗ് ക്രൂസ്, ബാമ്പു റാഫ്റ്റിങ്, ഫിഷിങ്, സ്പാ തുടങ്ങി നിരവധി എന്റർടൈൻമെന്റ് അടങ്ങിയതാണ് ഈ റിസോർട്ട്. കുമരകത്തേക്ക് വന്നുപോകുന്ന സഞ്ചാരികൾ പറയുന്ന ഒരു കാര്യമുണ്ട്: "ഭൂമിയിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അത് ഇവിടെയാണ്." അത്ര മനോഹരമാണ് കുമരകവും ഗോകുലം ഗ്രാൻഡ് റിസോർട്ടും. അതുകൊണ്ട് തന്നെയാണ് ഫൊക്കാന കേരളാ കൺവൻഷൻ കുമരകത്ത് നടത്താൻ തീരുമാനിച്ചത്. ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, അഡീ. ജോ. സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡീ. ജോ. ട്രഷറർ മില്ലി ഫിലിപ്പ്, ട്രസ്റ്റി ബോർഡ് മെമ്പർ തോമസ് തോമസ്, കോമളൻ പിള്ള തുടങ്ങി ഫൊക്കാനയുടെ ഒരു ടീം ഇവിടം സന്ദർശിക്കുകയും അവരും എക്സിക്യൂട്ടീവ് കമ്മിറ്റിയും ഒരേ സ്വരത്തിൽ ഇവിടം മതിയെന്നു തീരുമാനിക്കുകയുമായിരുന്നു.

സമഗ്രമായ അവധിക്കാല അനുഭവങ്ങൾ നല്കുക എന്ന ലക്ഷ്യത്തോടെ ആധുനിക കാലത്ത് റിസോർട്ടുകൾ വിശാലമായ വിനോദസഞ്ചാരം വാഗ്ദാനം ചെയ്യാനുള്ള കഴിവാണ് റിസോർട്ടുകളെ പ്രിയങ്കരമാക്കുന്നത്. വൈവിധ്യമാർന്ന സഞ്ചാരികളുടെ ആരോഗ്യത്തിനും വിശ്രമത്തിനും ഊന്നൽ നല്കി പ്രവർത്തിക്കുന്ന ഗോകുലം ഗ്രാൻഡ് റിസോർട്ട് ആഡംബരവും സൗകര്യവും സമന്വയിപ്പിക്കുന്ന ഒന്നാണ്. അതുകൊണ്ടാണ് ഈ റിസോർട്ട് തന്നെ തെരഞ്ഞെടുക്കാൻ കാരണമെന്ന് കേരളാ കൺവൻഷൻ ചെയർ ജോയി ഇട്ടൻ അഭിപ്രായപ്പെട്ടു.

ഫൊക്കാന കേരള കൺവൻഷൻ തനതായ രീതിയിൽ നടത്തുമ്പോഴും അത് അമേരിക്കൻ മലയാളികളുടെ ഒരു വെക്കേഷൻ പാക്കേജ് എന്ന രീതിയിലാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പങ്കെടുക്കുന്നവർക്ക് എല്ലാം മറന്ന് മൂന്നു ദിവസം ആഘോഷിക്കാനാണ് ഫൊക്കാന കമ്മിറ്റി ശ്രമിക്കുന്നത്. ആദ്യത്തെ രണ്ട് ദിവസത്തെ പരിപാടികൾ റിസോർട്ടിൽ നടത്തുമ്പോൾ മൂന്നാം ദിവസം ഫുൾഡേ ബോട്ടിലാണ് കൺവൻഷൻ ക്രമീകരിച്ചിരിക്കുന്നത്. ഈ ബോട്ടുയാത്ര എല്ലാ പ്രായത്തിൽ ഉള്ളവർക്കും സന്തോഷകരമാക്കാൻ വേണ്ടിയുള്ള കലാപരിപാടികളും ചിട്ടപ്പെടുത്തിയിട്ടുണ്ട്.




കേരളത്തിലെ മുഖ്യമന്ത്രി, ഗവർണർ, മന്ത്രിമാർ, കേന്ദ്രത്തിലെ മന്ത്രിമാർ, കേന്ദ്ര പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, എംപിമാർ, എംഎൽഎമാർ, സാമൂഹിക പ്രവർത്തകർ, സിനിമാ താരങ്ങൾ തുടങ്ങി നിരവധി പ്രമുഖർ പങ്കെടുക്കുന്ന ഈ കൺവൻഷൻ ഫൊക്കാനയുടെ ചരിത്രത്തിൽ ഇന്നേവരെ കണ്ടിട്ടില്ലാത്ത ഒരു കൺവൻഷൻ ആയിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഇവിടെ നമ്മളോടൊപ്പം ഇവരെല്ലാം ഈ കൺവൻഷനിൽ നമ്മളിൽ ഒരാളായി കാണും.

കുമരകം ഗോകുലം ഗ്രാൻഡ് റിസോർട്ടിലെ മിക്ക റൂമുകളും തന്നെ ഫൊക്കാന കേരള കൺവൻഷനു വേണ്ടി പലരുംതന്നെ ബുക്കു ചെയ്തിരിക്കുന്നതിനാൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന നിങ്ങളും റൂമുകൾ ബുക്ക് ചെയ്യുവാൻ എത്രയും വേഗം ബന്ധപ്പെടണമെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിക്കുന്നു. ഇവിടുത്തെ റൂമുകൾ ബുക്കിങ് കഴിഞ്ഞാൽ അടുത്തുള്ള റിസോർട്ടുകളിൽ മാത്രമേ റൂമുകൾ കിട്ടുകയുള്ളൂ. അതുകൊണ്ട് എത്രയും വേഗം തന്നെ നിങ്ങളുടെ റൂമുകൾ ബുക്ക് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

# ചെറുപുഷ്പ മിഷൻലീഗ് സംഘടനയ്ക്ക് പുതിയ ലോഗോ

കാക്കനാട്: ചെറുപുഷ്പ മിഷൻ ലീഗ് സംഘടനയുടെ പരിഷ്കരിച്ച ലോഗോ പ്രകാശനം ചെയ്തു. മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ വിവിധ രാജ്യങ്ങളിൽ വ്യാപിച്ച്, ഒരു അന്താരാഷ്ട്ര അല്മായ സംഘടനയായി ഉയർന്നതിനെ തുടർന്നാണ് ലോഗോ പരിഷ്കരിച്ചത്.

സീറോമലബാർ സഭയുടെ ദൈവവിളി കമ്മീഷൻ ചെയർമാനും ചെറുപുഷ്പ മിഷൻലീഗിന്റെ സഹ രക്ഷാധികാരിയുമായ ബിഷപ് മാർ ജോസഫ് അരുമച്ചാടത്ത് പുതിയ ലോഗോയുടെ പ്രകാശനകർമ്മം നിർവഹിച്ചു. ദൈവവിളി കമ്മീഷൻ അംഗങ്ങളായ ബിഷപ് മാർ വിൻസെന്റ് നെല്ലിപ്പറമ്പിൽ, ബിഷപ് മാർ മാത്യു നെല്ലിക്കുന്നേൽ, കമ്മീഷൻ സെക്രട്ടറി ഫാ. തോമസ് മേൽവെട്ടത്ത്, മിഷൻലീഗ് അന്തർദേശീയ പ്രസിഡണ്ട് ഡേവിസ് വല്ലൂരാൻ, ജനറൽ സെക്രട്ടറി ബിനോയ് പള്ളിപ്പറമ്പിൽ, സുജി പുല്ലുകാട്ട്, ലൂക്ക് പിണമറുകിൽ, സിസ്റ്റർ ജിൻസി ചാക്കോ എന്നിവർ സന്നിഹിതരായിരുന്നു.

**സിജോയ് പറപ്പള്ളിൽ**

സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെയും പി.സി. ഏബ്രഹാം എന്ന കുഞ്ഞേട്ടന്റെയും നേതൃത്വത്തിൽ 1947 ഒക്ടോബർ മൂന്നിന് ആരംഭിച്ച മുന്നേറ്റമാണ് ചെറുപുഷ്പ മിഷൻലീഗ്. കേരളത്തിലെ ഭരണങ്ങാനത്ത് പ്രവർത്തനം ആരംഭിച്ച ഈ സംഘടന പിന്നീട് കേരളത്തിൽ ഉടനീളവും ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിലും വളർന്നു പന്തലിച്ചു.



വർഷങ്ങൾക്കുശേഷം ഇന്ത്യയുടെ വെളിയിൽ വിവിധ രാജ്യങ്ങളിൽ പ്രവർത്തനം വ്യാപിപ്പിച്ച മിഷൻലീഗ് ഇന്ന് അമേരിക്ക, കാനഡ, യുകെ, അയർലൻഡ്, ഇറ്റലി, ജർമ്മനി, ഓസ്ട്രേലിയ, ഖത്തർ തുടങ്ങിയ രാജ്യങ്ങളിൽ സജീവമായി പ്രവർത്തിച്ചുവരുന്നു.

ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലി സമാപന ആഘോഷങ്ങളോടനുബന്ധിച്ച് രണ്ട് വർഷം മുൻപാണ് ഔദ്യോഗിക അന്തർദേശീയ സമിതിയെ തെരഞ്ഞെടുത്തത്.




# പ്രിയപ്പെട്ട ചില സിനിമകൾ



മഹേഷ് ഗോപാൽ
(തിരക്കഥാകൃത്ത്)

കഴിഞ്ഞ വർഷം ഐ.എഫ്.എഫ്.കെ യിൽ ഉൾപ്പെടെ കണ്ട ചില സിനിമകളെ കുറിച്ചാണ് ഇ കുറിപ്പ്.

### I am still here:

ബ്രസീലിലെ ഒരു തീരദേശത്തെ വീട്ടിൽ വളരെ സന്തോഷത്തോടെ ജീവിക്കുന്ന റൂബൻസും യുനൈസും അവരുടെ അഞ്ചു മക്കളും അടങ്ങിയ ഒരു കുടുംബം.

അവിടേക്ക് ഒരു ദിവസം അപ്രതീക്ഷിതമായി രണ്ടു മനുഷ്യർ കടന്നു വരുന്നു. സംസാരത്തിൽ നിന്ന് അവർ സൈനികരാണ് എന്നു മനസ്സിലാവുന്നു. ഒന്നു ചോദ്യം ചെയ്യാനാണ്, തങ്ങളോടൊപ്പം വരണം എന്നവർ റൂബൻസിനോട് ആവശ്യപ്പെടുന്നു. അദ്ദേഹം അകത്തു പോയി ഒരുങ്ങി പുറത്തേക്ക് വരുന്നു. കുറച്ചു മണിക്കൂർ നേരത്തേ ചോദ്യം ചെയ്യലിനു ശേഷം മടങ്ങി വരാമെന്ന പ്രതീക്ഷയിൽ അദ്ദേഹം അവിടെ നിന്നു പോവുകയാണ്. ഇവിടം മുതൽ ഈ സിനിമ മറ്റൊരു തലത്തിലേക്ക് മാറ്റപ്പെടുകയാണ്. പ്രേക്ഷക ഹൃദയത്തെ വല്ലാതെ സ്പർശിക്കുന്ന യഥാർത്ഥ സംഭവങ്ങളുടെ ഇമോഷണൽ കാഴ്ചയാണ് ഈ സിനിമ. Walter Salles ആണ് ഈ സിനിമയുടെ സംവിധായകൻ. വെനിസ് ചലച്ചിത്ര മേളയിൽ മികച്ച തിരക്കഥയ്ക്കും സംവിധാനത്തിനും ഉള്ള അവാർഡ് ലഭിച്ച സിനിമയാണ് ഇത്.

### Amerikatsi:

ചെറുപ്പത്തിൽ അർമേനിയയിൽ നിന്ന് അമേരിക്കയിലേക്ക് പലായനം ചെയ്ത ശേഷം നിരവധി വർഷങ്ങൾക്കൊടുവിൽ വീണ്ടും തിരിച്ചെത്തുകയാണ് ചാർളി എന്ന ചെറുപ്പക്കാരൻ. തന്റെ ഒരു സുഹൃത്തിനെ കണ്ടുമുട്ടുന്ന ചാർളി, അവരുടെ സൈനിക മേധാവിയായ ഭർത്താവിന്റെ അപ്രീതിക്ക് പാത്രമാവുന്നു. അയാൾ ചാർളിയെ സൈനിക തടങ്കലിലാക്കുന്നു. അവിടെ, ജയിലിൽ വച്ച് ചാർളി അധികം അകലെയല്ലാത്ത ഒരു വീട്ടിലെ ദമ്പതികളുടെ ജീവിതം നോക്കിക്കണ്ട് വിരസതയകറ്റുന്നു. തുടർന്നങ്ങോട്ട് ഏറെ വ്യത്യസ്ഥമായ ഒരു കഥാപരിസരത്തേക്കാണ് ചിത്രം പ്രവേശിക്കുന്നത്. അതിമനോഹരമായ ഒരു ചിത്രമാണ് Amerikatsi. പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ച മൈക്കിൾ എ ഗൂർജിയൻ തന്നെയാണ് എഴുതി, എഡിറ്റ് ചെയ്ത് സംവിധാനം ചെയ്തിരിക്കുന്നത്.

### Kill The Jockey

കുതിര ഓട്ടത്തിലെ ഇതിഹാസ താരമായ റെമോ തന്റെ പ്രതാപം നശിച്ച അവസ്ഥയിലാണ്. ഏറെ നിർണ്ണായകമായ ഒരു മത്സരത്തിൽ അയാൾ ദിശ മാറ്റി സഞ്ചരിക്കുകയും, ഗുരുതരമായ ഒരു അപകടത്തിൽ പെടുകയും ചെയ്യുന്നു. അതിനെ തുടർന്ന് അയാളുടെ ജീവിതത്തിൽ സംഭവിക്കുന്ന മാറ്റങ്ങളാണ് ചിത്രത്തിന്റെ ഇതിവൃത്തം. ആദ്യ കാഴ്ചയിൽ ഒന്നും തന്നെ മനസ്സിലാകാതെ പോയെങ്കിലും പതിയെപ്പതിയെ ചിത്രത്തിന്റെ അന്തസ്സത്ത തിരിച്ചറിയുകയുമായിരുന്നു. എല്ലാത്തരം പ്രേക്ഷകരെയും ചിത്രം തൃപതിപ്പെടുത്തുമോ എന്ന് സംശയമാണ്.

റിമോയെ അവതരിപ്പിച്ച നടന്റെ മികച്ച പ്രകടനമാണ് ചിത്രത്തിന്റെ നട്ടെല്ല്.

വെനിസ് ഫിലിം ഫെസ്റ്റിവലിലെ വിജയ ചിത്രമായിരുന്നു ഇത്.

### The Story of Souleymane:

ഈ IFFK യിൽ ഞാൻ കണ്ട ഏറ്റവും മികച്ച പ്രകടനം ഒരു പക്ഷേ, ഈ ചിത്രത്തിലെ നായകനായ Abou Sangare യുടെ ആയിരിക്കും. കാൻസിൽ അടക്കം നിരവധി പുരസ്കാരങ്ങൾ വാരിക്കൂട്ടിയ പ്രകടനമായിരുന്നു Abou Sangare-യുടേത്. അദ്ദേഹത്തിന്റെ നിസ്സഹായാവസ്ഥയും ആകുലതകളും ഒക്കെ പ്രേക്ഷകന്റേതു കൂടിയായി മാറുന്നുണ്ട്.

കാണുന്നവരുടെ കണ്ണുകളെ ഈറനണിയിക്കുന്ന നിരവധി രംഗങ്ങളാൽ സമൃദ്ധമാണ് ചിത്രം.

സോളമന്റെ ഒപ്പമാണ് സഞ്ചരിക്കുന്നതെന്ന് പ്രേക്ഷകനെ തോന്നിപ്പിക്കുന്ന തരത്തിലുള്ള അതിഗംഭീര സിനിമോട്ടോഗ്രഫിയാണ് ചിത്രത്തിന്റെ മറ്റൊരു പ്രത്യേകത. അതു പോലെ തന്നെ എടുത്തു പറയേണ്ടതു തന്നെയാണ് ചിത്രത്തിന്റെ ക്ലൈമാക്സും.

### The Room Next Door:

ജീവിതത്തിൽ പ്രതീക്ഷിക്കാൻ മറ്റൊന്നുമില്ലാതെ വരുന്നവർക്ക് സ്വച്ഛമായ ഒരു മരണം തിരഞ്ഞെടുക്കാനുള്ള അവകാശമുണ്ടോ എന്ന് ചർച്ച ചെയ്യുകയാണ് The Room Next Door എന്ന ചിത്രം. രണ്ട് കൂട്ടുകാരികളുടെ അപൂർവ്വ സൗഹൃദത്തിന്റെ കഥ കൂടിയാണ് ഈ ചിത്രം. വെനീസ് ഫിലിം ഫെസ്റ്റിവലിലെ ഗോൾഡൻ ലയൺ അവാർഡ് ഈ ചിത്രം കരസ്ഥമാക്കിയിട്ടുണ്ട്.

### The Girl With The Needle:

ഈ മേളയിലെ ഏറ്റവും ഡിസ്റ്റർബിങ്ങ് ആയ ചിത്രമേത് എന്നു ചോദിച്ചാൽ അതിന്റെ ഉത്തരമാണ് ഈ ചിത്രം.

നിശാഗന്ധിയിലെ പ്രദർശനത്തിനിടയിൽ ചിത്രത്തിലെ ഒരു രംഗം കണ്ട് ഒരു പ്രേക്ഷകൻ ബോധമറ്റു വീണതിനാൽ പ്രദർശനം അൽപ്പ നേരം നിർത്തിവയ്ക്കേണ്ടി കൂടി വന്നിരുന്നു. പ്രേക്ഷകനെ ഭയപ്പെടുത്താൻ പാകത്തിലുള്ളതാണ് ചിത്രത്തിലെ പല രംഗങ്ങളും. കാൻസ് ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കപ്പെട്ട ചിത്രത്തിന് ഇനിയുള്ള മേളകളിലും മികച്ച അംഗീകാരങ്ങൾ ലഭിക്കട്ടെ എന്ന് ആഗ്രഹിക്കുന്നു.

### An Unfinished Film:

പത്തു വർഷങ്ങൾക്ക് മുൻപ് മുടങ്ങിപ്പോയ ഒരു സിനിമ പുനരാരംഭിക്കാനായി ചിത്രത്തിന്റെ അണിയറ പ്രവർത്തകർ വീണ്ടും ഒത്തുകൂടുന്നു. ആ രാത്രിയിൽ ഉണ്ടാവുന്ന അപ്രതീക്ഷിത സംഭവങ്ങളാണ് ചിത്രത്തിന്റെ പ്രമേയം. കഥ പറഞ്ഞു തുടങ്ങുമ്പോൾ ഒട്ടും പ്രതീക്ഷിക്കാത്ത ഒരു വിഷയത്തിലേക്കാണ് പടം വന്ന് ലാന്റ് ചെയ്യുന്നത്. അതു തന്നെയാണ് ചിത്രത്തിന്റെ ഭംഗിയും.

### ഫെമിനിച്ചി ഫാത്തിമ:

ഇതായിരുന്നു ഈ മേളയിലെ എന്റെ പേഴ്സണൽ ഫേവറൈറ്റ്. വിവാദമായേക്കാമായിരുന്ന ഒരു വിഷയത്തെ തികഞ്ഞ കൈയ്യടക്കത്തോടെ അങ്ങേയറ്റം സരസമായി അവതരിപ്പിച്ചു എന്ന ഇടത്താണ് ഫെമിനിച്ചി ഫാത്തിമ വ്യത്യസ്ഥമാകുന്നത്. എഴുത്തിന്റെ ഭംഗി ചരിത്രത്തിലുടനീളം കാണാനാകും.

പൊന്നാനിയിലെ തീരദേശത്തുള്ള ഏതോ ഒരു വീട്ടിൽ ക്യാമറ കൊണ്ടു വച്ച പ്രതീതിയാണ് ചിത്രം കണ്ടാൽ. ഫാത്തിമയുടെ മകൻ കിടക്കയിൽ മുള്ളുന്നതിലൂടെയാണ് ഫാത്തിമയുടെ കുടുംബത്തിലെ പ്രശ്നങ്ങൾ ആരംഭിക്കുന്നതും ചിത്രം രസകരമായി മാറുന്നതും.

മജീദ് മജീദിയുടെ ചിൽഡ്രൻ ഓഫ് ഹെവൻ ഒക്കെ പോലൊരു ഐറ്റം നമുക്കും വേണം എന്ന ഒരു ആഗ്രഹമാണ് ഫെമിനിച്ചി ഫാത്തിമയിലൂടെ സഫലമായിരിക്കുന്നത്. IFFK യിൽ വാരിക്കൂട്ടിയ അഞ്ച് അവാർഡുകൾ വെറുമൊരു തുടക്കം മാത്രമാണ് എന്നാണ് ഒരു പ്രേക്ഷകനെന്ന നിലയിൽ എന്റെ അഭിപ്രായം.

കേരളാ എക്സ്പ്രസ് KERALA EXPRESS
വാരാന്ത്യം



# പ്രണയം



സോഫി എൻ. പി.

നമ്മുടെ ആത്മാക്കൾ
ഒന്നായിട്ടും
നിന്റെ ശരീരത്തിനും
എന്റെ ശരീരത്തിനും
ഇടയിൽ ഒരു വിരലകലം
സൂക്ഷിച്ചത് കൊണ്ട്........
നിന്റെ ദൃഷ്ടികൾ
എന്റെ മാംസത്തിലേക്ക്
അല്ല
മനസ്സിലേക്ക്
ആഴ്ന്ന് ഇറങ്ങിയത് കൊണ്ട്
എന്റെ വേദനകൾക്ക്
നിന്റെ പുഞ്ചിരി ഔഷധമായതുകൊണ്ട്
എന്റെ കുറവുകളിലേക്ക്
നിന്റെ നിറവുകൾ
കവിഞ്ഞൊഴുകിയതുകൊണ്ട്
എന്റെ പുഞ്ചിരി
നിന്റേതു കൂടിയായപ്പോൾ
നമ്മിൽ പ്രണയം
പുഷ്പിച്ച് കതിരിട്ട്
വിളഞ്ഞ് ഉതിർന്നു......
വിരലുകൾ കോർത്തപ്പോഴും
ചുമലുകൾ താങ്ങായപ്പോഴും
നിന്റെ ശരീരം നിന്റേതും
എന്റെ ശരീരം
എന്റേതും ആയി
ആത്മാവുകളൊന്നായി.....
നിലകൊണ്ടതാണ്
നമ്മളുടെ പ്രണയം
ഇത്രമേൽ നിലനിൽക്കാൻ
കാരണമായത്
മന്വന്തരങ്ങൾക്കും അപ്പുറം
നമുക്ക് പ്രണയിക്കാൻ
ആകുന്നത്......

വാരാന്ത്യം

നർമ്മം മർമ്മം

# കണ്ണടപുരാണം



രാജീവ് പണിക്കർ



വലിയ സൂപ്പർസ്റ്റാറുകൾ ഇടുന്ന പോലെ എനിക്കും ഒരു കണ്ണട വേണം എന്ന ആഗ്രഹം ചെറുപ്പത്തിലേ തുടങ്ങിയിരുന്നു. നേരാംവണ്ണം പറഞ്ഞാൽ നടക്കുവേല എന്ന് ഉറപ്പുണ്ടായിരുന്ന കാരണം കണ്ണിന് ഒരു കുഴപ്പവുമില്ലാതെയിരുന്ന ഞാൻ പുസ്തകത്തിലെ അക്ഷരങ്ങൾ എനിക്ക് ശരിക്ക് വായിക്കാനാവുന്നില്ല എന്ന പരാതി അച്ഛന്റെ മുന്നിൽ അവതരിപ്പിച്ചു. ഒരു നേഴ്സ് ആയി ജോലി ചെയ്തിരുന്ന അമ്മയോട് പറഞ്ഞാൽ കള്ളം എളുപ്പം പൊളിഞ്ഞേക്കും എന്ന തോന്നലായിരുന്നു അച്ഛനോട് പറയാനുള്ള ചേതോവികാരം.

പറഞ്ഞത് അച്ഛനോടായിരുന്നെങ്കിലും കണ്ണ് ടെസ്റ്റ് ചെയ്യാനായി എന്നെ കൊണ്ടുപോയത് അമ്മയായിരുന്നു. ദൂരെ വെച്ചിരുന്ന ബോർഡിലെ എല്ലാ അക്ഷരങ്ങളും സ്മാർട് ആയി വായിച്ച എനിക്ക് കണ്ണിന് ഒരു കുഴപ്പവുമില്ലെന്നും അഥവാ എന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ ഇളനീർ കുഴമ്പ് ഇട്ടാൽ മതി എന്നും ആ ഡോക്ടർ അമ്മയെ ധരിപ്പിച്ചു. ആശുപത്രിയിൽ നിന്ന് പുറത്തിറങ്ങിയ ശേഷമാണ് ടെസ്റ്റ് ഞാൻ വിജയിച്ചെന്നും കണ്ണട കിട്ടാൻ പോകുന്നില്ല എന്നുമുള്ള ദുഖസത്യം ഞാൻ മനസ്സിലാക്കുന്നത്.എങ്കിലും അറ്റകൈ എന്ന നിലയിൽ വീണ്ടും അക്ഷരങ്ങൾ വായിക്കാൻ ബുദ്ധിമുട്ട് സൃഷ്ടിക്കാൻ ശ്രമിച്ച എന്റെ കണ്ണിൽ ഇളനീർ കുഴമ്പ് ഇട്ടതോടെ കണ്ണട എന്ന ആഗ്രഹം ഞാൻ ആ പഞ്ചായത്തിൽ നിന്നേ കളഞ്ഞു.

പിന്നെ, ഒന്നു രണ്ടു വർഷങ്ങൾക്കു ശേഷം അക്ഷരങ്ങൾ വായിക്കാൻ ബുദ്ധിമുട്ട് പ്രകടിപ്പിച്ച അനിയനെ അമ്മ ആശുപത്രിയിൽ കൊണ്ടു പോകുന്നതു കണ്ട ഞാൻ ചിരിയടക്കാൻ വളരെ പാടുപെട്ടു. അവിടെ പോയി കണ്ണട കിട്ടില്ല എന്ന് തിരിച്ചറിഞ്ഞ് ഹതാശനായി വീട്ടിൽ വരുന്ന ലവൻ വീണ്ടും അഭിനയിക്കാൻ ശ്രമിക്കുന്നതും ഇളനീർ കുഴമ്പ് കണ്ണിലിട്ട് വീടിനു ചുറ്റും അലറിക്കൂവി ഓടി നടക്കുന്നതും മനസ്സിൽ കണ്ട് ഞാൻ ആനന്ദ തുന്ദിലിതനായി നിൽക്കവേ പ്രാവ് ചിറകു വിടർത്തിയതു പോലത്തെ ഒരു ക്ലിയർ ഫ്രെയിം ഉള്ള കണ്ണട വെച്ച് അവൻ വീട്ടിൽ തിരിച്ചെത്തി.

അസൂയയും കുശുമ്പും സഹിക്കാനാവാതെ, കുറെ നേരം വായിച്ചാൽ കണ്ണിൽ വെള്ളം നിറയുമെന്നും (കണ്ണിൽ രണ്ടുതുള്ളി വെള്ളം ഒഴിച്ച്) കണ്ണടയില്ലാത്തതിനാൽ തലവേദന വിട്ടൊഴിയുന്നില്ലെന്നും എല്ലാം ഞാൻ പരാതി പറഞ്ഞു. എല്ലാം പല രീതിയിൽ തകർന്ന് തരിപ്പണമായി.

കണ്ണട കിട്ടിയ അനിയനാകട്ടെ ആദ്യ ദിവസങ്ങളിൽ കാണിച്ച ആവേശം തുടർന്നുള്ള ദിവസങ്ങളിൽ കാണിച്ചില്ല. മൂക്കിനു മുകളിൽ പുതിയതായി സൃഷ്ടിക്കപ്പെട്ട കറുത്ത പാടും അക്കാലത്ത് കണ്ട ഒന്നു രണ്ടു സിനിമകളിൽ നായകനും വില്ലനും ധരിച്ച കണ്ണടകൾ കറുത്ത കുറച്ചു കൂടി കാണാൻ കൊള്ളാവുന്ന ഫ്രെയിം ആയതുമായിരുന്നു കാരണം. തൽക്കാലത്തേക്കെങ്കിലും അവൻ കണ്ണട ധരിക്കാതെ പ്രത്യക്ഷപ്പെട്ടത് എന്റെ കുശുമ്പിന് അൽപം ആശ്വാസമായി. (എനിക്ക് കുശുമ്പുണ്ടായിരുന്നു എന്ന് അവൻ അറിഞ്ഞിരുന്നെങ്കിൽ എന്തു വില കൊടുത്തും അവൻ അത് വെക്കുമായിരുന്നു എന്നാണ് എന്റെ ഒരു തോന്നൽ)

അങ്ങനെയിരിക്കെ, വീടിനു മുൻപിലെ വഴിയിൽ ഒരു ദിവസം ഞാനും അമ്മയും എന്തോ സംസാരിച്ചു നിൽക്കുമ്പോൾ വീടിനടുത്തുള്ള ഒരു അമ്മൂമ്മ അതുവഴി വന്നു. അവർക്ക് ഞാൻ കണ്ടു തുടങ്ങിയ കാലം മുതൽക്കു തന്നെ നല്ല പ്രായമുണ്ട്. തീരെ വണ്ണവും ഉയരവും കുറവ്. പക്ഷേ, ഞാൻ കാണുമ്പോഴെല്ലാം മിക്കവാറും അവരേക്കാൾ വലിയ ഒരു പുല്ലുകെട്ട് തലയിൽ കാണാം. അടുത്തെത്തി ഞങ്ങളെ സൂക്ഷിച്ചു നോക്കിയ ശേഷം അമ്മയോട് അമ്മൂമ്മ ചോദിച്ചു.

'വത്സലപ്പുള്ളേ..പുള്ളയെ മനസ്സിലായി.. ഇതാരാ കൂടെ നിക്കണേ?'

എന്റെ ചെറുപ്പം മുതൽ എന്റെ വളർച്ചയുടെ എല്ലാ ഘട്ടത്തിലും എന്നെ കണ്ടിട്ടുള്ള അമ്മൂമ്മയാണ് ഇങ്ങനെ ചോദിക്കുന്നത്. ഉടനെ ഞാൻ ഇടപെട്ടു..

'അമ്മൂമ്മയ്ക്ക് എന്നെ മനസ്സിലായില്ലേ? ഞാൻ രാജീവനല്ലേ'

പെട്ടെന്ന് എന്തോ ഒരു അബദ്ധം പറ്റിയ പോലെ അമ്മൂമ്മ പറഞ്ഞു.

'അയ്യോ...മനസ്സിലായില്ലാട്ടൊ.. ഈ കണ്ണട വെച്ചേപ്പിന്നെ ഒന്നും കാണാൻ മേല. ഭയങ്കര തലവേദന ആണെന്നു പറഞ്ഞ് ഡോക്ടറെ കണ്ടപ്പോ കണ്ണട വെക്കാൻ പറഞ്ഞു. ഇത് വെച്ചേപ്പിന്നെ ഒന്നും കാണാൻ മേല.'

കണ്ണട മുഖത്തു നിന്നും അൽപം ഉയർത്തി എന്നെ നോക്കിയിട്ട് അമ്മൂമ്മ തുടർന്നു

'ങാ..ഇപ്പൊ മനസ്സിലായി. ഒന്നും കാണണില്ല പുള്ളേ.. ഇന്നലെ വീട്ടീന്നെറങ്ങിയപ്പോ ഒരു തൂണും ചൊമരും കണ്ടില്ല. ചെന്ന് ഇടിച്ചു. നെറ്റി ഇച്ചിരെ പൊട്ടി.'

'എവിടന്നാ കണ്ണട മേടിച്ചേ?' എന്ന് ചോദിച്ചു കൊണ്ട് ഞാൻ അമ്മൂമ്മയുടെ കണ്ണട സൂക്ഷിച്ചു നോക്കി. ഒരുപാട് കാലം വെയിലത്തു വച്ച പോലെ വരൾച്ച ബാധിച്ച് വളഞ്ഞ ഏതാണ്ട് എഴുപത് ശതമാനം അതാര്യമായ ഒരു കണ്ണട. ഒന്നുരണ്ട് പൊട്ടലുമുണ്ട്.

'ആര് വാങ്ങിക്കാൻ പുള്ളേ... ഇത് പണ്ടെങ്ങാണ്ട് വഴീക്കെടന്ന് കിട്ടീത് ഞാൻ സൂക്ഷിച്ച് വെച്ചേർന്നതാ... എനിക്കറിയാരുന്നു എന്നെങ്കിലും ആവശ്യം വരുമെന്ന്!'

പിന്നെ, പതിവ് ചിരിയോടെ നിത്യ പരിചയമുള്ള വഴിയിലൂടെ തപ്പിത്തടഞ്ഞ് അമ്മൂമ്മ വീട്ടിലേക്ക് പോയി..

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!

---



# പ്രണയമേ നീയില്ലയെങ്കിൽ



ഉമ

ശരത്ക്കാലപുലരിയിൽ രാത്രികൾ കൊഴിച്ചിട്ട
പുലർമഞ്ഞുപെയ്യുന്നു നിന്നോർമ്മകൾ
ഒരുചുടുനിശ്വാസം കാതിൽ പതിയ്ക്കുമ്പോൾ
അറിയാതെ പുണരുന്നിരുകരങ്ങൾ

രാവിൻ മണിയറ പൂകാതെ സ്വപ്നങ്ങൾ
പകലിൻ മണിവാതിൽ തുറന്നിറങ്ങുമ്പോഴും
പറന്നകലാതെന്റെ ചിറകിൻ തന്തുക്കൾ
അരികിലേക്കെപ്പോഴും ചേർത്തുവയ്ക്കും

നീലാംബരത്തിൽ ചെഞ്ചായം പൂശുമ്പോൾ
നിൻമഞ്ഞുകരങ്ങളെൻ കവിളിൽ തലോടുന്നു

പിരിയുവാനാവാത്ത പ്രണയോപഹാരമായി
ഹൃദയത്തിൽ നീയൊരു തീർത്ഥമായി

പകുതിയിൽ നിർത്തിയ നീലാംബരിയുടെ
അലകൾ കുളിർകാറ്റിലൊഴുകി വരും
പലവുരു പാടീട്ടും പൂർണ്ണമാകാത്തൊരാ
പ്രണയരാഗം വീണ്ടും കേൾക്കുന്നു ഞാൻ

ഹൃദയംപകുത്തതിൽ പൂക്കാലം വിരിയിച്ച്
ശലഭമായ് വർണ്ണരേണുക്കളിൽ പാറിപ്പറന്ന്
അറിയാത്ത തീരത്തിലെവിടയോ പോയി നീ
തിരികെ വരൂ ഞാൻ തീർത്തൊരെൻ വാനിലേക്ക്

പറയാതെ പോയൊരാവാക്കിന്റെ മധുരിമ
ഹൃദയത്തിനുള്ളിൽ ഞാനോമനിയ്ക്കും

തരളമായ് എൻ വിരൽത്തുമ്പുകളെപ്പൊഴും
തൊട്ടുണർത്തും നിന്റെ ഹൃത്തന്ത്രികൾ

മിഴിയടച്ചാൽ കാണാം മുന്നിലെനിക്കു നിൻ
പൂർണ്ണേന്ദു പുഞ്ചിരിയ്ക്കും പൂമുഖം
ഋതുക്കൾ നമുക്കായി തീർക്കും വസന്തത്തിൽ
വള്ളിപ്പടർപ്പിലെ പൂമഞ്ചലാകാം ഞാൻ

ചാരത്തണഞ്ഞു നിൻ ചെഞ്ചൊടികളിൽ
നനവൂള്ള ചുണ്ടിന്റെ ചൂടുപകർന്നു നല്കാം
പ്രണയതല്പത്തിൽ നിന്നെപൊതിയുന്ന
കുളിരുള്ള കമ്പളമാക്കാമെൻ മാറിടം

കവിതയായി നിൻമൊഴികളൊക്കെയും
കനവുപെയ്യുമെൻ കരളിലെഴുതിടും
നീണ്ടമൗനം മുദ്രവച്ചരൊൻ ചുണ്ടുകൾ
വിറയാർന്നിടുന്നൊരു ചുംബനത്തിനായി

പ്രണയമെ നീയില്ലയെങ്കിലീവിധം ഭൂവിലി-
ല്ലൊരു ജന്മസാഫല്യവും, ഋതുക്കളിൽ
പ്രണയം പകർന്നൊരു വസന്തമില്ല
കുളിർമഴയായി പൊഴിയും വർഷവുമില്ല.

# ഡാളസ് ക്നാനായ കാത്തലിക് അസോസിയേഷൻ പ്രവർത്തനോദ്ഘാടനവും വാലന്റൈൻസ് ഡേ ആഘോഷവും

ഡാളസ്: ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് ഡാളസ് ഫോർട്ട് വർത്തിന്റെ (കെസിഎഡിഎഫ്ഡബ്ല്യു) 2025-2026 കാലയളവിലേക്കുള്ള ഭരണസമിതിയുടെ പ്രവർത്തനോദ്ഘാടനവും വാലന്റൈൻസ് ഡേ ആഘോഷവും വർണശബളമായ പരിപാടികളോടെ ഫെബ്രുവരി 22-ന് ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് ഫാർമേഴ്സ് ബ്രാഞ്ചിലെ ക്നായി തൊമ്മൻ ഹാളിൽ നടത്തപ്പെടുന്നു.

ചടങ്ങിൽ പ്രശസ്ത നടിയും എഴുത്തുകാരിയും തിരക്കഥാകൃത്തുമായ

**ബിജോയ് തെരുവത്ത്**

ലെന മുഖ്യാതിഥിയായി പങ്കെടുക്കും. കെസിസിഎൻഎ പ്രസിഡണ്ട് ഷാജി എടാട്ട്, കെസിസിഎൻഎ സെക്രട്ടറി അജിത് പോത്തൻ താമറത്ത്, ജോ. സെക്രട്ടറി ജോബിൻ കക്കാട്ടിൽ, കെസിസിഎൻഎ ട്രഷറർ സാമോൻ പല്ലാട്ടുമഠം, ക്രൈസ്റ്റ് ദി കിംഗ് ക്നാനായ കാത്തലിക് ഇടവക വികാരി റവ.ഫാ. ഏബ്രഹാം കളരിക്കൽ തുടങ്ങിയവരും അതിഥികളായി പങ്കെടുക്കും.

ബൈജു ആലപ്പാട്ടിന്റെ നേതൃത്വത്തിലുള്ള കെസിഎഡിഎഫ്ഡബ്ല്യു എക്സിക്യൂട്ടീവ് കമ്മിറ്റി പുതുവത്സര തലേന്നാണ് സത്യപ്രതിജ്ഞ ചെയ്ത് അടുത്ത രണ്ടു വർഷത്തേക്ക് അധികാരമേറ്റത്. മുപ്പത്തിയഞ്ചു വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള ഡാളസ് ഫോർട്ട് അസോസിയേഷൻ ഈ മെട്രോപ്ലെക്സിലെയും പരിസരപ്രദേശങ്ങളിലെയും അഞ്ഞൂറോളം വരുന്ന ക്നാനായ കുടുംബങ്ങളെ ചേർത്തു നിർത്തിക്കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുവരുന്നു. അതിൽ ഏറെയും ക്നാനായ പാരമ്പര്യം ഊട്ടിയുറപ്പിക്കുന്നതിനും സാംസ്കാരിക ഉന്നമനത്തിനും പുതുതലമുറയെ പാരമ്പര്യത്തിൽ അടിയുറപ്പിച്ചു വളർത്തിയെടുക്കുന്നതിനും ലക്ഷ്യമിട്ടുള്ളവയാണ്.




യോഗത്തിൽ കെസിഎഡിഎഫ്ഡബ്ല്യുവിന്റെയും അതിന്റെ ഉപസംഘടനകളായ വിമൻസ് ഫോറം, കെസിവൈഎൽ, യുവജനവേദി, കിഡ്സ് ക്ലബ് എന്നിവയുടെ പ്രവർത്തനങ്ങളും ഉദ്ഘാടനം ചെയ്യും. പരിപാടികളുടെ ഭാഗമായി ഡാളസ് വിമൻസ് ഫോറം, യുവജനവേദി, കിഡ്സ് ക്ലബ്, കെസിവൈഎൽ എന്നിവയുടെ സഹകരണത്തോടെ വിവിധ വിനോദ ഗെയിമുകളും പരിപാടികളും ഉൾക്കൊള്ളുന്ന വാലന്റൈൻസ് ഡേ ആഘോഷങ്ങൾ സംഘടിപ്പിക്കും. കൂടാതെ കെസിഎഡിഎഫ്ഡബ്ല്യു ന്റെ മുൻ പ്രസിഡണ്ടുമാർ, കെസിസിഎൻഎ എക്സിക്യൂട്ടീവുകൾ, ഈ ടേമിനും വരാനിരിക്കുന്ന ടേമിനും ദേശീയ തലത്തിലുള്ള സ്ഥാനങ്ങൾ വഹിക്കുന്ന കെസിഎഡിഎഫ്ഡബ്ല്യു അംഗങ്ങൾ എന്നിവരെ ആദരിക്കുന്ന ചടങ്ങും നടക്കുന്നതാണ്.

# കുടുംബത്തിന്റെ സുരക്ഷയ്ക്ക് എസ്റ്റേറ്റ് പ്ലാനിംഗ് ആവശ്യമാണോ?


ജോംസ് മാത്യു

അമേരിക്കയിൽ വിൽപ്പത്രം ഇല്ലാത്ത ഒരാൾ മരിച്ചാൽ, അയാളുടെ സ്വത്തുക്കൾ ഒരു പ്രൊബേറ്റ് കോടതി സ്വയമേവ നിയന്ത്രിക്കും. കൂടാതെ, ആർക്ക് ഏത് സ്വത്ത് ലഭിക്കുമെന്നതിനെക്കുറിച്ചുള്ള എല്ലാ തീരുമാനങ്ങളും കോടതി എടുക്കുന്നു. ഒരാൾ മരിക്കുകയോ അല്ലെങ്കിൽ ജീവിച്ചിരിക്കുമ്പോൾ അസുഖങ്ങൾമൂലം സ്വന്തമായി തീരുമാനങ്ങൾ എടുക്കാൻ പറ്റാത്ത അവസരങ്ങളിൽ, നിങ്ങളുടെ സാമ്പത്തികവും ആരോഗ്യസംബന്ധവുമായ തീരുമാനങ്ങളും കുട്ടികളുടെ ചുമതലകളും എങ്ങനെ ആരൊക്കെ ചെയ്യണം എന്ന് മുൻകൂട്ടി പ്ലാൻ ചെയ്യുന്ന ഒരു സെറ്റ് ലീഗൽ ഡോക്യുമെന്റുകൾക്കാണ് എസ്റ്റേറ്റ് പ്ലാനിംഗ് എന്ന് പറയുന്നത്. (Assets/എസ്റ്റേറ്റ്), നിയമക്കുരുക്കുകളിൽപ്പെട്ട് നഷ്ടപ്പെടാതിരിക്കാൻ നമ്മൾ തീർച്ചയായും എസ്റ്റേറ്റ് പ്ലാനിംഗ് നടത്തണം.

ഓരോ വ്യക്തിക്കും നിർബന്ധമായും വേണ്ട 5 പ്രധാനപ്പെട്ട രേഖകൾ:

1. LAST WILL/TRUST- നിങ്ങളുടെ മരണശേഷം നിങ്ങളുടെ സ്വത്ത് ആർക്കാണ് ലഭിക്കുക, നിങ്ങളുടെ എസ്റ്റേറ്റ് ആരാണ് നിയന്ത്രിക്കുക, ആരാണ് നിങ്ങളുടെ കുട്ടികളുടെ രക്ഷാധികാരിയായി പ്രവർത്തിക്കുക, മറ്റ് വ്യവസ്ഥകൾ എന്നിവ നല്കുന്ന ഒരു നിയമപരമായ രേഖയാണ് (വിൽപത്രം).

2. പവർ ഓഫ് അറ്റോർണി (Power of Attorney)-നിങ്ങൾക്ക് സ്വയം തീരുമാനങ്ങൾ എടുക്കാൻ കഴിയുന്നില്ലെങ്കിൽ സാമ്പത്തികവും നിയമപരവുമായ കാര്യങ്ങൾക്കായി നിങ്ങളുടെ പേരിൽ പ്രവർത്തിച്ചേക്കാവുന്ന ഒരു വിശ്വസ്ത വ്യക്തിയെ നിയമിക്കാൻ ഈ ഡോക്യുമെന്റ് നിങ്ങളെ സഹായിക്കുന്നു.

3. മെഡിക്കൽ പവർ ഓഫ് അറ്റോർണി (Medical Power of Attorney)-മെഡിക്കൽ പവർ ഓഫ് അറ്റോർണി ഉപയോഗിച്ച് ഒരു വ്യക്തിക്ക് സ്വന്തം മെഡിക്കൽ തീരുമാനം എടുക്കാൻ കഴിയാതെ വരുമ്പോൾ, തങ്ങൾക്കു വേണ്ടി ആരോഗ്യപരമായ തീരുമാനങ്ങൾ എടുക്കാൻ മറ്റൊരാളെ തെരഞ്ഞെടുക്കാൻ ആ വ്യക്തിയെ അനുവദിക്കുന്നു.

4. ഹിപ്പ (HIPPA)-ഈ ഡോക്യുമെന്റിലൂടെ നിങ്ങളുടെ മെഡിക്കൽ രേഖകൾ ആക്സസ് ചെയ്യാൻ നിങ്ങൾ ആർക്കാണ് അനുമതി നല്കുന്നത് എന്ന് വ്യക്തമായി പറയുന്നു.

5. ലിവിംഗ് വിൽ (Living Will)-നിങ്ങൾക്ക് ഒരു ടെർമിനൽ അല്ലെങ്കിൽ മാറ്റാനാകാത്ത മെഡിക്കൽ രോഗം ഉണ്ടെന്ന് കണ്ടെത്തിയാൽ, ഏതു തരത്തിലുള്ള പരിചരണമാണ് നിങ്ങൾക്ക് ലഭിക്കുന്നത് എന്നതിനെക്കുറിച്ച് തീരുമാനമെടുക്കാൻ ഒരു ലിവിംഗ് വിൽ നിങ്ങളെ സഹായിക്കുന്നു. ഈ ഡോക്യുമെന്റ് നിങ്ങളുടെ അവസാന ദിനങ്ങൾ എങ്ങനെയായിരിക്കുമെന്ന് തീരുമാനിക്കാൻ നിങ്ങളെ സഹായിക്കും. നിങ്ങൾ ജീവിച്ചിരിക്കുമ്പോൾ ഈ ഡോക്യുമെന്റ് ചെയ്യുമ്പോൾ ഒരുപാട് ആശയക്കുഴപ്പങ്ങൾ ഒഴിവാക്കാനും നിങ്ങളുടെ ജീവിതാവസാനത്തെക്കുറിച്ചുള്ള വ്യക്തമായ തീരുമാനത്തിനും സഹായിക്കും.

അതിനാൽ നമ്മുടെ കുടുംബത്തെ സംരക്ഷിക്കാൻ വിൽപ്പത്രവും അനുബന്ധ രേഖകളും അമേരിക്കയിൽ എഴുതേണ്ടത് വളരെ ആവശ്യമാണ്.

എസ്റ്റേറ്റ് പ്ലാനിങ്ങിനെക്കുറിച്ച് കൂടുതൽ അറിയുവാൻ: ജോംസ് മാത്യു, എസ്റ്റേറ്റ് പ്ലാനിംഗ് അഡ്വൈസർ-(713) 487 7814.

# പുതിയ ആദായനികുതി ബിൽ ലോക്സഭയിൽ അവതരിപ്പിച്ചു


പുതിയ ആദായനികുതി ബിൽ ലോക്സഭയിൽ അവതരിപ്പിക്കുന്ന കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

ന്യൂഡൽഹി: പുതിയ ആദായനികുതി ബിൽ ലോക്സഭയുടെ മേശപ്പുറത്തുവെച്ച് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. 1961-ലെ ആദായ നികുതി നിയമത്തിന്റെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ടുള്ള ബില്ലാണ് അവതരിപ്പിച്ചത്.

പഴയ ആദായനികുതി നിയമം ലഘൂകരിച്ച് നികുതിദായകർക്ക് നികുതി അടയ്ക്കുന്നതും റിട്ടേൺ ഫയൽ ചെയ്യുന്നതും എളുപ്പമാക്കുന്നത് ലക്ഷ്യമിട്ടാണ് പുതിയ നിയമം വരുന്നത്.

സാധാരണക്കാർക്കുപോലും മനസിലാകുന്ന വിധത്തിൽ ലളിതമായാകും പുതിയ നിയമം. എല്ലാവർക്കും എളുപ്പത്തിൽ മനസിലാക്കാനാവുക, നൂലാമാലകൾ ഒഴിവാക്കി നികുതി റിട്ടേൺ സമർപ്പണം സുഗമമാക്കുക, തർക്കങ്ങൾ ഒഴിവാക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് പുതിയ നിയമം കൊണ്ടുവരുന്നത്.

നിലവിൽ ആദായനികുതി നിയമം 1961 പ്രകാരം റിട്ടേൺ സമർപ്പിക്കാനും നികുതിയടവുകൾക്കും 'അസസ്മെന്റ് ഇയർ', (റിട്ടേൺ/നികുതി സമർപ്പിക്കുന്ന വർഷം) 'പ്രീവിയസ് ഇയർ' (നികുതിബാധകമായ വരുമാനം ലഭിച്ച വർഷം) എന്നീ പദങ്ങൾ ഉപയോഗിക്കാറുണ്ട്. പുതിയ നിയമത്തിൽ അസസ്മെന്റ് ഇയർ ഒഴിവാക്കി. പകരം 'നികുതിവർഷം' (ടാക്സ് ഇയർ) എന്ന പദം മാത്രമാണുള്ളത്.

ഏപ്രിൽ ഒന്നിന് ആരംഭിച്ച് മാർച്ച് 31-ന് സമാപിക്കുന്ന സാമ്പത്തികവർഷത്തിന് അനുസൃതമായാകും ടാക്സ് ഇയറും. മുൻവർഷത്തിനു പകരം 'സാമ്പത്തിക വർഷം' (ഫിനാൻഷ്യൽ ഇയർ) എന്ന പദവും ഉപയോഗിക്കും. നികുതിവ്യവസ്ഥകളും റിട്ടേൺ ഫയലിങ്ങും എളുപ്പമാക്കാനാണിത്.

നിയമത്തിലെ 819 സെക്ഷനുകൾ 536 ആക്കി പുതിയ നിയമത്തിൽ കുറിച്ചിട്ടുണ്ടെന്നും നിർമല സീതാരാമൻ പറഞ്ഞു.

അതേസമയം, ആദായ നികുതി ബിൽ അവതരിപ്പിച്ചതിനു പിന്നാലെ ഏതാനും പ്രതിപക്ഷ എംപിമാർ സഭയിൽനിന്ന് ഇറങ്ങിപ്പോയി.

# മലയാളി അസോസിയേഷൻ ഓഫ് ടാമ്പായുടെ പ്രവർത്തനോദ്ഘാടനം ഫെബ്രുവരി 22–ന്




**രാജു മൈലപ്ര**

ടാമ്പാ: ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടും ജനപ്രിയ കലാ-സാംസ്കാരിക പരിപാടികൾ അവതരിപ്പിച്ചുകൊണ്ടും ഒരു ചുരുങ്ങിയ കാലയളവിനുള്ളിൽ ടാമ്പാ മലയാളികളുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയ, മലയാളി അസോസിയേഷൻ ഓഫ് ടാമ്പായുടെ (MAT) 2025 -ലെ കമ്മിറ്റിയുടെ പ്രവർത്തനോദ്ഘാടനം ഫെബ്രുവരി 22 -ന് ശനിയാഴ്ച വൈകുന്നേരം ആറു മണിക്ക് Sacred Heart Knanaya Catholic Community സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. (2620 Washington Road, Valarico, Florida 33594).

അമേരിക്കയിലെ വിവിധ കലാ-സാംസ്കാരിക, സാമുദായിക സംഘടനാ നേതാക്കന്മാർ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുക്കും.

ഈ പരിപാടിയിൽ വമ്പിച്ച ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും മികവുറ്റ കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും വേണ്ടി പ്രസിഡണ്ട് ജോൺ കല്ലോലിക്കൽ, സെക്രട്ടറി അനഘ ഹാരിഷ്, ട്രഷറർ ബാബു പോൾ എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികളുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കണ്ണിനും കാതിനും കുളിർമ്മ പകരുന്ന ശ്രുതിമധുരമായ ഗാനങ്ങളും താളാത്മകമായ ചടുല നൃത്തച്ചുവടുകളും കോർത്തിണക്കി ഇടവേളകളില്ലാതെയാണ് ഈ കലാവിരുന്ന് ഒരുക്കിയിരിക്കുന്നത്. വിഭവസമൃദ്ധമായ ഡിന്നറോടു കൂടി സമാപിക്കുന്ന ഈ മഹനീയ ആഘോഷപരിപാടികളിൽ പങ്കെടുത്ത്, ഇത് അങ്ങേയറ്റം വിജയപ്രദമാക്കുവാൻ എല്ലാവരെയും ഹൃദയപൂർവം സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിക്കുന്നു.

## വത്തിക്കാൻ നഗരത്തിന് ആദ്യമായി വനിത



റോം: വത്തിക്കാൻ നഗരഭരണത്തിന് ഇതാദ്യമായി വനിതയ്ക്ക് ചുമതല. വത്തിക്കാൻ സിറ്റി സ്റ്റേറ്റിന്റെ പ്രസിഡണ്ടായി സിസ്റ്റർ റഫേല പെട്രീനയെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. കർദിനാൾ ഫെർണാണ്ടോ വർഗസ് അൽസാഗ വിരമിച്ച ഒഴിവിലാണിത്. 44 ഹെക്ടർ വരുന്ന വത്തിക്കാൻ സിറ്റിയുടെ ഗവർണർ പദവിയാണിത്. വത്തിക്കാൻ ഭരണകൂടത്തിൽ ജനറൽ സെക്രട്ടറിയായിരുന്നു സിസ്റ്റർ പെട്രീന.

## ലോകത്തെവിടെയിരുന്നും കേരളകലകൾ പഠിക്കാം

തിരുവനന്തപുരം: ലോകത്തിന്റെ ഏതു കോണിലുള്ളവർക്കും കേരളീയ കലാരൂപങ്ങൾ പഠിക്കാനും പരിശീലിക്കാനും 'ഡിജിറ്റൽ ആർട്സ് സ്കൂൾ' ഒരുങ്ങുന്നു. ഡിജിറ്റൽ സർവകലാശാലയ്ക്കു കീഴിലുള്ള സെന്റർ ഫോർ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ ഇൻ കൾച്ചർ (സിഡിടിസി) എന്ന പഠനവിഭാഗമാണ് ഇതിനു തുടക്കമിടുന്നത്.

മോഹിനിയാട്ടവും ഭരതനാട്യവും ഉൾപ്പെടെയുള്ള ശാസ്ത്രീയനൃത്തങ്ങൾക്കു പുറമെ, നാടൻകലാരൂപങ്ങളും ഓൺലൈനായി പഠിപ്പിക്കും. ഇതിനായി നിർമിതബുദ്ധിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി പ്രത്യേക സോഫ്റ്റ്‌വേറും സിഡിടിസി വികസിപ്പിക്കും.

സാംസ്കാരികവകുപ്പുമായി സഹകരിച്ചാണ് പദ്ധതി. ആദ്യഘട്ടത്തിൽ സർട്ടിഫിക്കറ്റ് കോഴ്സുകളായിരിക്കും.

പിന്നീട്, ഡിപ്ലോമ, ഡിഗ്രി കോഴ്സുകളും നടപ്പാക്കി. യുജിസി നിർദേശമനുസരിച്ചുള്ള അക്കാദമിക ക്രെഡിറ്റും ഏർപ്പെടുത്തി കോളജ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനും ലക്ഷ്യമിടുന്നു. ജനറേറ്റീവ് എഐ, ഡിജിറ്റൽ സയൻസ്, മെഷീൻ ലേണിങ്, കംപ്യൂട്ടർവിഷൻ, ഡേറ്റാ സയൻസ്, ബ്രെയിൻ കംപ്യൂട്ടിങ് തുടങ്ങിയ നൂതനസാങ്കേതികവിദ്യയുടെ സഹായത്താലാണ് പ്രവർത്തനം.

# കരുണാകരൻ സ്മാരക ട്രസ്റ്റ് അബ്ദുൾ പുന്നയൂർക്കുളത്തിനെ ആദരിച്ചു

കോട്ടയം: ലീഡർ കെ. കരുണാകരൻ സ്മാരക ട്രസ്റ്റിന്റെ പ്രഥമ പുരസ്കാരം ടി.വി. ചന്ദ്രമോഹൻ എക്സ് എംഎൽഎക്ക് എഐസിസി പ്രവർത്തകസമിതി അംഗം രമേശ് ചെന്നിത്തല സമർപ്പിച്ചു. ട്രസ്റ്റ് ചെയർമാൻ പി. ഗോപാലൻ അദ്ധ്യക്ഷത വഹിച്ചു. അമേരിക്കൻ

**അബ്ദുൾ പുന്നയൂർക്കുളം**

എഴുത്തുകാരൻ അബ്ദുൾ പുന്നയൂർക്കുളത്തേയും പ്രവാസി എഴുത്തുകാരൻ പുന്നയൂർക്കുളം സൈനുദ്ദീനെയും ടി.വി. ചന്ദ്രമോഹൻ ആദരിച്ചു.

പുന്നയൂർക്കുളത്തെ മുതിർന്ന പത്രപ്രവർത്തകൻ എം.വി. ജോസ്, 75 കഴിഞ്ഞ മുൻകാല നേതാക്കൾ എന്നിവരെയും മുൻ ഡിസിസി പ്രസിഡണ്ട് ഒ. അബ്ദുറഹിമാൻകുട്ടി ആദരിച്ചു. ട്രസ്റ്റ് വൈസ് ചെയർമാൻ എൻ. ആർ. ഗഫൂർ സ്വാഗതവും ട്രസ്റ്റ് സെക്രട്ടറി എ.കെ. സതീഷ്കുമാർ നന്ദിയും പറഞ്ഞു.





Inauguration of Anganwadi in Panachikad Kottayam district by Kottayam MLA Thiruvanchoor Radhakrishnan, it is named in memory of my parents Thresiamma and Mathew Puthenpurakal. I Dr. Joseph Puthenpurakal donated the land and provided financial assistance for the construction of the Anganwadi. My wife Sheryly, daughter Dr. Sherin and her husband Alan who are in Kerala receiving the memento on my behalf from Mr. Thiruvanchoor Radhakrishnan. The inauguration was On Saturday February 15th at 3 pm Indian time. It was a great celebration attended by prominent community leaders and over 500 people.

## ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവാസി സംഘടന ഐ.ഒ.സി മാത്രം

**സതീശൻ നായർ**

ചിക്കാഗോ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (ഐ.ഒ.സി) മാത്രമായിരിക്കും ഗൾഫ് രാജ്യങ്ങളൊഴിച്ച് മറ്റ് എല്ലാ രാജ്യങ്ങളിലെയും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഔദ്യോഗിക പ്രവാസി സംഘടന. എ.ഐ.സി.സി. പ്രസിഡണ്ട് ഖാർഗെയുടെ നിർദ്ദേശപ്രകാരം ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ ഒരു പത്രക്കുറിപ്പിലൂടെ ഫെബ്രുവരി 14-ന് അറിയിച്ചതാണിത്. പ്രവാസികളുടെ ഇടയിൽ തെറ്റിദ്ധാരണയും വിഭാഗീയതയും ഉണ്ടാക്കി ഒ.ഐ.സി.സി എന്ന സംഘടന അമേരിക്കയിലും ഗൾഫ് നാടൊഴികെ മറ്റു രാജ്യങ്ങളിലും പ്രവർത്തനങ്ങൾ നടത്തി വന്നതിന്റെ സാഹചര്യത്തിലാണ് എ.ഐ.സി.സി. ശക്തമായ തീരുമാനമെടുത്തുകൊണ്ട് ഗൾഫ് നാടൊഴികെ മറ്റൊരു രാജ്യത്തും ഒ.ഐ.സി.സി പ്രവർത്തിക്കുവാൻ പാടുള്ളതല്ല എന്ന നിർദ്ദേശം നല്കിയത്.

ദീർഘകാലമായി തുടർന്നുവന്ന ഈ പ്രതിസന്ധിക്ക് പരിഹാരമായതിൽ സന്തോഷമുണ്ടെന്ന് ഐ.ഒ.സി ചെയർമാൻ സാം പിട്രോഡ, വൈസ് ചെയർമാൻ ജോർജ് ഏബ്രഹാം, ഐ.ഒ.സി പ്രസിഡണ്ട് മെഹിന്ദർ സിങ്, ഐ.ഒ.സി കേരള ഘടകം ചെയർമാൻ തോമസ് മാത്യു, പ്രസിഡണ്ട് സതീശൻ നായർ എന്നിവർ പറഞ്ഞു.

# ഷോർട്ട് ഫിലിമുകളിലൂടെ ജോമി ജോസ് കൈപ്പാറേട്ട് 'കരുതൽ' എന്ന സിനിമയുടെ സംവിധായകനായി മലയാള സിനിമയിലേക്ക്

കോട്ടയം: ജോമി ജോസ് കൈപ്പാറേട്ട് 'കരുതൽ' എന്ന സിനിമയുടെ കഥയെഴുതി സംവിധാനം ചെയ്താണ് മലയാള സിനിമയിലേക്ക് കടന്നുവരുന്നത്. നേഴ്സിങ്ങാണ് ജോമിയുടെ പ്രഫഷനെങ്കിലും സാമൂഹിക പ്രസക്തിയുള്ള നിരവധി ഷോർട്ട് ഫിലിമുകൾ കഥയെഴുതി സംവിധാനം ചെയ്യുകയും വിവിധ ഫെസ്റ്റിവലുകളിൽ അവാർഡുകൾ നേടുകയും ചെയ്തിട്ടുണ്ട്.

ഇന്ത്യൻ ഇന്റർനാഷണൽ ഷോർട്ട്ഫിലിം ഫെസ്റ്റിവൽ അവാർഡ് 2020, കൊച്ചിൻ ഇന്റർനാഷണൽ ഷോർട്ട്ഫിലിം അവാർഡ് 2020, കെസിവൈഎം ജനപ്രിയ ഷോർട്ട്ഫിലിം അവാർഡ് 2020, ഐ.എച്ച്.എൻ.എ ഓസ്ട്രേലിയൻ അവാർഡ് 2023, ഇന്ത്യൻ ഫിലിം ഹൗസ് മികച്ച സംവിധായകൻ അവാർഡ് 2023, ഐക്കൺസ് ഓഫ് എക്സലൻസ് അവാർഡ് 2023, ജാഷ്നെ ടാലന്റ് ഫിലിം അവാർഡ് 2024, ഏഷ്യൻ ഇന്റർനാഷണൽ ഷോർട്ട് ഫിലിം അവാർഡ് 2024 തുടങ്ങിയ അവാർഡുകളാണ് ഷോർട്ട്ഫിലിം മേഖലയിൽ നിന്നും ഇതിനോടകം ജോമി കൈപ്പാറേട്ട് കരസ്ഥമാക്കിയത്. മികച്ചൊരു പ്രസംഗകനായ ജോമി കോട്ടയം അതിരൂപതയുടെ യുവജന സംഘടനയായ കെസിവൈഎല്ലിന്റെ അതിരൂപത ജനറൽ സെക്രട്ടറിയായി സേവനം ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിലെ ഉഴവൂർ കൈപ്പാറേട്ട് ജോസ് ആൻഡ് മേരി ദമ്പതികളുടെ മകനാണ്.

വിദേശത്തേക്ക് ജോലിക്കായി പോകുന്ന യുവതലമുറയുടെ ആകുലതകളും നാട്ടിലെ വീടുകളിൽ ഒറ്റയ്ക്കായി പോകുന്ന മാതാപിതാക്കളെ തേടി കടന്നുവരുന്ന സീരിയൽ കില്ലേഴ്സിന്റെയും അവരുടെ ഇരകളുടെയും കഥ പറയുന്നതാണ് 'കരുതൽ' എന്ന ചിത്രത്തിന്റെ പ്രമേയം. പ്രശസ്ത ഛായാഗ്രാഹകൻ സാബു ജെയിംസ് ആണ് തിരക്കഥയും സംഭാഷണവും എഴുതി ക്യാമറ ചലിപ്പിക്കുന്നത്. ചിത്രത്തിന്റെ ചിത്രീകരണം ഉഴവൂർ, ഏറ്റുമാനൂർ, പുതുവേലി, കല്ലറ തുടങ്ങിയ സ്ഥലങ്ങളിലെ വിവിധ ലൊക്കേഷനുകളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.



പ്രശസ്ത നടൻ പ്രശാന്ത് മുരളിയും യുവനടി ഐശ്വര്യ നന്ദനുമാണ് പ്രധാന റോളുകളിൽ എത്തുന്നത്. കൂടാതെ പ്രശസ്ത താരങ്ങളായ സിബി തോമസ്, സുനിൽ സുഖദ, കോട്ടയം രമേഷ്, സ്റ്റീഫൻ ചെട്ടിക്കൽ, ആർജെ സുരാജ്, തോമസുകുട്ടി ഏബ്രഹാം, ഷിജോ കുര്യൻ പഴേമ്പള്ളിയിൽ എന്നിവരോടൊപ്പം മനു ഭഗവത്, ജോ സ്റ്റീഫൻ, റോബിൻ സ്റ്റീഫൻ, വിവീഷ് വി. റോൾഡന്റ്, ജോസ് കൈപ്പാറേട്ട്, റിജേഷ് കൂറാനാൽ, മാത്യു മാപ്ലേട്ട്, ടോമി ജോസഫ്, മോളി പയസ്, സ്മിതാ ലൂക്ക്, മായാറാണി, ഷെറിൻസാം, നയന എലിസ, സരിത തോമസ്, അൻവി രെജു, ദിയാന റഹിം കെ.എം. ബിജിമോൾ സണ്ണി, ജിഷാ മനീഷ് തുടങ്ങി നിരവധി പുതുമുഖങ്ങളും സിനിമയിൽ അണിനിരക്കുന്നുണ്ട്. അസോ. ഡയറക്ടർ സുനീഷ് കണ്ണൻ. അസോ. ക്യാമറാമാൻ-വൈശാഖ് ശോഭന കൃഷ്ണൻ, ക്രിയേറ്റീവ് പ്രൊഡ്യൂസർ-സ്റ്റീഫൻ ചെട്ടിക്കൻ, എക്സി. പ്രൊഡ്യൂസർ-ശാലിൻ കുര്യൻ, ഷീജോ പഴേമ്പള്ളിൽ, ലൈൻ പ്രൊഡ്യൂസർ-റോബിൻ സ്റ്റീഫൻ പുത്തൻമണ്ണത്ത്, സഹ. നിർമ്മാതാക്കൾ-മാത്യു മാപ്ലേട്ട്, ജോ സ്റ്റീഫൻ, ടോമി ജോസഫ്, സ്റ്റീഫൻ മലേമുണ്ടക്കൽ, കൺട്രോളർ-ബൈലോൺ ഏബ്രഹാം, ചമയം-പുനലൂർ രവി ആൻഡ് അനൂപ് ജേക്കബ്, ഡിസൈനർ-അൽഫോൻസ് ട്രീസ പയസ്. ഏപ്രിൽ-മെയ് മാസത്തിൽ സിനിമ തിയേറ്ററുകളിലെത്തും.






# പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ജോർജ് ഏബ്രഹാമിനെ ചിക്കാഗോ മാർത്തോമ്മാ സമൂഹം അനുമോദിച്ചു

ജോസ് വർഗീസ്

കോഴഞ്ചേരി: പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ജോർജ് ഏബ്രഹാമിനെ കോഴഞ്ചേരിയിൽവെച്ച് ചിക്കാഗോ മാർത്തോമ്മാ സമൂഹം അനുമോദിച്ചു. കോഴഞ്ചേരി ഇന്ദ്രപ്രസ്ഥം ഹോട്ടലിൽ കൂടിയ മീറ്റിംഗിൽ റവ. ഡോ. പി.പി. തോമസ്, എൻ.എം. ഫിലിപ്പ് എന്നിവർ നേതൃത്വം നല്കി. മാരാമൺ കൺവൻഷനോടനുബന്ധിച്ച് നാട്ടിൽ എത്തിച്ചേർന്ന ചിക്കാഗോ മലയാളികൾ ഒത്തുചേർന്ന സ്നേഹസംഗമം അവിസ്മരണീയമായ ഒരനുഭവമായിരുന്നു.

ചിക്കാഗോ മാർത്തോമ്മാ ഇടവക ട്രസ്റ്റിയായി പ്രവർത്തിച്ചിട്ടുള്ള ജോർജ് ഏബ്രഹാം ചിക്കാഗോ മലയാളി അസോസിയേഷനിലും ഫൊക്കാനയിലും സജീവ നേതൃത്വം നല്കിയിട്ടുണ്ട്. ചിക്കാഗോ സിറ്റിയുടെ ജീവനക്കാരനായിരുന്ന അദ്ദേഹം കഴിഞ്ഞ 20-ൽപ്പരം വർഷമായി കേരളത്തിൽ റാന്നി കേന്ദ്രമാക്കി രാഷ്ട്രീയ സാമൂഹിക രംഗത്ത് സജീവ നേതൃത്വം നല്കിവരുന്നു.





KERALA EXPRESS പ്രവാസി താളുകൾ

# ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ 12-ാമത് ചീട്ടുകളി മത്സരം മാർച്ച് 8-ന് ചിക്കാഗോ ക്നാനായ സെന്ററിൽ

ചിക്കാഗോ: ചിക്കാഗോ സോഷ്യൽ ക്ലബ്ബ് അണിയിച്ചൊരുക്കുന്ന 12-ാമത് നാഷണൽ ചീട്ടുകളി മത്സരം 2025 മാർച്ച് 8-ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ ചിക്കാഗോ ക്നാനായ സെന്ററിൽ (1800 E., Oaktom Street, Deplaines IL 60018) വച്ചാണ് മത്സരം നടത്തുന്നത്.

**മാത്യു തട്ടാമറ്റം**

ഈ വാശിയേറിയ മത്സരത്തിൽ 28 (ലേലം) ഒന്നാം സമ്മാനം സെന്റ് മേരീസ് പെട്രോളിയം സ്പോൺസർ ചെയ്യുന്ന 1501 ഡോളറും കെ.കെ. ചാണ്ടി കൂവക്കാട്ടിൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും, രണ്ടാം സമ്മാനം Maharaja Foods, Niles & Royal Grocers, Mt. Prospect സ്പോൺസർ ചെയ്യുന്ന 751 ഡോളറും എവർറോളിംഗ് ട്രോഫിയും, മൂന്നാം സമ്മാനം സജി മുല്ലപ്പള്ളി സ്പോൺസർ ചെയ്യുന്ന 501 ഡോളറും എവർറോളിംഗ് ട്രോഫിയും, നാലാം സമ്മാനം ജോയി നെല്ലാമറ്റം സ്പോൺസർ ചെയ്യുന്ന 251 ഡോളറും ട്രോഫിയുമാണ്.

റമ്മി മത്സരത്തിൽ ഒന്നാം സമ്മാനം ബിജു പൂത്തുറയിൽ സ്പോൺസർ ചെയ്യുന്ന 1501 ഡോളറും മാത്യു പൂത്തുറയിൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും, രണ്ടാം സമ്മാനം കുരുവിള ഇടുക്കുതറ സ്പോൺസർ ചെയ്യുന്ന 751 ഡോളറും ട്രോഫിയും, മൂന്നാം സമ്മാനം ക്ലിയർ ടാക്സ് കൺസൾട്ടിംഗ് സ്പോൺസർ ചെയ്യുന്ന 501 ഡോളറും ട്രോഫിയും, നാലാം സമ്മാനം സൈമൺ ചക്കാലപ്പടവിൽ സ്പോൺസർ ചെയ്യുന്ന 251 ഡോളറും ട്രോഫിയുമാണ്.


ഭാരവാഹികളായ റൊണാൾഡ് പൂക്കുമ്പേൽ (പ്രസിഡന്റ്), സണ്ണി ഇണ്ടിക്കുഴി (വൈസ് പ്രസിഡന്റ്), രാജു മാനുങ്കൽ (സെക്രട്ടറി), ബിജോയ് കാപ്പൻ (ട്രഷറർ), തോമസ് പുത്തേത്ത് (ജോയിന്റ് സെക്രട്ടറി) എന്നിവരും ചീട്ടുകളി കോ-ഓർഡിനേറ്റേഴ്സായ സിബി കദളിമറ്റം, ബെന്നി മച്ചാനിക്കൽ, സാബു ഇലവുങ്കൽ, ലൂക്കാച്ചൻ പൂഴിക്കുന്നേൽ എന്നിവരും, അലക്സ് പടിഞ്ഞാറേലിന്റെ നേതൃത്വത്തിലുള്ള ജഡ്ജിംഗ് പാനലും, ടെക്നിക്കൽ കോ-ഓർഡിനേറ്റർമാരായി മനോജ് വഞ്ചിയിൽ, അഭിലാഷ് നെല്ലാമറ്റം എന്നിവരും തയ്യാറായിക്കഴിഞ്ഞു. ഈ വാശിയേറിയ മത്സരത്തിലേക്ക് നോർത്തമേരിക്കയിലെ എല്ലാ മലയാളി ചീട്ടുകളി പ്രേമികളെയും ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ മെമ്പേഴ്സിന്റെ പേരിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ടൂർണമെന്റ് കമ്മിറ്റിയും സ്വാഗതം ചെയ്യുന്നു.




റൊണാൾഡ് പൂക്കുമ്പേൽ (പ്രസിഡന്റ്)



രാജു മാനുങ്കൽ (സെക്രട്ടറി)



ബിജോയ് കാപ്പൻ (ട്രഷറർ)



സണ്ണി ഇണ്ടിക്കുഴി
(വൈസ് പ്രസിഡന്റ്)



തോമസ് പുത്തേത്ത്
(ജോയിന്റ് സെക്രട്ടറി)



സിബി കദളിമറ്റം
(കോ-ഓർഡിനേറ്റർ)



ബെന്നി മച്ചാനിക്കൽ
(കോ-ഓർഡിനേറ്റർ)



സാബു ഇലവുങ്കൽ
(കോ-ഓർഡിനേറ്റർ)



ലൂക്കാച്ചൻ പൂഴിക്കുന്നേൽ
(കോ-ഓർഡിനേറ്റർ)

**FOR MORE INFORMATION**

RONALD POOKUMBEL (PRESIDENT)
+1 (630) 935-9655
SUNNY INDIKKUZHY (VICE PRESIDENT)
+1 (630) 674-7869
RAJU MANUNKAL (SECRETARY)
+1 (847) 942-5162
BIJOY KAPPEN (TREASURER)
+1 (630) 656-7336
THOMAS PUTHETHU (JOINT SECRETARY)
+1 (847) 361-2659
SIBI KADALIMATTOM
+1 (847) 338-8265
SABU ELAVUNKAL
+1 (847) 208-8894

# തപസ്യ ആർട്സ് അവതരിപ്പിക്കുന്ന ക്രോസ് ബെൽറ്റ് - ഒരു അതുല്യ നാടകാനുഭവം

**സാജൻ മൂലേപ്ലാക്കൽ**

സാൻ ഫ്രാൻസിസ്കോ: മലയാള നാടകലോകത്തിന്റെ കുലപതി എൻ. എൻ. പിള്ളയുടെ അതുല്യമായ തൂലികയിൽ പിറന്ന 'ക്രോസ് ബെൽറ്റ്' എന്ന സാമൂഹിക നാടകം വീണ്ടും ജീവൻ തേടുന്നു. കാലിഫോർണിയയിലെ സാൻ ഫ്രാൻസിസ്കോ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കലാ-സാംസ്കാരിക സംഘടനയായ തപസ്യ ആർട്സ് ആണ് ഈ മഹത്തായ നാടകത്തിന്റെ പുതുമയാർന്ന അവതരണത്തിന് വേദിയൊരുക്കുന്നത്. 1967-ൽ ആദ്യമായി അരങ്ങേറി അന്നത്തെ സാമൂഹിക സാഹചര്യങ്ങളെ നിയതമായി കോർത്തിണക്കിയ ഈ നാടകത്തിൽ ആധുനികതയുടെ വെല്ലുവിളികൾക്കിടയിൽ മനുഷ്യജീവിതം ഏറ്റുവാങ്ങുന്ന കടുത്ത യാഥാർത്ഥ്യങ്ങൾ ദൃശ്യവൽക്കരിക്കപ്പെടുന്നു. എൻ.എൻ. പിള്ളയുടെ ആഴമേറിയ ചിന്തയും വാചാലമായ അവതരണ ശൈലിയും ഇതിനെ മലയാള നാടകലോകത്തിലെ ഒരു അനശ്വര കൃതിയായി മാറ്റിയിരുന്നു. ഇന്നും അതിന് പ്രസക്തിയേറെയാണ്. മലയാള നാടകങ്ങളുടെ പാരമ്പര്യവും സൗന്ദര്യവും സംരക്ഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യാൻ പ്രതിജ്ഞാബദ്ധമായ തപസ്യ ആർട്സ്, ക്രോസ് ബെൽറ്റ് നാടകത്തിന്റെ നവീകരിച്ച അവതരണത്തിലൂടെ മലയാളി മനസ്സുകളെ ആകർഷിക്കാനൊരുങ്ങുകയാണ്. ഇതിനകം പല നാടകങ്ങളിലായി വേഷമിട്ട പരിചയ സമ്പന്നരായ കലാകാരന്മാർക്കൊപ്പം യുവ അഭിനേതാക്കളും അണിനിരക്കുന്ന ഈ നാടകാവതരണം അതിന്റെ ദൃശ്യവിസ്മയങ്ങളാൽ നാടകപ്രേമികൾക്ക് മനോഹരമായ ഒരു കലാനുഭവം സമ്മാനിക്കും. കാലിഫോർണിയയിൽ ഫ്രിമോണ്ടിനടുത്ത് ഹേവാർഡ് പെർഫോമിങ് ആർട്സ് സെന്ററിൽ 2025 ഫെബ്രുവരി 22-ന് വൈകിട്ട് 5 മണിക്ക് അരങ്ങിലെത്തുന്ന ഈ നാടകം സംവിധാനം ചെയ്യുന്നത് അനിൽ നായർ ആണ്. ശ്രീജിത്ത് ശ്രീധരൻ കലാസംവിധാനവും ഗാനരചന ബിന്ദു ടിജിയും ബിനു ബാലകൃഷ്ണൻ സംഗീത സംവിധാനവും നിർവഹിക്കുന്നു. അരുൺ പിള്ള ചമയം, വസ്ത്രാലങ്കാരം, രംഗസജ്ജീകരണം എന്നിവയും കിരൺ കരുണാകരൻ കലാസജ്ജീകരണവും അനിൽ റാവു, ഹരിശങ്കർ നായർ എന്നിവർ സംവിധാന സഹായവും നല്കുന്നു. പ്രകാശസജ്ജീകരണം ഒരുക്കുന്നത് പാർവ്വതി കിരൺ ആണ്. അഭിനേതാക്കളായി മധു മുകുന്ദൻ, ഉമേഷ് നരേന്ദ്രൻ, ബിന്ദു ടിജി, സന്ധ്യ സുരേഷ്, ടീന ചെറുവേലിൽ, അനിൽ നായർ, ലാഫിയ സെബാസ്റ്റ്യൻ, സജീവ് പിള്ള, മഹേഷ് ജയകുമാർ, സുകു കൂനന്റവിട, രാജേഷ് കൊണങ്ങാംപറമ്പത്ത് എന്നിവർ രംഗത്തെത്തുന്നു. നാടക കലാസ്നേഹികൾക്കായി ഒരുക്കുന്ന ഈ അപൂർവ്വാവസരത്തിന് സാക്ഷികളാകാൻ തപസ്യ ആർട്സ് കാലിഫോർണിയയിലെ മലയാളി സമൂഹത്തെ സന്തോഷപൂർവം ക്ഷണിക്കുന്നുവെന്ന് സംഘടനയുടെ ഭാരവാഹികൾ അറിയിച്ചു. മലയാള നാടകത്തിന്റെ മഹത്വം പുനർനിർവചിക്കുന്ന ഈ അവതരണം തികച്ചും ആസ്വാദ്യകരമായ ഒരു അനുഭവമായി മാറുമെന്ന് സംഘാടകർ പ്രതീക്ഷിക്കുന്നു.






# അമേരിക്കയ്ക്കുവേണ്ടി പ്രാർത്ഥിക്കുക

എൽസി ബേബി

പതിറ്റാണ്ടുകൾക്കുമുമ്പ് അമേരിക്കൻ ഭരണഘടന അടിസ്ഥാനമിട്ട് ഒരു ഭരണകൂടമായി ആരംഭിച്ചപ്പോൾ അന്നത്തെ പ്രസിഡണ്ട് തങ്ങളുടെ ഭരണകൂടത്തിന്റെ അടിസ്ഥാന തത്വമായി അംഗീകരിച്ചത് "In God We Trust" = ഞങ്ങൾ ദൈവത്തിൽ ആശ്രയിക്കുന്നു എന്ന സിദ്ധാന്തമായിരുന്നു. ഏതു ഡോളർ ബിൽ എടുത്തുനോക്കിയാലും അതിൽ ആ വാക്കുകൾ അച്ചടിച്ചിരിക്കുന്നതായി കാണാൻ സാധിക്കും. അന്ന് അവർ ഏക സത്യദൈവത്തിൽ വിശ്വസിച്ചും ആശ്രയിച്ചും ആരംഭിച്ച ഭരണകൂടം ഇന്ന് ലോകരാജ്യങ്ങളുടെ മുമ്പാകെ അധികാരത്തിലും ഭരണഘടനകളിലും ഒന്നാമതായി തല ഉയർത്തിനില്ക്കുന്നു എന്നത് പതുക്കെപറയേണ്ടതില്ലല്ലൊ? ജാതിമത ഭേദമെന്യേ അനേകം രാജ്യങ്ങളെയും ജനങ്ങളെയും പോറ്റിപ്പുലർത്തുന്ന വേറെ ഏതെങ്കിലും രാജ്യം ഉണ്ടോ എന്നു സംശയമാകുന്നു. അഭയാർത്ഥികളായും ഉദ്യോഗസ്ഥരായും മറ്റും വിദേശരാജ്യങ്ങളിൽനിന്നും നിയമപരമായി ഇവിടെ കടന്നുവരുന്ന എല്ലാവർക്കും നിർഭയം വസിച്ച്, സ്വതന്ത്രമായി വേല ചെയ്ത്, പുരോഗതി പ്രാപിച്ച് ഉന്നത സോപാനങ്ങളിൽ എത്തിച്ചേരുവാൻ സഹായിക്കുന്ന അമേരിക്കപോലെ വേറെ ഏതെങ്കിലും രാജ്യമുണ്ടോ എന്നു സംശയംതന്നെ. സ്വന്തമായി വീടുകൾ പണിതും കുടുംബങ്ങളായും സമൂഹങ്ങളായും ജീവിക്കാൻ തക്ക ഉദ്യോഗങ്ങൾ നല്കി സഹായ സഹകരണങ്ങൾ നല്കി സ്വസ്ഥമായി ജീവിക്കാനുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിക്കുന്നതിന്റെ ഫലമായി തലമുറകൾ വരെ സുഖമായി ജീവിക്കാനുള്ള അവസരങ്ങൾ അമേരിക്കയിലുള്ളതാണ് അനേകം രാജ്യങ്ങളിലുള്ള ചെറുപ്പക്കാർ മുതൽ പ്രായമായവർ വരെ അമേരിക്കയിലേക്കു ചേക്കേറുവാൻ ആഗ്രഹിക്കുന്നതും പ്രയത്നിക്കുന്നതും. ഇന്ന് ഭാരതീയരായ എത്ര ലക്ഷം കുടുംബങ്ങളാണ് അമേരിക്കയുടെ നന്മകൾ അനുഭവിച്ച് കുടുംബങ്ങളായും തലമുറകളായും കഴിയുന്നത്. ഹിന്ദു, മുസ്ലിം, ക്രിസ്ത്യാനി എന്ന വകഭേദമില്ലാതെ അവരവരുടെ വിശ്വാസപ്രമാണങ്ങൾ അനുസരിച്ച് ആരാധനാലയങ്ങൾ പണിത് ആരാധിക്കുവാനും അവരവരുടെ വിശ്വാസപ്രകാരം യാതൊരെതിർപ്പുമില്ലാതെ ജീവിക്കുവാനും ഉള്ള സ്വാതന്ത്ര്യമുള്ളത് എത്ര അനുഗ്രഹകരമാകുന്നു.



ലേഖിക

ഡോക്ടേഴ്സ്, നേഴ്സസ്, എഞ്ചിനീയേഴ്സ് ഇങ്ങനെ വിവിധ നിലകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കെല്ലാം അവരവരുടെ യോഗ്യതകളനുസരിച്ചുള്ള മേഖലകളിൽ ഉദ്യോഗങ്ങൾ നല്കി പ്രോത്സാഹിപ്പിച്ച് ഉന്നതസ്ഥാനങ്ങളിലെത്തിക്കുവാൻ അമേരിക്കൻ ഗവണ്മെന്റു ചെയ്യുന്ന പ്രോത്സാഹനങ്ങൾ പ്രശംസനീയം തന്നെ. നിയമപരമായി ഇമിഗ്രാന്റായി അമേരിക്കയിൽ പ്രവേശിച്ച് ചില വർഷങ്ങൾക്കുശേഷം അമേരിക്കൻ പൗരത്വം സ്വീകരിക്കാനുള്ള അവസരവും സ്വാതന്ത്ര്യവും നല്കി അമേരിക്കൻ പൗരന്മാർക്കു ലഭിക്കാവുന്ന എല്ലാ ആനുകൂല്യങ്ങളും നല്കുക എന്നത് എത്ര വലിയ സഹായമാകുന്നു. അതുമാത്രമല്ല ഇവിടെ വന്ന് സ്ഥിരതാമസക്കാരായി അവർക്കു ജനിക്കുന്ന തലമുറകൾക്ക് അമേരിക്കൻ പൗരത്വം നല്കി സ്വതന്ത്രമായി ജീവിക്കാനുള്ള നിയമങ്ങൾ അനുഭവിച്ചു കഴിയുന്ന നാം ഓരോരുത്തരും അമേരിക്കയെ സ്നേഹിക്കയും അമേരിക്കൻ നിയമങ്ങൾ പാലിക്കുകയും അമേരിക്കയുടെ പുരോഗമനത്തിനായി തങ്ങളാലാവോളം പരിശ്രമിക്കാൻ ബാദ്ധ്യസ്ഥരാണെന്ന് പറയേണ്ടതില്ലല്ലൊ.

നാമെല്ലാവരും അറിയുന്നതുപോലെ ഒരു തിരഞ്ഞെടുപ്പു കഴിഞ്ഞ് പുതിയ ഗവണ്മെന്റ് ആരംഭിച്ചിരിക്കുന്ന ഈ കാലയളവിൽ അമേരിക്ക വലിയൊരു പ്രതിസന്ധിയിലൂടെ കടന്നുപോകുകയാകുന്നു. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെനറ്റുകൾ, വിവിധ മേഖലകളിൽ പ്രവർത്തിക്കുവാൻ ഉത്തരവാദിത്തമുള്ള ഭരണാധികാരികളാൽ ഭരിക്കപ്പെടുന്ന ഒരു ഭരണകൂടത്തിന്റെ നിലനില്പ് ഇവിടെയുള്ള ജനങ്ങളുടെ ഐക്യതയും സഹകരണവും (ശേഷം 30-ാം പേജിൽ)

| | |
|---|---|
| **വിനിമയ നിരക്ക്** | |
| യു.എസ്. ഡോളർ | 86.85 |
| യൂറോ | 91.11 |
| സ്റ്റെർലിംഗ്പൗണ്ട് | 109.47 |
| സ്വിസ് ഫ്രാങ്ക് | 96.41 |
| സിംഗപ്പൂർ ഡോളർ | 64.78 |
| കനേഡിയൻ ഡോളർ | 61.23 |
| ഒമാൻ റിയാൽ | 225.64 |
| ബഹ്റൈൻ ദിനാർ | 230.50 |
| സൗദി റിയാൽ | 23.16 |
| യു.എ.ഇ. ദിർഹം | 23.64 |
| കുവൈത്ത് ദിനാർ | 281.63 |

# ഐപിസി കുടുംബ സംഗമം; കാനഡയിൽ പ്രമോഷണൽ യോഗം

നിബു വെള്ളവന്താനം

ന്യൂയോർക്ക്: വടക്കെ അമേരിക്കയിലെ ഐപിസി സഭകളുടെ 20-ാമത് കുടുംബ സംഗമത്തിന്റെ പ്രചാരണാർത്ഥം കാനഡയിൽ നടത്തപ്പെടുന്ന പ്രഥമ പ്രമോഷണൽ യോഗം മാർച്ച് 1 ശനിയാഴ്ച വൈകിട്ട് 5.30-ന് കേരള ക്രിസ്ത്യൻ അസംബ്ലി ചർച്ച് ഹാളിൽ (121 Norfinch Dr, Toronto, ON M3N 1W8, Canada) വെച്ച് നടത്തപ്പെടും. പാസ്റ്റർ ഡോ. ഷിബു തോമസ് (യുഎസ്എ) സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തും. അനുഗൃഹീത ഗായകർ സംഗീത ശുശ്രൂഷകൾക്ക് നേതൃത്വം നല്കും.

കോൺഫറൻസിന്റെ ദേശീയ ഭാരവാഹികളായ പാസ്റ്റർ സാം വർഗീസ്, ഫിന്നി ഏബ്രഹാം, ഏബ്രഹാം മോനീസ് ജോർജ്, റോബിൻ ജോൺ, സൂസൻ ജോൺസൺ തുടങ്ങിയവർ കുടുംബ സംഗമത്തിന്റെ ഇതുവരെയുള്ള ക്രമീകരണ പുരോഗതികൾ വിശദീകരിക്കും. സ്പോൺസർഷിപ്പും രജിസ്ട്രേഷനും ഭാരവാഹികളെ ഏല്പിക്കുവാൻ ഈയവസരം വിനിയോഗിക്കണമെന്ന് നാഷണൽ സെക്രട്ടറി ഫിന്നി ഏബ്രഹാം അറിയിച്ചു.

കോൺഫറൻസിന്റെ ദേശീയ പ്രതിനിധി പാസ്റ്റർ എബി കെ. ബെൻ, സംസ്ഥാന പ്രതിനിധികളായ റോയി ഫിലിപ്പ്, ടിജോ തോമസ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കും.




വടക്കെ അമേരിക്കയിലും കാനഡയിലും പാർക്കുന്ന ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ അംഗങ്ങളും കോൺഫറൻസ് അഭ്യുദയകാംക്ഷികളുമായി നിരവധി പേർ പങ്കെടുക്കുന്ന ചതുർദിന സമ്മേളനം ജൂലൈ 17 മുതൽ 20 വരെ കാനഡയിലെ എഡ്മന്റണിൽ വെച്ചാണ് നടത്തപ്പെടുന്നത്. രജിസ്ട്രേഷൻ നിരക്കിൽ ഇളവോടു കൂടി ലഭിക്കുന്നതിന്റെ അവസാന തീയതി മാർച്ച് 31 ആണ്.

കോൺഫറൻസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അനായസേന കോൺഫറൻസ് വെബ്സൈറ്റ് (www.ipcfamilyconference.org) വഴിയും രജിസ്റ്റർ ചെയ്യാവുന്നതാണ്.



# KERALA CLUB KICKS OFF GOLDEN JUBILEE CELEBRATIONS WITH GRANDEUR

Michigan: Kerala Club, Michigan's first Indian art and cultural association, founded in 1975, proudly kicked off its 50th-anniversary celebrations with a grand inaugural event at St. Thomas Orthodox Church. The event brought together cultural leaders, dignitaries, and community representatives who lauded Kerala Club's remarkable contributions over the past five decades and extended their best wishes for the year-long Jubilee festivities.

**Alan Chennithala**

The event was chaired by Hema Rachmale, a renowned philanthropist and social worker with over 30 years of community service. In her address, she emphasized Kerala Club's pivotal role in preserving Kerala's rich cultural heritage, fostering unity, and driving meaningful charitable initiatives.


To commemorate this milestone, Kerala Club has unveiled a robust calendar of events, including charity drives and cultural programs, reflecting its enduring commitment to service and its mission to celebrate Kerala's traditions and values.

One of the standout events is the Mega Music and Dance Ensemble, "Marquee," featuring renowned artists from Kerala. This eagerly awaited performance will take place on Saturday, May 10th, at the Fitzgerald High School Auditorium. "Marquee" promises to be a spectacular evening of music, dance, and cultural brilliance, celebrating Kerala Club's rich legacy while looking ahead to its future. The organizing committee extends a warm invitation to the community to join this historic celebration and support the year-long festivities. Let us come together to honor this remarkable milestone and create lasting memories!









# മരിച്ചിട്ടില്ല...

**രാജു മൈലപ്ര**

രാത്രിയുടെ ഏതോ യാമത്തിൽ ഞാൻ ഉറക്കമുണർന്നു. പതിയെ കണ്ണു തുറക്കുവാൻ ഒരു ശ്രമം നടത്തി. ആ ഉദ്യമം പൂർണ്ണമായി വിജയിച്ചോ എന്നു നിശ്ചയമില്ല.

ഉറക്കത്തിൽ കാറ്റു പോയിക്കാണുമോ എന്നൊരു ചെറിയ സംശയം എന്നെ അലട്ടി. അങ്ങനെയെങ്കിൽ ഞാൻ നരകത്തിലോ സ്വർഗ്ഗത്തിലോ ആയിരിക്കും.

ജന്മംകൊണ്ട് ഒരു സത്യക്രിസ്ത്യാനിയായ ഞാൻ, പത്തു കല്പനകളിൽ പലതും ലംഘിച്ചിട്ടുള്ളതുകൊണ്ട് നേരിട്ട് സ്വർഗ്ഗത്തിലെത്തുന്ന കാര്യം സംശയമാണ്.

'നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം' എന്നാണല്ലോ തിരുവചനം.

ചെറുപ്പത്തിന്റെ ചാപല്യത്തിൽ, എന്റെ അയൽക്കാരിയായ കുഞ്ഞമ്മിണിയെ, എന്നെപ്പോലെ തന്നെ സ്നേഹിക്കുവാൻ ഞാനൊരു ശ്രമം നടത്തി.

"അക്കരെ ഇക്കരെ നിന്നാൽ എങ്ങനെ ആശ തീരും

ഒന്നുകിൽ ആൺകിളി അക്കരയ്ക്ക്

അല്ലെങ്കിൽ പെൺകിളി ഇക്കരയ്ക്ക്..." എന്ന പാട്ടു പാടിക്കൊണ്ട് ഒരു ചൂണ്ടയിട്ടു നോക്കി.

തികച്ചും അപ്രതീക്ഷിതമായിരുന്നു അടുത്ത സംഭവം. കുഞ്ഞമ്മിണിയുടെ തടിമാടൻ ആങ്ങള കുഞ്ഞപ്പൻ, പുലിമുരുകനെപ്പോലെ ചീറിക്കൊണ്ട് 'നിന്റെ ആശ ഞാനിന്നു തീർത്തു തരാമെടാ പട്ടീ...' എന്ന് ആക്രോശിച്ചുകൊണ്ട് എന്റെ നേരെ ചീറിയടുത്തു.

അടുത്ത നിമിഷം അവന്റെ കാരിരുമ്പു കരങ്ങൾ കൊണ്ട് എന്റെ കരണം പുകയ്ക്കുമെന്നുള്ള പേടികൊണ്ട് എന്റെ സപ്ത നാഡികളും തകർന്നുപോയി.

കുഞ്ഞപ്പൻ തന്റെ ഉരുക്കുമുഷ്ടി കൊണ്ട് എന്റെ കൈയിൽ കടന്നുപിടിച്ചു. അവന്റെ കണ്ണുകളിൽ നിന്നും തീ പാറുന്നുണ്ടായിരുന്നു.

"നിന്റെ അപ്പനെ ഓർത്ത് ഇന്നു ഞാൻ നിന്നെ തല്ലുന്നില്ല. ഇനി നീ ആരുടെയെങ്കിലും ആശ തീർക്കാൻ ഇറങ്ങിയാൽ നിന്റെ കിടുങ്ങാമണി ഞാൻ ചവിട്ടി പൊട്ടിക്കും."



ലേഖകൻ

ആ ഒരു സംഭവത്തോടു കൂടി അയൽക്കാരെ സ്നേഹിക്കുന്ന പരിപാടി ഞാൻ നിർത്തി.

ജീവിതത്തിൽ ഒരിക്കലെങ്കിലും മോഷണം നടത്താത്തവരോ, കള്ളം പറയാത്തവരോ ആയി ആരും കാണുകയില്ല. ഈ വകുപ്പുകളിലും ഞാൻ എന്റേതായ കടമ നിർവഹിച്ചിട്ടുണ്ട്.

കല്പനകളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് 'അന്യന്റെ ഭാര്യയെ മോഹിക്കരുത്' എന്നത്.

എത്ര പ്രേമിച്ചു കല്യാണം കഴിച്ചവരാണെങ്കിൽ തന്നെയും കാലം കഴിയുമ്പോൾ മറ്റവന്റെ ഭാര്യ തന്റെ ഭാര്യയേക്കാൾ സുന്ദരിയാണെന്നൊരു തോന്നലുണ്ടാകാം.

"സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി" എന്ന് മത്തായിയുടെ സുവിശേഷത്തിൽ പറയുന്നു.

അങ്ങനെയെങ്കിൽ വ്യഭിചാരം ചെയ്യരുത് എന്ന കല്പനയും ലംഘിച്ചിരിക്കുവാനാണ് സാദ്ധ്യത. (സ്ത്രീകൾക്ക് ഈ നിയമം ബാധകമല്ലെന്നു തോന്നുന്നു)

വിവാഹവാർഷിക വേളയിലും ഭാര്യയുടെ ജന്മദിനത്തിലും അവരെ വാനോളം പുകഴ്ത്തി ഫേസ്ബുക്ക് പോസ്റ്റിടുന്ന ചില വേട്ടാവളിയന്മാരുണ്ട്.

"എന്റെ കരളേ!, നീ എന്റെ ജീവിതത്തിൽ കടന്നുവന്ന നിമിഷം മുതൽ എന്റെ ജന്മം സഫലമായി. എന്റെ എല്ലാ ഉയർച്ചയ്ക്കും കാരണം എന്റെ പൊന്നാണ്. നിന്റെ സൗന്ദര്യം എന്നെ മത്തുപിടിപ്പിക്കുന്നു. ഇനി ഒരായിരം ജന്മങ്ങൾ കഴിഞ്ഞാലും നീ തന്നെ എന്റെ ജീവിത പങ്കാളിയാകണമെന്നാണ് എന്റെ പ്രാർത്ഥന."

ഇത്തരം ഒരു കമന്റ് നിങ്ങളുടെ ഭർത്താവ് ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ ഉറപ്പിച്ചോളൂ, അയാൾക്ക് പരസ്ത്രീ ബന്ധമുണ്ട്.

അങ്ങനെ പല കല്പനകളും അറിഞ്ഞോ അറിയാതെയോ ലംഘിച്ചിട്ടുള്ള ഞാൻ എത്തപ്പെട്ടിരിക്കുന്നത് സ്വർഗ്ഗത്തിലല്ല എന്നുറപ്പ്!

സ്വർഗ്ഗത്തിലായിരുന്നെങ്കിൽ, മാലാഖാമാരുടെ സ്വർഗ്ഗീയ സംഗീതത്തിന്റെ അലയടികൾ കേൾക്കാമായിരുന്നു.

നരകത്തിലാകാനും സാദ്ധ്യതയില്ല. അവിടെ അടിപൊളി സെറ്റപ്പാണെന്നാണ് കേട്ടിട്ടുള്ളത്. കള്ളിന് കള്ള്, കഞ്ചാവിനു കഞ്ചാവ്, ഈജിപ്ഷ്യൻ സുന്ദരികളുടെ ബെല്ലി ഡാൻസ്...

(ശേഷം 30-ാം പേജിൽ)

# നെല്ലും നീരും – 2025 – ന് കൊടിയേറി

**ഫെബി തൈക്കകം**

ഒന്റാറിയോ-കാനഡ: ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് കാനഡയുടെ (കെസിഎസി) ക്നാനായ കത്തോലിക്കാ കോൺഗ്രസ് ഓഫ് വെസ്റ്റേൺ ഒന്റാറിയോയുടെയും (കെസിസിഡബ്ല്യുഒ) നേതൃത്വത്തിൽ ഏഴിലംകാരുടെ പൂരമായ 'നെല്ലും നീരും' കൊടിയേറി. കാനഡയിലെ പല പ്രവിശ്യകളിൽ സ്ഥിരതാമസമാക്കിയ ക്നാനായ കുടുംബങ്ങളെ ഒരുമിച്ചു ഒരു കുടക്കീഴിൽ അണിനിരത്തുന്നതിന്റെ ഭാഗമായിട്ടാണ് നെല്ലും 'നീരും' 2025 മെയ് 24-ന് നടത്തപ്പെടുന്നത്.




ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് കാനഡയുടെ ക്രിസ്മസ് ന്യൂഇയർ ആഘോഷങ്ങളുടെ ഭാഗമായി ഫെബ്രുവരി 8-ന് മിസ്സിസ്സാഗയിൽ വെച്ച് നടന്ന പരിപാടിയിൽ വെച്ചാണ് കെസിഎസിയുടെ പ്രസിഡണ്ട് ജോൺ തച്ചേത്തിന്റെയും കെസിസിഡബ്ല്യുഒയുടെ പ്രസിഡണ്ട് ഫെബി തൈക്കകത്തിന്റെയും നേതൃത്വത്തിൽ ക്നാനായക്കാരുടെ കുടുംബോത്സവത്തിന് 'നെല്ലും നീരും' എന്ന പേര് പ്രസിദ്ധീകരിച്ചത്. കുടുംബ കൂട്ടായ്മയ്ക്ക് പേര് നിർദ്ദേശിക്കുന്ന മത്സരം നടത്തിയിരുന്നു. ഏകദേശം 65 എൻട്രികൾ വന്ന മത്സരത്തിൽ നിന്നും നാലു പേരടങ്ങുന്ന ജഡ്ജിങ് പാനലാണ് 'നെല്ലും നീരും' എന്ന ക്നാനായക്കാരുടെ തനിമ നിലനിർത്തുന്ന പേര് തെരഞ്ഞെടുത്തത്.

എല്ലാ പ്രായക്കാർക്കുമുള്ള വിവിധയിനം കലാമത്സരങ്ങളും മീറ്റിംഗുകളും വിഭവസമൃദ്ധമായ ഭക്ഷണ കലവറയും കലാസന്ധ്യയുമായി ഒരു വർണാഭമായ ദിനമാണ് കാലഡോണിയയിൽ ഒരുങ്ങിക്കൊണ്ടിരിക്കുന്നത്. ഏകദേശം പത്തോളം കമ്മിറ്റികളുടെ നേതൃത്വത്തിലാണ് പരിപാടികൾ നടത്തപ്പെടുന്നത്. നോർത്ത് അമേരിക്കയിലുള്ള എല്ലാ ക്നാനായക്കാരെയും ഈ കുടുംബ കൂട്ടായ്മയായ 'നെല്ലും നീരി'ലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്തുകൊള്ളുന്നു.

'നെല്ലും നീരും 2025' കാനഡയിലെ ഏഴിലംകാരുടെ കുടുംബസംഗമം. കാനഡയിലെ എല്ലാ ക്നാനായ കുടുംബങ്ങൾക്കും ഒരുമിച്ചു കൂടാൻ ഒരു സുവർണ്ണാവസരം. തീയതി മെയ് 24, 2025. സ്ഥലം: 151Caithness Street East, Caledonia, ON N3W 1C2, Canada * Save the date! Stay turned!* Instagram: https://www.instagram.com/nellum neerum

# ഉത്സവത്തിനിടെ ആനകൾ ഇടഞ്ഞു, മൂന്നു പേർക്ക് ദാരുണാന്ത്യം

കൊയിലാണ്ടി: ക്ഷേത്രോത്സവത്തിനിടെ ഇടഞ്ഞ ആനകളിലൊന്ന് ക്ഷേത്ര ഓഫീസിന്റെ മുകളിലേക്കു വീണുണ്ടായ അപകടത്തിൽ മൂന്നുപേർക്ക് ദാരുണാന്ത്യം. 30 പേർക്കു പരുക്കേറ്റു. കൊയിലാണ്ടി കുറുവങ്ങാട് മണ



ക്കുളങ്ങര ക്ഷേത്രോത്സവത്തിനിടെ ഫെബ്രുവരി 14-ന് വൈകുന്നേരം ആറോടെയായിരുന്നു സംഭവം. കുറുവങ്ങാട് വട്ടാക്കണ്ടി ലീല (65), താഴത്തേടത്ത് അമ്മുക്കുട്ടി അമ്മ (78), വടക്കയിൽ രാജൻ (68) എന്നിവരാണു മരിച്ചത്. ഒരാൾ മരിച്ചത് ആനയുടെ ചവിട്ടേറ്റും മറ്റു രണ്ടുപേർ കെട്ടിടം തകർന്നുമാണ് മരിച്ചത്. പരുക്കേറ്റവരിൽ എട്ടുപേരുടെ നില ഗുരുതരമാണ്. സംഭവത്തെത്തുടർന്ന് ഉത്സവം നിർത്തിവെച്ചു.

കൊയിലാണ്ടി-താമരശേരി സംസ്ഥാന പാതയിൽ കൊയിലാണ്ടിയിൽ നിന്ന് നാലു കിലോമീറ്റർ അകലെയാണ് കുറുവങ്ങാട് മണക്കുളങ്ങര ക്ഷേത്രം. ഗുരുവായൂരിൽനിന്നെത്തിച്ച പീതാംബരൻ, ഗോകുൽ എന്നീ ആനകളാണ് ഇടഞ്ഞത്. പീതാംബരൻ ഇടഞ്ഞ് ഗോകുലിനെ കുത്തിയതോടെ ഗോകുൽ ക്ഷേത്ര ഓഫീസിന്റെ ഓടിട്ട കെട്ടിടത്തിന്റെ മുകളിലേക്ക് വീഴുകയായിരുന്നു. ഈ സമയത്ത് ഓഫീസിനകത്തും ചുറ്റുപാടും ധാരാളം ആളുകളുണ്ടായിരുന്നു.

ആന വീണതിനെത്തുടർന്ന് കെട്ടിടം തകർന്നു. ആളുകൾ അതിനുള്ളിൽ കുടുങ്ങി. മരിച്ച മൂന്നു പേരും ഓഫീസിനകത്തും ചുറ്റുഭാഗത്തും നിന്നവരാണ്. ആനകൾ ഇടഞ്ഞതോടെ ആളുകൾ പ്രാണരക്ഷാർഥം ഓടി. ഇതിനിടെ പലർക്കും ചവിട്ടേറ്റും തടഞ്ഞു വീണും പരുക്കേറ്റു.

കുറുവങ്ങാട് ശിവക്ഷേത്രത്തിൽനിന്നു മണക്കുളങ്ങര ക്ഷേത്രത്തിലേക്കുള്ള എഴുന്നള്ളിപ്പിന് ആനകളെ സജ്ജമാക്കുന്നതിനിടെയാണു പീതാംബരൻ എന്ന ആന ആദ്യം ഇടഞ്ഞത്. എഴുന്നള്ളിപ്പ് തുടങ്ങാനിരിക്കേ പടക്കം പൊട്ടിച്ചപ്പോൾ പീതാംബരൻ പരിഭ്രമിക്കുകയും അടുത്തുണ്ടായിരുന്ന ഗോകുലിനെ കുത്തുകയുമായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറഞ്ഞു.

ഇതിനിടെയാണ് ഗോകുൽ മറിഞ്ഞ് ക്ഷേത്ര ഓഫീസ് കെട്ടിടത്തിലേക്കു വീണത്. ആനകളുടെ പുറത്ത് തിടമ്പേറ്റിയവരിൽ ചിലർ വേഗത്തിൽ ചാടി രക്ഷപ്പെട്ടു. എന്നാൽ, ഇറങ്ങാൻ കഴിയാത്ത രണ്ടുപേരെയും കൊണ്ട് ആന ഒരുപാട് ദൂരം ഓടി. ക്ഷേത്രത്തിലേക്കുള്ള വരവിനിടെ പടക്കം പൊട്ടിച്ചപ്പോൾ ആന വിരളുകയായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. ക്ഷേത്രത്തിന്റെ തെക്കുഭാഗത്തേക്കും വടക്കുഭാഗത്തേക്കും ഓടിയ ആനകളെ പിന്നീട് തളച്ചു.

പരുക്കേറ്റവരിൽ ഏറെയും സ്ത്രീകളാണ്. പരുക്കേറ്റവരെ കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലും കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലും സ്വകാര്യ ആശുപത്രികളിലും പ്രവേശിപ്പിച്ചു.

# സ്വകാര്യ സർവകലാശാലയിൽ കേരളീയ വിദ്യാർത്ഥികൾക്ക് 40 ശതമാനം സംവരണം

തിരുവനന്തപുരം: കേരളത്തിൽ പുതുതായി തുടങ്ങാനിരിക്കുന്ന സ്വകാര്യ സർവകലാശാലകളിൽ കേരളീയരായ വിദ്യാർത്ഥികൾക്കുള്ള 40 ശതമാനം സംവരണം നടപ്പാക്കുക കേരളത്തിലെ സർവകലാശാലകളിൽ നിലവിലുള്ള സംവരണ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ. സർവകലാശാലകളിൽ നിലവിലുള്ള പ്രവേശനം ഇങ്ങനെയാണ്: ഓപ്പൺ മെറിറ്റ് – 50 ശതമാനം, ഒബിസി – 20 ശതമാനം, പട്ടികജാതി–15 ശതമാനം, പട്ടികവർഗം – 5 ശതമാനം, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ – 10 ശതമാനം.

സ്വകാര്യ സർവകലാശാലകളിലെ 60 ശതമാനം സീറ്റിലേക്കു മലയാളികളടക്കം ആർക്കും അപേക്ഷിക്കാം. ബാക്കിയുള്ള 40 ശതമാനത്തിൽ പകുതി സീറ്റുകൾ (20 ശതമാനം) മലയാളികൾക്കുള്ള ഓപ്പൺ മെറിറ്റ് സീറ്റുകളായി നീക്കിവെക്കും. പട്ടികവിഭാഗങ്ങൾ, ഒബിസി, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ എന്നിവർക്കായി 20 ശതമാനം വീതം വെക്കും. ഈ വിഭാഗങ്ങൾക്കു സർവകലാശാലകളിൽ നിലവിൽ ലഭിക്കുന്ന സംവരണത്തിന് ആനുപാതികമായിട്ടായിരിക്കും വീതംവെപ്പ്. കേരളത്തിലെ വിദ്യാർത്ഥികൾക്കു നീക്കിവെച്ചിരിക്കുന്ന 40 ശതമാനം സീറ്റുകളിൽ സർവകലാശാലകളിലെ സംവരണ ചട്ടം ബാധകമാകുമെങ്കിലും ബാക്കിയുള്ള 60 ശതമാനം സീറ്റുകളിൽ ഇതു ബാധകമാകില്ല.

# SEEKING BRIDEGROOM

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email: **mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor

# SEEKING BRIDE

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email :- **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

*Parents from US are inviting proposals for their born again son working as a doctor (MD, 33 years, fair and slim). If interested, please email at **Questhdan@gmail.com**

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

## SEEKING BRIDEGROOM CONTD.....

and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

KERALA EXPRESS

# നിര്യാതരായി

## പി.ടി. രാജു

**മല്ലപ്പള്ളി:** ദീർഘകാലം വടക്കെ ഇന്ത്യയിൽ സുവിശേഷകനായിരുന്ന റാന്നി തെങ്ങുംതോട്ടത്തിൽ പാസ്റ്റർ പി.ടി. രാജു (68) അന്തരിച്ചു. ഭാര്യ ആനിക്കാട് പൂച്ചെടിയിൽ മോളമ്മ. മക്കൾ: മെറിൻ (യുഎസ്), ഷെറിൻ (റാഞ്ചി). മരുമക്കൾ: വെള്ളൂർ ഗ്രേസ് വില്ലയിൽ സോജിത് രാജ് (യുഎസ്), പെരുമ്പാവൂർ കയത്തിൻകര ജോഷിൻ കെ. ജോസ് (റാഞ്ചി).

## മേരി ഏബ്രഹാം

**കാളകെട്ടി:** ചങ്ങനാശേരി എസ്.ബി. കോളജ് റിട്ട. പ്രഫസർ തൈപ്പറമ്പിൽ പരേതനായ ടി.വി. ഏബ്രഹാമിന്റെ ഭാര്യ മേരി ഏബ്രഹാം (പെണ്ണമ്മ-92) അന്തരിച്ചു. ആനക്കല്ല് പടിഞ്ഞാറെമുറിയിൽ കുടുംബാംഗമാണ്. മക്കൾ: ഗ്ലോറി കുരുവിള, റാണി ജോസഫ്, ജോർജ് ഏബ്രഹാം, മോളി ജോർജ്, മിനി ജോജി (യുഎസ്). മരുമക്കൾ: വിജയൻ വെള്ളാത്തോട്ടം, ഔസേപ്പച്ചൻ പുതിയാപറമ്പിൽ, ഹിൽഡ ജോർജ് പുതിയിടം, പരേതനായ വക്കച്ചൻ നീരാളക്കോട്ടിൽ, ജോജി പനയ്ക്കൽ (യുഎസ്).

## അന്നമ്മ കുരുവിള



**കോട്ടയം:** കീഴുക്കുന്ന് ഉറുമ്പേത്ത് പരേതനായ യു.എൽ. കുരുവിളയുടെ ഭാര്യ അന്നമ്മ കുരുവിള (93) ന്യൂയോർക്കിൽ അന്തരിച്ചു. കോട്ടയം വില്ലൂത്ര കുടുംബാംഗമാണ്. മക്കൾ: ആനി, രമണി, രാജു, സജി, സുജ, ജോ. മരുമക്കൾ: ഫ്രാൻസിസ് ഊരാളിൽ (ടെക്സസ്), മാത്തച്ചൻ (ടെക്സസ്), മീര വട്ടത്തിൽ (ന്യൂയോർക്ക്), മിനി പുല്ലാട്ട് (ന്യൂയോർക്ക്), ബേബിമോൾ കുന്നശേരിൽ (ന്യൂയോർക്ക്).

**തിരുവല്ല:** സിആർപിഎഫ് റിട്ട. ഉദ്യോഗസ്ഥൻ മതിൽഭാഗം കിഴക്കില്ലത്ത് ഗോപാലകൃഷ്ണൻ നായർ (75) അന്തരിച്ചു.

## സി.ജെ. ജോസഫ്

**കുറുപ്പന്തറ:** ചെറുവള്ളിപ്പറമ്പിൽ സി.ജെ. ജോസഫ് (കുട്ടപ്പൻ-85) യുഎസിൽ അന്തരിച്ചു. ഭാര്യ കോതനല്ലൂർ കൊമ്പനായിൽ മറിയാമ്മ. മക്കൾ: സോളി, സോഫി, സോഷി, സോമി, സോണി, സോജി, സോയി. മരുമക്കൾ: ചാക്കോ, മാർട്ടിൻ, സിന്ധു, റെജി, നിഷ, ജെസി, ലിസി.

**തിരുവനന്തപുരം:** സെൻട്രൽ പോളിടെക്നിക്കിൽ ടെക്സ്റ്റൈൽ ടെക്നോളജി വിഭാഗം മുൻ മേധാവി കുന്നുകുഴി തട്ടുങ്കൽ ടി.കെ. കോര (ബേബി-89) അന്തരിച്ചു.

## സജിമോൻ ടി. കുര്യാക്കോസ്

**വാകത്താനം:** ഏഷ്യാനെറ്റ് (കോട്ടയം) സൂപ്പർവൈസർ കണ്ണൻചിറ തെക്കേക്കര പരേതനായ ടി.യു. കുര്യാക്കോസിന്റെയും കുഞ്ഞൂഞ്ഞമ്മയുടെയും മകൻ സജിമോൻ ടി. കുര്യാക്കോസ് (50) അന്തരിച്ചു. ഭാര്യ പരിയാരം ചെങ്ങളത്തിൽ പുത്തൻപുരയ്ക്കൽ വിജി (യുഎസ്). മക്കൾ: ജിയ അന്ന സജി, ആഷ്ബൽ സജി.

**കൈപ്പുഴ:** ബെംഗളൂരു കോളാർ ഗോൾഡ് ഫീൽഡ്സ് (ബിഇഎംഎൽ) റിട്ട. എൻജിനീയർ കൈപ്പുഴ പാലത്തുരുത്ത് ഓട്ടപ്പള്ളിൽ ജോസഫ് തോമസ് (88) അന്തരിച്ചു.

## തോമസ് ഫിലിപ്പ്

**മാവേലിക്കര:** നാഷണൽ ഇൻഷുറൻസ് കമ്പനി മുൻ മാനേജർ ഈഴക്കടവ് ആഞ്ഞിലിമൂട്ടിൽ തോമസ് ഫിലിപ്പ് (83) അന്തരിച്ചു. ഭാര്യ ചെറുകോൽ കൊന്നയിൽ വീട്ടിൽ മേരി ഫിലിപ്പ്. മക്കൾ: സൂസൻ ജോർജ്, തോമസ് ജോബോയ് ഫിലിപ്പ്, സിനി ജേക്കബ് (മൂവരും യുഎസ്). മരുമക്കൾ: ചെങ്ങന്നൂർ മംഗലം തലശേരി ജോർജ് ടി. ജോൺ, ചെങ്ങന്നൂർ പൈനുംമൂട്ടിൽ സലോമി തോമസ്, ആറാട്ടുപുഴ കരിയത്ത് ജേക്കബ് മാത്യു (മൂവരും യുഎസ്).

## ലീലാമ്മ ജോർജ്

**വെള്ളയാംകുടി:** പടിഞ്ഞാറേതിൽ ലീലാമ്മ ജോർജ് (71) അന്തരിച്ചു. ഇരട്ടയാർ വാവലുമാക്കൽ കുടുംബാംഗമാണ്. ഭർത്താവ് ജോർജ് ഔസേഫ്, മക്കൾ: നോബിൾ (ഓസ്ട്രേലിയ), രാഹുൽ (യുഎസ്), ദീപക് (ലണ്ടൻ). മരുമക്കൾ: വാഴത്തോപ്പ് കുമ്പാട്ട് നിമ്മി ജോയി, വെച്ചൂച്ചിറ അടിച്ചിലാമാക്കൽ ജിബിൻ, വാഴത്തോപ്പ് കുത്തനാപ്പള്ളിൽ അഞ്ജു മാനുവൽ.

## കെ.വി. മാത്യൂസ്

**കുമ്പനാട്:** ഗുജറാത്ത് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് റിട്ട. ഡെപ്യൂട്ടി ഡയറക്ടർ കുമ്പനാട്ട് കുടുംബാംഗം കൊച്ചുപ്ലാമൂട്ടിൽ കെ.വി. മാത്യൂസ് (84) യുഎസിൽ അന്തരിച്ചു. ഭാര്യ പരേതയായ ഫ്ളോറൻസ് മാത്യൂസ്. മക്കൾ: ബീന മാത്യൂസ് (ബറോഡ), ജ്ഞേഷ് മാത്യൂസ് (യുഎസ്), പരേതയായ റീന മാത്യൂസ്. മരുമക്കൾ: പ്രകാശ് മാത്യു, ഷാരൻ മാത്യൂസ് (യുഎസ്).

**കിളിമാനൂർ:** നിലമേൽ എൻ.എസ്.എസ് കോളജ് റിട്ട. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ പഴയകുന്നുമ്മേൽ പഞ്ചായത്ത് മുൻ അംഗം ചെമ്പകശ്ശേരി ശ്രീവിനായകയിൽ പി.ആർ. ഗോപാലകൃഷ്ണൻ (75) അന്തരിച്ചു.

**കടയനിക്കാട്:** കുഴിപതാലിൽ പരേതനായ യോഹന്നാന്റെ ഭാര്യ അന്നമ്മ (94) അന്തരിച്ചു.

**രാമപുരം:** ചോലിക്കര റോസമ്മ ജോസഫ് (86)അന്തരിച്ചു.

## ഒ.എം. തോമസ്

**പങ്ങട-പാറാമറ്റം:** റിട്ട. ഫോറസ്റ്റർ ഉപ്പൂട്ടിൽ ഒ.എം. തോമസ് (പുന്നച്ചൻ-80) അന്തരിച്ചു. ഭാര്യ റാന്നി ചേന്നനാനിക്കൽ തോപ്പിൽ സൂസൻ തോമസ്. മക്കൾ: ഷിബി സുരേഷ്, ഷിജി തോമസ്, ഷെറി കുരുവിള (യുഎസ്). മരുമക്കൾ: സുരേഷ് ഏബ്രഹാം കൊടൂർ (വാകത്താനം), നിത ഷിജി കുളത്തുങ്കൽ (അരീപ്പറമ്പ്), സിജിൻ കുരുവിള തകിടിയേൽ വെള്ളൂർ (യുഎസ്).

## ചിന്നമ്മ തോമസ്



**ഹൂസ്റ്റൺ:** അയിരൂർ പകലോമറ്റം കോളാകോട്ട് പരേതനായ കെ.ടി. തോമസിന്റെ ഭാര്യ ചിന്നമ്മ തോമസ് (102) ഹൂസ്റ്റണിൽ അന്തരിച്ചു. അയിരൂർ ചായൽ മാർത്തോമ്മാ ഇടവകാംഗമായിരുന്ന പരേത സുവിശേഷ സേവികാസംഘം സെന്റർ സെക്രട്ടറിയും സൺഡേസ്കൂൾ അദ്ധ്യാപികയുമായിരുന്നു. പുന്നക്കാട് കുഴിമ്പാറ കുടുംബാംഗമാണ്. മക്കൾ: വത്സ മാത്യു (ഹൂസ്റ്റൺ), ആലീസ് മാത്യു (ലോസാഞ്ചലസ്), അനു ജോർജ് (ലെനി-ലോസാഞ്ചലസ്). മരുമക്കൾ: ടി.എ. മാത്യു (മാർത്തോമ്മാ നോർത്തമേരിക്ക ഭദ്രാസനം മുൻ ട്രഷറർ), ജേക്കബ് മാത്യു (ലോസാഞ്ചലസ്), കെ.എസ്. ജോർജ് (ലോസാഞ്ചലസ്).

**മൂലമറ്റം:** സെ. ജോസഫ്സ് കോളജ് റിട്ട. ലാബ് അസിസ്റ്റന്റ് പണങ്കയത്ത് ജോണി തോമസ് (64) അന്തരിച്ചു.

## മറിയാമ്മ മാത്യു

**കുഴിമറ്റം:** മഠത്തിപ്പറമ്പിൽ മറിയാമ്മ മാത്യു (കുഞ്ഞമ്മ-96) ന്യൂയോർക്കിൽ അന്തരിച്ചു. കാരാപ്പുഴ കോലത്തുപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.പി. മാത്യു. മക്കൾ: പരേതയായ ആനി (മാവേലിക്കര), അക്കമ്മ, ആലീസ് (ഇരുവരും ബെംഗളൂരു), റെയ്ച്ചൽ, മറിയാമ്മ, അച്ചാമ്മ, ഫിലിപ്പ്, കുര്യൻ, മനു (എല്ലാവരും യുഎസ്). മരുമക്കൾ: ജോൺ ഫിലിപ്പ്, പരേതനായ ഫാ. ജോർജ് കോശി, ഇ. കുരുവിള, റജി മത്തായി, സതീഷ് സ്കറിയ, ആഷ ഫിലിപ്പ്, ബിനു തോമസ്, ഷൈനി മാത്യു.

**കുഴിമറ്റം:** പരുമല ദേവസ്വം ബോർഡ് എച്ച്.എസ്. റിട്ട. ഉദ്യോഗസ്ഥൻ മണക്കാട്ട് കാർത്തികയിൽ എം.ആർ. മധുസൂദന കൈമൾ (71) അന്തരിച്ചു.

## ഡോ. എൻ. സത്യലതാ ദേവി

**പള്ളിക്കത്തോട്:** ആനിക്കാട് കയ്യൂരി ഒട്ടമ്മാക്കൽ ഹോമിയോ ഡോക്ടർ എൻ. സത്യലതാദേവി (90) അന്തരിച്ചു. പാമ്പാടി അറയ്ക്കൽ സത്യവിലാസം കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.എൻ. ഭാസ്കരൻ നായർ. മക്കൾ: ബി. രാജഗോപാൽ, ഡോ. ബി. വേണുഗോപാൽ, ബി. ഹരികുമാർ, ബി. ശ്രീകുമാർ, ബി. വിജയകുമാർ (യുഎസ്). മരുമക്കൾ: സുധാ രാജഗോപാൽ പൂവത്തറ (തിരുവഞ്ചൂർ), നിഷാദേവി തലപ്പള്ളിൽ (ചിറക്കടവ്), കെ.എൽ. ഗംഗാ കോവൂർ മറ്റക്കര, അമ്പിളി അനുഭവൻ മൂലേടം, നിരഞ്ജന തുണ്ടിയിൽ തിരുവല്ല (യുഎസ്).

**കോട്ടയം:** പുതിയോട്ട് പരേതനായ അഡ്വ. പി.സി. നൈനാന്റെ (കോട്ടയം ബാർ അസോസിയേഷൻ മുൻ പ്രസിഡണ്ട്) ഭാര്യ ശാന്ത നൈനാൻ (86) അന്തരിച്ചു.

## ആനി കുര്യൻ

**മാവേലിക്കര:** കെഎസ്ആർടിസി റിട്ട. സൂപ്രണ്ട് കണ്ടിയൂർ താമരവേലിൽ ആനി കുര്യൻ (ലിസി-84) അന്തരിച്ചു. മാവേലിക്കര കടവിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ടി.ഒ. കുര്യൻ. മക്കൾ: ഉമ്മൻ കെ. താമരവേലിൽ, ഫിലിപ്പ് കുര്യൻ (ഇരുവരും യുഎസ്). മരുമക്കൾ: ബീന മാത്യു, സുജ ചാണ്ടി (ഇരുവരും യുഎസ്).

## വർഗീസ് ഫിലിപ്പ്

**കൊച്ചി:** ചുങ്കപ്പാറ തോട്ടത്തിൽ വർഗീസ് ഫിലിപ്പ് (ജോയിച്ചൻ-83) അന്തരിച്ചു. ഭാര്യ നെടുങ്ങാടപ്പള്ളി മറ്റത്തിൽ റോസമ്മ. മക്കൾ: ബിറ്റു ജി. ഫിലിപ്പ്, ബിനു എലിസബത്ത് ഫിലിപ്പ് (യുഎസ്). മരുമക്കൾ: പ്രീതി തോമസ്, ജോർജ് തോമസ് (യുഎസ്).

## കുര്യാക്കോസ് വർക്കി

**കോതമംഗലം:** ഇലവുംപറമ്പ് കൗങ്ങംപള്ളിൽ കുര്യാക്കോസ് വർക്കി (79) അന്തരിച്ചു. ഭാര്യ അടിമാലി ആനവിരട്ടി മുതിരക്കാലായിൽ പരേതയായ അച്ചാമ്മ. മക്കൾ: ജീസ് (യുകെ), ജിബു (ഓസ്ട്രേലിയ), ജീന (യുഎസ്). മരുമക്കൾ: സിന്ധു കോച്ചാടത്തിൽ കീരംപാറ (യുകെ), സ്മിത മാർക്കരയിൽ കക്കാടശേരി (ഓസ്ട്രേലിയ).

**വെള്ളാപ്പള്ളി:** കെഎസ്ഇബി റിട്ട. ഓവർസിയർ തൈപ്പറമ്പിൽ കെ.സി. ജോൺ (83) അന്തരിച്ചു.

**കോഴിക്കോട്:** ചെറുപുഷ്പ ബഥനി സന്യാസ സഭാംഗം വെസ്റ്റ്ഹിൽ യൂഡ്സ് കോൺവന്റിൽ സിസ്റ്റർ തോമസിറ്റ (80) അന്തരിച്ചു.

**കുറവിലങ്ങാട്:** മരങ്ങാട്ടുപിള്ളി സെ. തോമസ് ഹൈസ്കൂൾ റിട്ട. പ്രധാനാദ്ധ്യാപകൻ പേരവേലിൽ സി.ടി. തോമസ് (97) അന്തരിച്ചു.

## ഏലിക്കുട്ടി തോമസ്

**കടുത്തുരുത്തി:** മാന്നാർ പനക്കലായ മുകളേപറമ്പിൽ (വെളുത്തേടത്ത്) ഏലിക്കുട്ടി തോമസ് (96) അന്തരിച്ചു. കളത്തൂർ വട്ടുകുളത്തേൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ മത്തായി തോമസ്. മക്കൾ: ആലീസ് കളപ്പുരയിൽ (ജർമ്മനി), സിസ്റ്റർ ലില്ലി തോമസ് (ഗുജറാത്ത്), ത്രേസ്യാമ്മ തോമസ്, എം.ടി. ജോസ്, രാജു തോമസ് (ഡൽഹി), ലൈസ ബിജു, ഏബ്രഹാം തോമസ് (യുഎസ്). മരുമക്കൾ: ഏബ്രഹാം കളപ്പുരയിൽ (കടുത്തുരുത്തി), ജെസി ജോസ് തൊട്ടിപ്പറമ്പിൽ (ആയാംകുടി), ഷൈനി രാജു പ്ലാത്തോട്ടത്തിൽ (പാതാമ്പുഴ), ബിജു തോമസ് എടേട്ട് (കുര്യം), ആനി ഏബ്രഹാം ആലപ്പാട്ട് (മാന്നാർ).

## റെയ്ച്ചൽ ഉമ്മൻ



**ബർഗൻഫീൽഡ്:** കല്ലൂപ്പാറ കൈതയിൽ മുണ്ടകക്കുളത്തിൽ ജോർജ് ഉമ്മന്റെ (തമ്പാച്ചൻ) ഭാര്യ റേച്ചൽ ഉമ്മൻ (മോളി-74) ന്യൂജേഴ്സിയിലെ ബെർഗൻഫീൽഡിൽ അന്തരിച്ചു. പരേത പത്തനംതിട്ട ഉതിമൂട് ഇളവട്ട കുടുംബാംഗമാണ്. മക്കൾ: തോമസ് ജോർജ് (ജോമോൻ) ന്യൂജേഴ്സി, ജോളി ആഡംസ് (ഒഹായോ). മരുമക്കൾ: ഷാരൻ (ന്യൂജേഴ്സി), ആഡംസ് (ഒഹായോ).

**കോട്ടയം:** പ്രക്കാട്ട് ജ്വല്ലേഴ്സ് (ദോഹ, ഖത്തർ) മാനേജിങ് ഡയറക്ടർ കുമാരനെല്ലൂർ പ്രക്കാട്ട് പി.പി. സെബാസ്റ്റ്യൻ (കുഞ്ഞായി-69) അന്തരിച്ചു.

## എ.ജി. നൈനാൻ

**കുന്നന്താനം:** ചെങ്ങരൂർചിറ പുലിപ്ര ആഞ്ഞിലിമൂട്ടിൽ എ.ജി. നൈനാൻ (ജോയിക്കുട്ടി-75) അന്തരിച്ചു. ഭാര്യ കല്ലൂപ്പാറ ചക്കാലമുറിയിൽ ആലീസ്. മക്കൾ: ഷിനു (യുഎസ്), ഷീജ (മസ്കറ്റ്), ഷൈജു, ഷിബിൻ (കാനഡ). മരുമക്കൾ: റാന്നി കല്ലിൽ സാജു വർഗീസ്, പ്രാക്കാനം ഇടമുരുപ്പേൽ റെൻസി മാത്യൂസ്, പാണ്ടനാട് കണ്ണേത്തേക്കാട്ടിൽ മാത്യൂസ് ജോൺ (ഖത്തർ), ലിജി.

**പുതുപ്പള്ളി:** കിഴക്കേപറമ്പിൽ പരേതനായ പ്രധാനാദ്ധ്യാപകൻ കെ.എ. ജോർജിന്റെ ഭാര്യ ഏലിയാമ്മ ജോർജ് (കുഞ്ഞമ്മ-85) അന്തരിച്ചു.

**കുറിച്ചിത്താനം:** കാഞ്ഞിരം തറപ്പേൽ (മുടിയിൽ) ചാക്കോ ഔസേപ്പിന്റെ ഭാര്യ മേരി ചാക്കോ (80) അന്തരിച്ചു.

## ഡോ. ഏലിയാമ്മ പി. തോമസ്

**കുന്നന്താനം:** പാലയ്ക്കത്തകിടി പാറാങ്കമണ്ണിൽ പരേതരായ വർഗീസ് തോമസിന്റെയും മറിയാമ്മയുടെയും മകൾ ഡോ. ഏലിയാമ്മ പി. തോമസ് (86) അമേരിക്കയിൽ അന്തരിച്ചു.

## ലീലാമ്മ വർഗീസ്

**ചങ്ങനാശേരി:** വാഴപ്പള്ളി ഇളമതയിൽ പരേതനായ ഈപ്പൻ വർഗീസിന്റെ ഭാര്യ ലീലാമ്മ വർഗീസ് (86) അന്തരിച്ചു. മൈലപ്ര തെങ്ങുംതറ മേടയിൽ കുടുംബാംഗമാണ്. മക്കൾ: ബിനോയി (ന്യൂ അമല മെഡിക്കൽസ്), റെജി ഇളമത, ജോഷി (യുഎസ്), ജെസി, സ്മിത, ഗീത (ഇരുവരും അധ്യാപികമാർ). മരുമക്കൾ: ആനു കരുവേലിൽ ഒറ്റവേലിൽ, ജെസി കൈപ്പനാനിക്കൽ, രശ്മി ചെന്നക്കാട്, ജോസുകുട്ടി മുള്ളോങ്കൽ, സജി കണ്ടത്തിൽ, ടോമി നൂറനാനിക്കൽ.

**കടപ്ലാമറ്റം:** കോൺഗ്രിഗേഷൻ ഓഫ് ജീസസ് സന്യാസ സഭാംഗമായ സിസ്റ്റർ സി.ജെ. സ്റ്റെഫിനി (86) പട്നയിൽ അന്തരിച്ചു.

## കെ.എ. ത്രേസ്യാമ്മ

**പന്തത്തല:** കങ്ങഴക്കാട്ട് പരേതനായ കെ.എ. ചാക്കോയുടെ ഭാര്യ മുത്തോലി ഈസ്റ്റ് സർവീസ് സഹകരണ ബാങ്ക് മുൻ സെക്രട്ടറി കെ.എ. ത്രേസ്യാമ്മ (81) അന്തരിച്ചു. ആനിക്കാട് കുഴിവേലിൽ കുടുംബാംഗമാണ്. മക്കൾ: ശോഭ, ലേഖ, സജൻ (മൂവരും യുഎസ്), പ്രീമ, സാജൻ, സ്മിത, പ്രിയ (ബഹറിൻ). മരുമക്കൾ: മാത്യൂസ് ചെമ്പരത്തി പിഴക്, ടോം പ്രകാശ് വടക്കൻ പാലാ, സ്മിത മാത്യു ഞാവള്ളിൽ പുത്തൻപുരയിൽ പാലാ (മൂവരും യുഎസ്), ടോമി സെബാസ്റ്റ്യൻ വാതല്ലൂർ പന്തത്തല, ഡിനിമോൾ ദേവസ്സി നട്ടത്ത് മൂവാറ്റുപുഴ, ടോം ജോസഫ് ഞാവള്ളിൽ പുത്തൻപുരയിൽ പാലാ (മർച്ചന്റ് നേവി), ജോബി മാത്യു കല്ലുങ്കൽ തിരുവല്ല (ബഹറിൻ).

**കുറുപ്പന്തറ:** സെ. തോമസ് സ്കൂൾ റിട്ട. അധ്യാപിക വാതപ്പള്ളിയിൽ ആനി തോമസ് (64) അന്തരിച്ചു.

## ജോയി പി. ഈശോ

**കുറിയന്നൂർ:** ഇന്ത്യൻ എയർഫോഴ്സിലും ഖത്തർ ഗൾഫ് എയറിലും ഉദ്യോഗസ്ഥനായിരുന്ന പുന്നത്തുണ്ടിയിൽ ജോയി പി. ഈശോ (83) അന്തരിച്ചു. ഭാര്യ കിഴക്കൻ മുത്തൂർ കൊട്ടാരത്തിൽ പട്ടവന പുത്തൻപുരയിൽ കുടുംബാംഗമായ മറിയാമ്മ ജോയി. മക്കൾ ഡോ. ജോജു പി. ജോയി, ഡോ. ജീന ലിയോൺ സാമുവൽ (ഇരുവരും യുഎസ്), ഡോ. ജോബിൻ പി. ജോയി (ഫുജൈറ). മരുമക്കൾ: കീഴില്ലം പതിക്കൽ റീന, ആനപ്പാറതൈയിൽ മാപ്പുറത്ത് ലിയോൺ, വഴുതക്കാട് ബഥേൽ ഹൗസിൽ ആശ.

## COMMERCIAL BUILDING FOR SALE AT KURAVILANGAD, KOTTAYAM

കുറവിലങ്ങാട് ജംഗ്ഷനിൽ M.C Road സൈഡിൽ 30 സെന്റ് സ്ഥലത്തോട് കൂടി 3 നിലയിലുള്ള commercial building (Aprx. 10,000 ചതുരശ്ര അടി) വില്പനയ്ക്ക്. NRI-കാർക്ക് മുൻഗണന. Owners retiring! Great investment opportunity! Mostly rented by banks!

**Serious buyers please contact**

**(USA) 1 (407) 312 9926 OR 1908 764 0342 OR**

**E-mail: medqis@gmail.com**

## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

## LOOKING FOR LIVE-IN CAREGIVER IN DETROIT

Looking for a female caregiver for an 84 year old woman. (Preferably Malayalam speaking) in Detroit to assist with her daily activities. If you are interested,

**please contact**

**Joji Varughese 586-610-9932**

**for more information.**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

### *Favors Received*



*Inserted by: Firm Believer, Houston*

### *Favors Received*



*Inserted by: Firm Believer, Houston*

### ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ



*Inserted by: Firm Believer, Oklahoma*

### ഉപകാരസ്മരണ



*Inserted by: Firm Believer, Oklahoma*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Boston*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Boston*

**Visit Our Website: www.keralaexpress.com for Classified Advt.**

# വയനാട് പുനർനിർമാണം: വായ്പയ്ക്കൊപ്പം ഗ്രാന്റും വേണം

തിരുവനന്തപുരം: വയനാട് പുനർനിർമാണത്തിനായി കേന്ദ്രം നൽകിയ കാപ്പക്സ് വായ്പയ്ക്കൊപ്പം കേരളത്തിന് അർഹതപ്പെട്ട ഗ്രാന്റും അനുവദിക്കണമെന്ന നിലപാടിൽ ഉറച്ച് കേരളം. വയനാട് പുനർനിർമാണത്തിനായുള്ള ഗ്രാന്റ് നേടിയെടുക്കാൻ രാഷ്ട്രീയ-ഉദ്യോഗസ്ഥ സമ്മർദം ശക്തമാക്കാനും തീരുമാനിച്ചു. അതിതീവ്ര ദുരന്തമായി കേന്ദ്രസർക്കാരും അംഗീകരിച്ച വയനാട് പുനർ നിർമാണത്തിന് വായ്പ അനുവദിച്ച കേന്ദ്ര നടപടിക്കെതിരെ കോൺഗ്രസ് പ്രതിഷേധം ശക്തമാക്കിയതോടെയാണ് വായ്പയിൽ ഒതുങ്ങാതെ ഗ്രാന്റിനായുള്ള വാദവും തുടരാൻ കേരള സർക്കാർ തീരുമാനിച്ചത്.

കേരളം നൽകിയ പാക്കേജിന് ആനുപാതികമായ തുക ഗ്രാന്റായി അനുവദിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ വീണ്ടും പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും ദുരന്തപ്രതികരണ വകുപ്പിന്റെ ചുമതലയുള്ള ആഭ്യന്തരമന്ത്രി അമിത്ഷായ്ക്കും കത്തെഴുതും. ഇരുവരെയും നേരിട്ടു കണ്ട് ആവശ്യം ഉന്നയിക്കുന്നതും പരിഗണനയിലുണ്ട്. ഇപ്പോൾ അനുവദിച്ച വായ്പയിൽ 75 ശതമാനം തുക ഗ്രാന്റ് ആക്കണമെന്ന ആവശ്യം ഉന്നയിക്കുന്നതും സർക്കാരിന്റെ പരിഗണനയിലുണ്ട്.

അതേസമയം, അനുവദിച്ച കാപ്പക്സ് വായ്പ എങ്ങനെയും വാങ്ങിയെടുക്കാനുള്ള നടപടികളും സ്വീകരിക്കും. വിനിയോഗ സർട്ടിഫിക്കറ്റ് നൽകാനുള്ള കാലപരിധി ഉയർത്തണമെന്ന ആവശ്യം രാഷ്ട്രീയമായും ഉദ്യോഗസ്ഥ തലത്തിലും ഉന്നയിക്കും. മാർച്ച് 31-നകം വിനിയോഗ സർട്ടിഫിക്കറ്റ് നൽകണമെന്നായിരുന്നു കേന്ദ്ര നിർദേശം.

വായ്പ നേടിയെടുക്കാനുള്ള നടപടികൾ വേഗത്തിലാക്കാൻ വകുപ്പു സെക്രട്ടറിമാരുടെ യോഗം വിളിച്ചുചേർക്കും. ഫെബ്രുവരി 16-ന് മുഖ്യമന്ത്രി പിണറായി വിജയനും ധനമന്ത്രി കെ.എൻ. ബാലഗോപാലും ധന അഡീഷണൽ ചീഫ് സെക്രട്ടറിയും തിരുവനന്തപുരത്തിനു പുറത്തായിരുന്നതിനാൽ ഇക്കാര്യത്തിൽ തുടർചർച്ചകൾ നടന്നില്ല. വയനാട് പുനർ നിർമാണത്തിനായി പ്രധാനമായി കെട്ടിടങ്ങളും റോഡുകളും പാലങ്ങളുമാണ് നിർമിക്കേണ്ടി വരിക. ഇതിനാൽ പൊതുമരാമത്ത് വകുപ്പിനും കെഎസ്ഇബിക്കും ജല അതോറിറ്റിക്കും തുക വിനിയോഗിച്ചശേഷം വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രത്തിനു സമർപ്പിക്കുന്നതും ആലോചനയിലുണ്ട്. ഇതെല്ലാം ഉന്നതതല യോഗ തീരുമാനത്തിന്റെ കൂടി അടിസ്ഥാനത്തിലാകും സ്വീകരിക്കുക. സംസ്ഥാന ദുരന്തപ്രതികരണ വകുപ്പിന്റെ നേതൃത്വത്തിലാണ് വയനാട് പുനർനിർമാണവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും ഏകീകരിക്കുന്നത്.

## രാഷ്ട്രപതി ഭരണത്തിനെതിരെ മണിപ്പൂരിൽ പ്രതിഷേധം

ഇംഫാൽ: മണിപ്പൂരിൽ രാഷ്ട്രപതി ഭരണത്തിനെതിരെ പ്രതിഷേധം ആരംഭിച്ചു. ഇംഫാൽ ഈസ്റ്റിൽ മെയ്തെയ് വനിതകളുടെ നേതൃത്വത്തിൽ വൻ പ്രതിഷേധറാലി നടന്നു. പുതിയ മുഖ്യമന്ത്രിയെ ഉടൻ തെരഞ്ഞെടുത്തില്ലെങ്കിൽ പ്രതിഷേധം വ്യാപിപ്പിക്കുമെന്ന് മെയ്തെയ് പൗരസംഘടനകൾ മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. ബിരേൻ സിങ്ങിനെ സമ്മർദ്ദം ചെലുത്തി പുറത്താക്കിയതിലും രാഷ്ട്രപതിഭരണം ഏർപ്പെടുത്തിയതിലും പ്രതിഷേധിച്ചാണ് നോങ്പോക് സാൻജെബാമിൽ സ്ത്രീകളുടെ നേതൃത്വത്തിൽ പ്രതിഷേധം നടന്നത്.

അതേസമയം, സായുധ ഗ്രൂപ്പുകൾക്കെതിരേയുള്ള നടപടി തുടരുകയാണ്. ഭീകരാക്രമണത്തിനുള്ള ശ്രമം പോലീസും സുരക്ഷാ ഏജൻസികളും തകർത്തു. കാക്ചിങ് ജില്ലയിൽ ഗ്രനേഡുകൾക്കും ഐഇഡികൾക്കും പുറമെ തോക്കുകളും വെടിയുണ്ടകളും പിടിച്ചെടുത്തു. ഇംഫാലിൽ 18 ഭീകരരെ അറസ്റ്റ് ചെയ്തു. സർക്കാർ ഉദ്യോഗസ്ഥർ, ബിസിനസുകാർ എന്നിവരിൽ നിന്ന് ഭീഷണിപ്പെടുത്തി പണം വാങ്ങുകയായിരുന്നു ഇവർ.

രാഷ്ട്രപതിഭരണം ഏർപ്പെടുത്തിയശേഷം ഇംഫാലിലെ താഴ്വരയിൽ നിന്ന് അക്രമസംഭവം റിപ്പോർട്ട് ചെയ്തിട്ടില്ല. ആയിരക്കണക്കിനു സൈനികരെയാണ് ഇവിടെ വിന്യസിച്ചിട്ടുള്ളത്. തീവ്ര മെയ്തെയ് സംഘടനകളുടെ നേതാക്കൾ നഗരത്തിൽ നിന്ന് മാറി നിൽക്കുകയാണ്. അതേസമയം തീവ്ര സംഘടനകളുടെയും പൊതുജനങ്ങളുടെയും കൈവശമുള്ള ആയുധങ്ങൾ പിടിച്ചെടുക്കാനുള്ള ശ്രമങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല. മ്യാൻമർ അതിർത്തിയിലൂടെയുള്ള അനധികൃത കുടിയേറ്റം തുടരുകയാണെന്നും എന്തുകൊണ്ടാണ് ഇത് ഗൗരവമായി പരിഗണിക്കാത്തതെന്നും മുൻ മുഖ്യമന്ത്രി ബിരേൻ സിങ് ചോദിച്ചു. മണിപ്പൂരിന്റെ ജനസംഖ്യാനുപാതം മാറുകയാണെന്നും ഇതിനെതിരെ ശക്തമായി പൊരുതുമെന്നും ബിരേൻ സിങ് പറഞ്ഞു.

## വയനാട് ഒരു വർഷത്തിനകം ആദ്യഘട്ട പുനരധിവാസം

തിരുവനന്തപുരം: മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിനായി അനുവദിച്ച കാപ്പക്സ് വായ്പയുമായി ബന്ധപ്പെട്ട് കേന്ദ്രം എല്ലാ അനുമതിയും ലഭ്യമാക്കിയാൽ അടുത്ത ഒരു വർഷത്തിനകം ആദ്യഘട്ട പുനരധിവാസ നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്നു മന്ത്രി കെ.എൻ. ബാലഗോപാൽ. വയനാട് പുനർനിർമാണത്തിനായി 2000 കോടിയുടെ ഗ്രാന്റാണ് ചോദിച്ചത്.

സാധാരണയായി ഇത്തരം ദുരന്തങ്ങൾക്കായി ഗ്രാന്റാണ് കൊടുക്കുന്നത്. ഇതു കിട്ടാതെ വന്നതോടെയാണ് വായ്പയും ചോദിച്ചത്. ദീർഘകാല വായ്പയാണെങ്കിലും ഇത് തിരിച്ച് അടയ്ക്കേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് ഒന്നര മാസത്തിനകം നൽകുന്നത് അപ്രായോഗികമാണെങ്കിലും പ്രായോഗികതലത്തിൽ എത്തിക്കാനുള്ള നടപടികൾ ധനവകുപ്പ് ആലോചിക്കുമെന്നും മന്ത്രി പറഞ്ഞു.

## കോട്ടയത്തെ റാഗിംഗ്: പ്രതികളുടെ തുടർപഠനം തടഞ്ഞ് നേഴ്സിങ് കൗൺസിൽ

തിരുവനന്തപുരം: കോട്ടയം ഗാന്ധിനഗർ ഗവ. നേഴ്സിങ് കോളജിൽ നടന്ന റാഗിംഗ് കേസിൽ പ്രതികളായ അഞ്ച് വിദ്യാർത്ഥികളുടെ തുടർപഠനം സംസ്ഥാന നേഴ്സിങ് കൗൺസിൽ തടയും. പോലീസിന്റെ പ്രഥമവിവര റിപ്പോർട്ട് കൂടി പരിഗണിച്ചാണ് കൗൺസിൽ കർശന നടപടികളിലേക്കു കടന്നത്. റാഗിംഗ് പരാതിയുടെ അടിസ്ഥാനത്തിൽ റിമാൻഡിലായ വിദ്യാർത്ഥികൾക്ക് തുടർപഠനം അനുവദിക്കേണ്ടതില്ലെന്ന നിയമോപദേശവും കൗൺസിലിന് ലഭിച്ചിരുന്നു.

അതേസമയം കൗൺസിൽ യോഗത്തിന്റെ അജണ്ടയിൽ വിഷയം ഉൾപ്പെടുത്തിയിരുന്നില്ല. ജനറൽ നേഴ്സിങ് (ജിഎൻഎം) വിദ്യാർത്ഥികളുടെ പരീക്ഷാ നടത്തിപ്പ് അടക്കമുള്ള മേൽനോട്ടച്ചുമതല സംസ്ഥാന നേഴ്സിങ് കൗൺസിലിന് ആയതിനാൽ അംഗങ്ങൾ ഇക്കാര്യം യോഗത്തിൽ പ്രത്യേകം ഉന്നയിക്കുകയായിരുന്നു. പഠനം തടയണമെന്ന കൗൺസിലിന്റെ ആവശ്യം സർക്കാരിനെ അറിയിക്കുമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ തുടർപഠനം തടയുന്ന കാര്യം നേഴ്സിങ് കൗൺസിൽ ഔദ്യോഗികമായി വ്യക്തമാക്കിയിട്ടില്ല.

സംഭവത്തിന് ഉത്തരവാദികളായ വിദ്യാർത്ഥികൾ നേഴ്സിങ് പഠനത്തിന് അർഹരല്ലെന്നാണ് കൗൺസിൽ യോഗത്തിൽ വിലയിരുത്തൽ. ഒരു നേഴ്സിങ് സ്കൂളിലും അവർക്ക് പ്രവേശനം നല്കരുത്, പരീക്ഷയ്ക്കായുള്ള വിദ്യാർത്ഥികളുടെ അപേക്ഷ സ്വീകരിക്കേണ്ടതില്ല, തീരുമാനത്തെ വിദ്യാർത്ഥികൾ കോടതിയിൽ ചോദ്യം ചെയ്താൽ നിയമപരമായി നേരിടണമെന്നും അംഗങ്ങൾ യോഗത്തിൽ അഭിപ്രായപ്പെട്ടു.

## മറിയമ്മ സണ്ണി അന്തരിച്ചു



എരുമേലി: പൂവത്തിങ്കൽ പരേതനായ പി.സി. ചാക്കോയുടെ ഭാര്യ കോട്ടയം കഞ്ഞിക്കുഴി ഗോൾഡൻ എൻക്ലേവിൽ മറിയമ്മ സണ്ണി (75) അന്തരിച്ചു.

പരിപ്പ് മണ്ണുപറമ്പിൽ റിട്ട. ജഡ്ജി പരേതനായ എം.എസ്. ജോസഫിന്റെ മകളാണ്.

മകൾ: സിത്താര സണ്ണി. മരുമകൻ: ഫിലിപ് മാത്യു, കാപ്പിൽ പാലാ.

## പ്രശംസിച്ച് ശശി തരൂർ

(ഒന്നാം പേജിൽ നിന്നും)

പാർട്ടിയുടേതല്ലെന്നു ദേശീയ നേതൃത്വത്തിനു തള്ളിപ്പറയേണ്ടിവന്നു. ശശി തരൂരിന്റെ അഭിപ്രായത്തെ പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാലും കോൺഗ്രസ് പ്രവർത്തക സമിതിയംഗം രമേശ് ചെന്നിത്തലയും തള്ളിപ്പറഞ്ഞു.

തരൂർ അങ്ങനെ പറയാനുണ്ടായ കാരണം പാർട്ടി പരിശോധിക്കുമെന്നു സതീശനും തരൂർ തെറ്റിദ്ധരിക്കപ്പെട്ടതാകാമെന്ന് ചെന്നിത്തലയും പറഞ്ഞു. ലേഖനം വായിച്ചില്ലെന്നും പരിശോധിക്കുമെന്നുമായിരുന്നു സുധാകരന്റെ പ്രതികരണം.

മോദി-ട്രംപ് കൂടിക്കാഴ്ചയെക്കുറിച്ചുള്ള തരൂരിന്റെ അഭിപ്രായം പാർട്ടിയുടെ നിലപാടല്ലെന്നു ദേശീയ വക്താവ് പവൻ ഖേര വ്യക്തമാക്കി. പ്രതികരണം വ്യക്തപരമാണെന്നും പാർട്ടിയുടെ നിലപാടാണ് പരമപ്രധാനമെന്നും തരൂരിന്റെ പേരെടുത്തു പറയാതെ എഐസിസി ജനറൽ സെക്രട്ടറി ജയറാം രമേശ് സമൂഹമാധ്യമങ്ങളിൽ കുറിച്ചു.

വ്യവസായ വളർച്ചയെ പുകഴ്ത്തി ശശി തരൂർ എഴുതിയ ലേഖനം വിവാദമായതിനു പിന്നാലെ തരൂരിനെ പേരെടുത്തു പറയാതെ വിമർശിച്ച് കോൺഗ്രസ് മുഖപത്രമായ വീക്ഷണം. ആരാച്ചാർക്ക് അഹിംസാ അവാർഡോ എന്ന തലക്കെട്ടിലുള്ള മുഖപ്രസംഗത്തിൽ വികസനത്തിന്റെ പേരിൽ അനാവശ്യ വിവാദം സൃഷ്ടിച്ച് വരാനിരിക്കുന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ യുഡിഎഫിനെ കുരുതി കൊടുക്കരുതെന്ന് പറയുന്നു.

അതേസമയം, സിപിഎം, സിപിഐ മുഖപത്രങ്ങൾ ശശി തരൂരിനെ അനുകൂലിച്ച് രംഗത്തെത്തി. നവകേരളത്തിന്റെ സുവർണപഥങ്ങൾ എന്ന തലക്കെട്ടിൽ ദേശാഭിമാനിയിൽ വന്ന മുഖപ്രസംഗത്തിൽ ശശി തരൂരിന്റെ ലേഖനം സമൂഹത്തിൽ ശ്രദ്ധ പിടിച്ചുപറ്റിയെന്നും ചർച്ചയായെന്നും പറയുന്നു.

ശശി തരൂരിന്റെ ലേഖനം യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്നതാണെന്നാണ് സിപിഐ മുഖപത്രമായ ജനയുഗത്തിൽ പറയുന്നത്.

## കർഷകരക്ഷാ നസ്രാണിമുന്നേറ്റം

(ഒന്നാം പേജിൽ നിന്നും)

ഇരുനൂറ്റമ്പതോളം ഇടവകകളിലെ കാൽ ലക്ഷത്തിലേറെ വരുന്ന വിശ്വാസികളാണ് കൊടികളും പ്ലക്കാർഡുകളും ഉയർത്തി അവകാശ സംരക്ഷണത്തിനായി ആവേശത്തോടെ അണിനിരന്നത്. വോട്ട് ബാങ്കിന്റെ വലുപ്പം മാത്രം നോക്കി നീതിയും നിയമവും നടപ്പാക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങൾക്ക് താക്കീതായി കർഷകരക്ഷാ നസ്രാണി മുന്നേറ്റം. ക്രൈസ്തവ സമുദായവും കർഷകസമൂഹവും ഇത്രയധികം അവഗണന നേരിടുന്ന സാഹചര്യത്തിലാണ് ചങ്ങനാശേരി അതിരൂപത, സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ കർഷകരക്ഷാ നസ്രാണി മുന്നേറ്റം എന്ന പ്രതിഷേധറാലി സംഘടിപ്പിച്ചത്.

ദേശീയ, സംസ്ഥാന തലങ്ങളിൽ ക്രൈസ്തവ സമുദായവും കർഷകസമൂഹവും നേരിടുന്ന അനീതികളും വിവേചനങ്ങളും നിരവധിയാണ്. മതപരിവർത്തന നിരോധന നിയമങ്ങൾ ക്രൈസ്തവ വേട്ടയ്ക്കായി ദുരുപയോഗിക്കപ്പെടുന്നു. സംവരണത്തിനായുള്ള ദലിത് ക്രൈസ്തവരുടെ നിലവിളിക്ക് മറുപടിയില്ല. റബറിന് താങ്ങുവില പോയിട്ട് ചെറിയൊരു ആശ്വാസം പോലുമില്ല. മൃഗങ്ങൾ യഥേഷ്ടം കാടിറങ്ങി മനുഷ്യരെ കൊന്നൊടുക്കുമ്പോഴും കേന്ദ്ര വന-വന്യജീവി നിയമത്തിൽ മാറ്റമില്ല.

കേരളത്തിലാകട്ടെ രണ്ട് ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ ഗുരുതരമായ വിവേചനമാണ്. ഭിന്നശേഷി സംവരണത്തിന്റെ പേരിൽ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ നിയമനങ്ങൾ ഏതാണ്ട് സ്തംഭിച്ചു. ഇഎസ്എ, ബഫർ സോൺ, പട്ടയപ്രശ്നങ്ങൾ... ദുരിതങ്ങൾക്ക് അളവില്ല. ജനങ്ങളുടെ സംയമനങ്ങൾ മറയാക്കി, പ്രശ്നങ്ങൾ കണ്ടില്ലെന്ന് നടിക്കുന്നത് ജനാധിപത്യ സർക്കാരുകൾക്ക് ഭൂഷണമല്ലെന്ന് ആർച്ച് ബിഷപ് ഓർമിപ്പിച്ചു.

## തിക്കിലും തിരക്കിലുംപെട്ട് 18 പേർ മരിച്ചു

(ഒന്നാം പേജിൽ നിന്നും)

പ്രയാഗ്‌രാജിലേക്കു പോകേണ്ട സ്പെഷൽ ട്രെയിനും ഒരേസമയം അനൗൺസ് ചെയ്തതാണു യാത്രക്കാരിൽ ആശയക്കുഴപ്പമുണ്ടാക്കിയത്. 14-ാം നമ്പർ പ്ലാറ്റ്ഫോമിൽ പ്രയാഗ്‌രാജ് എക്സ്പ്രസ് ട്രെയിൻ കാത്ത് ആളുകൾ നിന്നപ്പോഴാണ് പ്രയാഗ്‌രാജ് സ്പെഷൽ ട്രെയിൻ 16-ാം നമ്പർ പ്ലാറ്റ്ഫോമിലേക്ക് എത്തുന്നതായി അനൗൺസ്മെന്റ് വന്നത്. ഇതോടെ ആശയക്കുഴപ്പത്തിലായ 14-ാം നമ്പർ പ്ലാറ്റ്ഫോമിൽ നിന്ന യാത്രക്കാർ തങ്ങളുടെ ട്രെയിൻ 16-ാം നമ്പർ പ്ലാറ്റ്ഫോമിലാണു വരുന്നതെന്ന് വിചാരിച്ച് തിരക്കു കൂട്ടിയത് അപകടത്തിന് വഴിവെച്ചു.

അനൗൺസ്മെന്റ് കേട്ടതോടെ ആളുകൾ ഒന്നടങ്കം 16-ാം നമ്പർ പ്ലാറ്റ്ഫോമിലേക്ക് മേൽപ്പാലത്തിലൂടെ ഓടി. ഓട്ടത്തിനിടയിൽ മേൽപ്പാലത്തിൽ ഇരിക്കുന്ന യാത്രക്കാരുടെ മുകളിലേക്ക് ഇവർ വീഴുകയും അപകടം സംഭവിക്കുകയും ചെയ്തുവെന്നാണ് പോലീസിന്റെ വിശദീകരണം. കൂടാതെ മൂന്ന് ട്രെയിനുകൾ വൈകിയത് സ്റ്റേഷനിൽ തിരക്ക് വർധിക്കാൻ കാരണമായതായും പോലീസ് പറയുന്നു.

ശനിയാഴ്ച രാത്രി പത്തിനാണ് ദുരന്തം സംഭവിച്ചതെങ്കിലും അർധരാത്രിയോടെയാണു സംഭവത്തിന്റെ തീവ്രത പുറംലോകം അറിയുന്നത്. അടുത്ത നാളുകളിലൊന്നും കാണാത്തത്ര തിരക്കാണ് ശനിയാഴ്ച രാത്രി ഏറെ വൈകിയും ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽ അനുഭവപ്പെട്ടതെന്നാണ് ദൃക്സാക്ഷികൾ പറയുന്നത്. മരിച്ചവരുടെ ബന്ധുക്കൾക്ക് റെയിൽവേ 10 ലക്ഷം രൂപ ധനസഹായം നൽകും. ഗുരുതരമായ പരുക്കേറ്റവർക്ക് 2.5 ലക്ഷം രൂപയും നിസാര പരുക്കേറ്റവർക്ക് ഒരു ലക്ഷം രൂപയും ധനസഹായം നൽകുമെന്നും റെയിൽവേ അറിയിച്ചു.

# വയനാട് പുനർനിർമാണം: കേന്ദ്രം 529.5 കോടി അനുവദിച്ചു

തിരുവനന്തപുരം: വയനാട് പുനർനിർമാണത്തിനായി കേന്ദ്രസഹായം തേടിയ കേരളത്തിന് 529.5 കോടിയുടെ കാപ്പക്സ് വായ്പ അനുവദിച്ച് കേന്ദ്ര സർക്കാർ. നടപ്പ് സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സംസ്ഥാനങ്ങൾക്കുള്ള മൂലധനനിക്ഷേപ സഹായമായ കാപ്പക്സ് വായ്പ കേന്ദ്രം കേരളത്തിന് അനുവദിച്ചത്. 50 വർഷം കൊണ്ടു തിരിച്ചടയ്ക്കേണ്ട പലിശരഹിത വായ്പയാണിത്.

എന്നാൽ, മാർച്ച് 31-നകം തുക വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നാണ് ധന അഡീഷണൽ ചീഫ് സെക്രട്ടറിക്കു ലഭിച്ച അറിയിപ്പിൽ നിഷ്കർഷിക്കുന്നതെന്നാണ് സർക്കാർ വാദം. ഒന്നര മാസത്തിനകം വിനിയോഗ സർട്ടിഫിക്കറ്റ് നൽകണമെന്ന കേന്ദ്ര നിബന്ധന വയനാട് പുനർ നിർമാണ പ്രവർത്തനത്തിനുള്ള വായ്പ നേടിയെടുക്കുന്നതിനെ ദോഷകരമായി ബാധിക്കുമെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു.

വീടു നിർമാണം, അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായുള്ള റോഡ്, പാലം, ആശുപത്രി, അങ്കണവാടി, സ്കൂൾ, വൈദ്യുതീകരണം, ജലവിതരണം അടക്കമുള്ള നിർമാണ-അടിസ്ഥാന സൗകര്യ വികസനങ്ങളായ 16 ഇനങ്ങൾക്കായി വായ്പത്തുക ഉപയോഗിക്കാമെന്നു കേന്ദ്രത്തിന്റെ കത്തിൽ പറയുന്നുണ്ട്. 31-നകം വിനിയോഗ സർട്ടിഫിക്കറ്റ് നൽകാൻ കഴിയുമോ എന്ന കാര്യമാണ് കേരളം പരിശോധിക്കുന്നത്. എങ്കിൽ മാത്രമേ വായ്പത്തുക വയനാട് പുനർനിർമാണത്തിനായി വിനിയോഗിക്കാൻ കഴിയൂ.

1000 ചതുരശ്ര അടിയിൽ നിർമിക്കുന്ന ഒറ്റനില വീടുകൾ സ്പോൺസർമാർ നിർമിച്ചു നൽകുംവിധമാണ് എസ്റ്റിമേറ്റ് തയാറാക്കിയിട്ടുള്ളത്. ഒരു വീടിന് 25 ലക്ഷം രൂപ വീതം ചെലവഴിക്കണമെന്ന സംസ്ഥാന നിബന്ധനയിൽ സ്പോൺസർമാരിൽ നല്ലൊരു വിഭാഗം വൈമുഖ്യം പ്രകടിപ്പിച്ചിരുന്നു.

നഗരസഭാ പരിധിയിൽ ഉൾപ്പെടുന്ന എൽസ്റ്റൺ എസ്റ്റേറ്റിൽ അഞ്ച് സെന്റ് ഭൂമി വീതം ഉൾപ്പെടുന്ന 467 വീട് യൂണിറ്റുകൾ ഉൾപ്പെടുന്ന ടൗൺഷിപ്പും നെടുമ്പാല എസ്റ്റേറ്റിൽ 10 സെന്റ് വീതമുള്ള 266 വീട് യൂണിറ്റുകൾ ഉൾപ്പെടുന്ന ടൗൺഷിപ്പുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇപ്പോഴത്തെ സാഹചര്യത്തിൽ വായ്പത്തുകയ്ക്ക് ആനുപാതികമായി മാസ്റ്റർ പ്ലാൻ തയാറാക്കി സമർപ്പിക്കേണ്ടതുണ്ട്. എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് പുതുക്കിയ എസ്റ്റിമേറ്റ് തയാറാക്കി കേന്ദ്ര സർക്കാരിനു സമർപ്പിക്കാൻ സാധിക്കുമോ എന്നതാണു കേരളത്തിനു മുന്നിലുള്ള വെല്ലുവിളി.

# സർക്കാർ ആശുപത്രിയിൽ മെഡിക്കൽ ഓഫീസറായി സിസ്റ്റർ ഡോ. ജീൻ

മറയൂർ: സർക്കാർ ആശുപത്രിയിലെ മെഡിക്കൽ ഓഫീസറായി കന്യാസ്ത്രീ. സംസ്ഥാനത്ത് ആദ്യമായാണ് ഒരു കന്യാസ്ത്രീ ഈ ചുമതലയിൽ എത്തുന്നത്. ഡോ. ജീൻ റോസ് എന്ന റോസമ്മ തോമസാണ് മറയൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ചുമതല ഏറ്റത്. ഡോ. റോസമ്മ തോമസ്, അഗതികളുടെ സഹോദരിമാർ (സിസ്റ്റേഴ്സ് ഓഫ് ദി ഡെസ്റ്റിറ്റ്യൂട്ട്) എന്ന സന്യാസിനി സമൂഹത്തിലെ അംഗമാണ്. ബെംഗ്ളൂരു സെ. ജോൺസ് മെഡിക്കൽ കോളജിൽ നിന്ന് എംബിബിഎസും അനസ്തേഷ്യ വിഭാഗത്തിൽ ഉപരിപഠനവും പൂർത്തിയാക്കി.



സഭയുടെ നിയന്ത്രണത്തിലുള്ള മറയൂരിലെ സ്വകാര്യ ആശുപത്രിയിൽ 10 വർഷത്തിലധികം സേവനമനുഷ്ഠിച്ചു. പിന്നാലെയാണ് പി.എസ്.സി പരീക്ഷ എഴുതിയത്. ആദ്യനിയമനം രണ്ടു വർഷം മുമ്പ് കട്ടപ്പന താലൂക്ക് ആശുപത്രിയിലാണ് ലഭിച്ചത്. പിന്നീട് ആദിവാസി-പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർ കൂടുതലായി അധിവസിക്കുന്നതും പരിചയം കൂടുതലുള്ളതുമായ മറയൂർ മേഖലയിലെ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം ചോദിച്ചു വാങ്ങുകയായിരുന്നു. നിരവധി ഗോത്ര വർഗക്കുട്ടികളും കോളനികളുമുള്ള മറയൂരിൽ സേവനമനുഷ്ഠിക്കുന്നതിൽ സന്തോഷമുണ്ടെന്ന് ഡോ. ജീൻ റോസ് പറഞ്ഞു. പാലാ ചേറ്റുതോട് മുകളേൽ തോമസിന്റെയും റോസമ്മയുടെയും മകളാണ് ഡോ. ജീൻ.

# പാതിവിലത്തട്ടിപ്പിൽ ഇ.ഡി. കേസെടുത്തു

കൊച്ചി: കേരളം മുഴുവൻ വലവിരിച്ച പാതിവിലത്തട്ടിപ്പിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കേസെടുത്തു. മുഖ്യപ്രതി അനന്തുകൃഷ്ണന്റെ ബാങ്ക് ഇടപാടുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ തേടി ഇ.ഡി വിവിധ ബാങ്കുകൾക്ക് നോട്ടീസ് നല്കി. തട്ടിപ്പു നടന്ന കാലയളവിലെ ഇടപാട് വിവരങ്ങളാണ് തേടിയിരിക്കുന്നത്.

പോലീസ് കേസിൽ പ്രതിയാക്കപ്പെട്ടിട്ടുള്ളവരെല്ലാം ഇ.ഡി. കേസിലും പ്രതികളാകും. പരാതിക്കാരെ ഉടനെതന്നെ പ്രാഥമിക മൊഴിയെടുപ്പിനായി വിളിപ്പിക്കും. കേസ് അന്വേഷിക്കുന്ന ക്രൈംബ്രാഞ്ച് രാഷ്ട്രീയ നേതൃത്വത്തിലേക്ക് അന്വേഷണം കൊണ്ടുപോകാതിരിക്കുമ്പോൾ കേസുമായി എന്തെങ്കിലും ബന്ധമുള്ള എല്ലാവരെയും ചോദ്യം ചെയ്യാനാണ് ഇ.ഡി.യുടെ തീരുമാനം.

അനന്തുകൃഷ്ണന്റെ അക്കൗണ്ടുകളിലൂടെ ഒന്നര വർഷത്തിനുള്ളിൽ 450 കോടി രൂപയുടെ ഇടപാടുകൾ നടന്നിട്ടുണ്ട്. ഇതു സംബന്ധിച്ച രേഖകളാണ് ബാങ്കുകളോട് ഇ.ഡി. ആവശ്യപ്പെട്ടിരിക്കുന്നത്. പ്രൊഫഷണൽ സർവീസ് ഇനവേഷൻസ്, സോഷ്യൽ ബി വെൻചേഴ്സ്, ഗ്രാസ് റൂട്ട് ഇനവേഷൻസ് എന്നീ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിലേക്കാണ് തട്ടിപ്പു നടത്തിയ പണത്തിലെ ഏറിയപങ്കും പോയിരിക്കുന്നത്. ഈ അക്കൗണ്ടുകളിൽ നിന്ന് ആരുടെയൊക്കെ അക്കൗണ്ടുകളിലേക്ക് പണം പോയിട്ടുണ്ടെന്നും അവർക്ക് അനന്തുകൃഷ്ണനുമായുള്ള ബന്ധവും ഇ.ഡി. പരിശോധിക്കും. കസ്റ്റഡിയിലുള്ള അനന്തുകൃഷ്ണനെ ഇ.ഡി. ചോദ്യം ചെയ്യും.

വൻകിട കമ്പനികളുടെ സാമൂഹിക പ്രതിബദ്ധതാ ഫണ്ട് (സിഎസ്ആർ) ഉപയോഗിച്ച് പകുതിവിലയ്ക്ക് സ്കൂട്ടർ ഉൾപ്പെടെയുള്ളവ നല്കാമെന്ന് പ്രലോഭിപ്പിച്ചാണ് അനന്തുകൃഷ്ണനും സംഘവും സാധാരണക്കാരെ കബളിപ്പിച്ചത്.

# റിലയൻസിനു നഷ്ടപരിഹാരം നൽകാനുള്ള വിധി റദ്ദാക്കി

ന്യൂഡൽഹി: കൃഷ്ണ ഗോദാവരി ബേസിൻ എണ്ണപ്പാടത്തിലെ പ്രകൃതി വാതക ഖനനവുമായി ബന്ധപ്പെട്ടു റിലയൻസ് ഇൻഡസ്ട്രീസിനു നഷ്ടപരിഹാരം നൽകാനുള്ള തർക്ക പരിഹാരക്കോടതിയുടെ വിധി ഡൽഹി ഹൈക്കോടതി റദ്ദാക്കി. കേന്ദ്രസർക്കാരിന്റെ ഹർജി പരിഗണിച്ചാണു 1.729 ബില്യൺ ഡോളർ (14.973 കോടി രൂപ) നഷ്ടപരിഹാരം നൽകാനുള്ള വിധി ജസ്റ്റിസുമാരായ രേഖാ പാലി, സൗരഭ് ബാനർജി എന്നിവരുടെ ബെഞ്ച് റദ്ദാക്കിയത്.

പൊതുമേഖലാ സ്ഥാപനമായ ഒഎൻജിസിയുടെ പ്രകൃതി വാതക പാടങ്ങളിലെ ഖനനത്തിനു റിലയൻസും പങ്കാളികളായ ബിപി, നിക്കൊ എന്നീ കമ്പനികളും ചേർന്നു 2000-ൽ കരാറിൽ ഏർപ്പെട്ടിരുന്നു. വരുമാനം പങ്കുവെക്കുന്നതുൾപ്പെടെയുള്ള തരത്തിലായിരുന്നു കരാർ. ബംഗാൾ ഉൾക്കടലിൽ ഒഎൻജിസിക്കുള്ള രണ്ട് എണ്ണപ്പാടങ്ങളിൽനിന്നുള്ള വാതകം തൊട്ടടുത്ത റിലയൻസ് പാടത്തേക്ക് എടുത്ത് സംസ്കരിച്ചു വിൽപന നടത്തി റിലയൻസും പങ്കാളികളും അനർഹമായ നേട്ടം കൊയ്തുവെന്ന ആരോപണം 2013-ൽ ഉയർന്നു.

തുടർന്നു വിഷയം പരിശോധിച്ച റിട്ട. ജസ്റ്റിസ് എ.പി. ഷാ അധ്യക്ഷനായ ബെഞ്ച് റിലയൻസ് നഷ്ടപരിഹാരം നൽകണമെന്ന് കണ്ടെത്തിയിരുന്നു. ഇതിന്റെ ഫലമായി കേന്ദ്രസർക്കാർ 10,000 കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ടു.

പിന്നാലെ റിലയൻസ് രാജ്യാന്തര തർക്ക പരിഹാര കോടതിയിലെത്തി. 2018 ജൂലൈയിൽ തർക്കപരിഹാര കോടതി റിലയൻസിന് അനുകൂലമായി വിധിച്ചു. ഇതിനെതിരെ കേന്ദ്രം ഡൽഹി ഹൈക്കോടതിയെ സമീപിച്ചെങ്കിലും 2023 മേയിൽ സിംഗിൾ ബെഞ്ച് വിധി ശരിവെക്കുകയാണ് ചെയ്തത്. ഇതിനെതിരെയുള്ള അപ്പീലിലാണുകേന്ദ്രത്തിന് അനുകൂലമായുള്ള വിധി.

# 2060-ൽ ലോകം അവസാനിക്കുമെന്ന ന്യൂട്ടന്റെ പ്രവചനം പുറത്തുവന്നു

ലണ്ടൻ: ലോകാവസാനത്തെക്കുറിച്ച് പ്രശസ്ത ശാസ്ത്രജ്ഞൻ ഐസക് ന്യൂട്ടന്റെ പ്രവചനം പുറത്ത്. 2060-ൽ ലോകം അവസാനിക്കുമെന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം. ശാസ്ത്രീയ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിലല്ല പ്രവചനം. ബൈബിളിലെ വെളിപാട് പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ കണക്കു കൂട്ടിയാണ് അദ്ദേഹം ലോകാവസാനം പ്രവചിച്ചത്. 300 വർഷങ്ങൾക്കു മുമ്പ് ഗണിതശാസ്ത്ര കണക്കുകൂട്ടലുകൾ നടത്തിയ ഒരു കടലാസിലാണ് ന്യൂട്ടൺ ഈ മുന്നറിയിപ്പ് എഴുതിയത്.

ബൈബിളിനെക്കുറിച്ചുള്ള പ്രൊട്ടസ്റ്റന്റ് വ്യാഖ്യാനത്തെയാണ് അദ്ദേഹം ആശ്രയിച്ചത്. വെളിപാട് പുസ്തകത്തിന്റെ അവസാന അദ്ധ്യായത്തിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ന്യൂട്ടന്റെ കണക്കുകൂട്ടൽ. തിന്മയുടെ ശക്തികൾക്കെതിരെ (ഭൂമിയിലെ രാജാക്കന്മാർ നയിക്കുന്ന) നന്മയുടെ ശക്തികളുടെ (ദൈവത്തിന്റെ നേതൃത്വത്തിൽ) വിജയത്തിലാണ് അദ്ദേഹം വിശ്വസിക്കുന്നത്. യുദ്ധം ലോകാവസാനത്തെ അടയാളപ്പെടുത്തുമെന്നും ദൈവം കൊണ്ടുവന്ന സമാധാനത്തിന്റെ ഒരു പുതിയ യുഗത്തിലേക്ക് നയിക്കുമെന്നും അദ്ദേഹം വിശ്വസിച്ചു.

പ്രവചനം വ്യാഖ്യാനിക്കാൻ തിരുവെഴുത്തുകളിൽ പരാമർശിച്ചിരിക്കുന്ന ദിവസങ്ങളെ വർഷങ്ങളായി ഉപയോഗിച്ചുകൊണ്ട് ന്യൂട്ടൺ ബൈബിൾ ചരിത്രത്തിലെ ഗണിതവും തീയതികളും ഉപയോഗിച്ചു. എന്നാൽ, ആ പ്രവചനത്തിൽ ശാസ്ത്രത്തിനു പങ്കില്ലെന്നു ഹാലിഫാക്സിലെ കിങ്സ് കോളജിലെ സയൻസ് ആൻഡ് ടെക്നോളജി പ്രഫസറായ സ്നോബെലെൻ പറഞ്ഞു.

ദാനിയൽ പുസ്തകത്തിലും വെളിപാടുകളിലും കാണുന്ന 1260, 1290, 1335, 2300 ദിവസങ്ങൾ ന്യൂട്ടൺ കണക്കുകൂട്ടലിന് ഉപയോഗിച്ചു.

# വിവരം നല്കാതിരുന്നാൽ നടപടിയെടുക്കും

കൊച്ചി: വിവരാവകാശ നിയമപ്രകാരം ലഭ്യമായ അപേക്ഷകളിൽ വിവരം നല്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് വിവരാവകാശ കമ്മീഷണർ അഡ്വ. ടി.കെ. രാമകൃഷ്ണൻ. സംസ്ഥാന വിവരാവകാശ കമ്മീഷൻ ജില്ലകളിൽ നടത്തുന്ന അദാലത്തിന്റെ ഭാഗമായി നടന്ന സിറ്റിംഗിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിവരാവകാശ നിയമം ദുരുപയോഗം ചെയ്യാൻ അനുവദിക്കില്ല. അറിയാനുള്ള അവകാശം എന്നാൽ, ജീവിക്കാനുള്ള അവകാശം കൂടിയാണ്. വിവരാവകാശ നിയമപ്രകാരം ഓഫീസുകളിൽ സൂക്ഷിക്കേണ്ട രേഖകൾ സൂക്ഷിച്ചില്ലെങ്കിൽ ശക്തമായ നടപടി സ്വീകരിക്കും.

വിവരാവകാശ കമ്മീഷൻ സർക്കാർ ഓഫീസുകളിൽ പരിശോധന നടത്തും. ലഭ്യമായ അപേക്ഷകളിൽ പെട്ടെന്നു തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

ചെലവില്ലാതെ അവകാശപ്പെട്ട നീതി ലഭ്യമാക്കുകയാണ് വിവരാവകാശ നിയമത്തിന്റെ ലക്ഷ്യം. വിവരാവകാശ നിയമപ്രകാരം അപേക്ഷ നല്കിയവർക്ക് നിശ്ചിത ദിവസത്തിനുള്ളിൽ വിവരം ലഭ്യമാക്കുന്നതിനുള്ള നടപടി ഉദ്യോഗസ്ഥർ സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

# അമേരിക്കയിലും മോദിയെ പിന്തുടർന്ന് 'അദാനി'

വാഷിംഗ്ടൺ: അമേരിക്കയിലും മോദിയെ വിടാതെ പിന്തുടർന്ന് ഇന്ത്യൻ വ്യവസായ ഭീമൻ ഗൗതം അദാനി. അമേരിക്കൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപുമായുള്ള സംയുക്ത വാർത്താസമ്മേളനത്തിലാണ് മോദിയെ അലോസരപ്പെടുത്തി അദാനി കടന്നുവന്നത്.

മാധ്യമപ്രവർത്തകരുടെ ചോദ്യത്തിൽ അദാനി കടന്നുവന്നതോടെ മോദി ക്ഷുഭിതനായി. വ്യക്തികൾക്കെതിരായ കേസല്ല, രണ്ടു നേതാക്കൾ ചർച്ച ചെയ്യുന്നതെന്ന് മോദി മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് അതൃപ്തിയോടെ മറുപടി നൽകി. ട്രംപുമായുള്ള ചർച്ചയിൽ അദാനി വിഷയം ചർച്ചചെയ്തോ എന്നായിരുന്നു ചോദ്യം.

ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണെന്നും വസുധൈവ കുടുംബകം എന്നതാണ് ഇന്ത്യയുടെ സംസ്കാരമെന്നും മോദി പറഞ്ഞു. ലോകത്തെയാകെ തങ്ങൾ ഒരു കുടുംബമായാണ് കാണുന്നത്. ഇത്തരം വ്യക്തിപരമായ കാര്യങ്ങളെക്കുറിച്ച് സംസാരിക്കാനല്ല രണ്ടു രാഷ്ട്ര നേതാക്കൾ കാണുന്നതും സംസാരിക്കുന്നതും - മോദി മറുപടി നൽകി.

# വിവാഹം അസാധുവായാലും ജീവനാംശത്തിന് അർഹത

ന്യൂഡൽഹി: ഹിന്ദു വിവാഹ നിയമപ്രകാരം അസാധുവാക്കപ്പെട്ട വിവാഹത്തിലും സ്ഥിരമായ ജീവനാംശവും ഇടക്കാല ധനസഹായവും നൽകാമെന്നു സുപ്രീം കോടതിയുടെ വിധി.

ജസ്റ്റിസ് അഭയ് എസ്. ഓക അധ്യക്ഷനും ജസ്റ്റിസുമാരായ എ. അമാനുല്ല, എ.ജെ. മാസിഹ് അംഗങ്ങളുമായുള്ള മൂന്നംഗ ബെഞ്ചാണ് ഇക്കാര്യം വ്യക്തമാക്കിയത്. നിയമത്തിലെ 25-ാം വകുപ്പ് അനുസരിച്ചാണു ജീവനാംശത്തിനുള്ള അർഹത ബെഞ്ച് ചൂണ്ടിക്കാട്ടിയത്.

'സ്ഥിരമായ ജീവനാംശം നൽകാമോ ഇല്ലയോ എന്നത് ഓരോ കേസിന്റെയും വസ്തുതകളെയും കക്ഷികളുടെ സാഹചര്യത്തെയും ആശ്രയിച്ചിരിക്കും.

വിവാഹം അസാധുവാകേണ്ടതെന്നു പ്രഥമദൃഷ്ട്യാ കോടതിക്കു ബോധ്യമായ കേസുകളിൽ അന്തിമ തീർപ്പാകുംവരെ ഇടക്കാല ജീവനാംശം നൽകാം. ഹിന്ദു വിവാഹ നിയമത്തിലെ 24-ാം വകുപ്പു പ്രകാരം ഇതിനു സാധിക്കും. ഇതിലും കക്ഷികളുടെ സാഹചര്യം പരിഗണിക്കണം' – കോടതി പറഞ്ഞു.

# ഉഷാറായി ഉമാ തോമസ് ആശുപത്രി വിട്ടു

കൊച്ചി: "ദൈവവും പി.ടിയും അന്ന് എന്നെ ചേർത്തുപിടിച്ചു. അതാണ് എന്നെ ജീവിതത്തിലേക്കു തിരിച്ചെത്തിച്ചത്. വലിയൊരു അപകടത്തിൽനിന്നാണു കരകയറിവന്നതെന്നു പറയുമ്പോൾ വലിയ സന്തോഷം"– കലൂർ സ്റ്റേഡിയത്തിൽ അപകടത്തിനുശേഷം 46 ദിവസത്തെ ചികിത്സ പൂർത്തിയാക്കി ആശുപത്രിയിൽനിന്നു മടങ്ങുംമുമ്പ് അതിജീവനത്തെക്കുറിച്ച് ഉമാ തോമസ് എംഎൽഎയുടെ ആത്മവിശ്വാസത്തോടെയുള്ള വാക്കുകൾ.

"അപകടത്തിനുശേഷം നടന്നതൊന്നും എനിക്ക് ഓർമയുണ്ടായിരുന്നില്ല. അന്ന് ആളുകൾ ആശുപത്രിയിൽ എത്തിച്ചതാണെന്നും മനസിലായിരുന്നില്ല. കാക്കി ഇട്ടവരെ കണ്ടപ്പോൾ പോലീസ് സ്റ്റേഷനാണെന്നാണ് ആദ്യം കരുതിയത്. ഡോക്ടർമാരും നേഴ്സുമാരും കരുതലോടെ നോക്കി. അതിജീവനത്തിന്റെ എല്ലാ ക്രെഡിറ്റും ആശുപത്രി അധികൃതർക്കും ഡോക്ടർമാർക്കും മറ്റ് ആശുപത്രി ജീവനക്കാർക്കുമാണ്. ഡോക്ടർമാരും എന്റെ പാർട്ടി ണവും സ്നേഹവുമാണു ലഭിച്ചത്. പലരും ആശുപത്രി മാറാമെന്നു പറഞ്ഞെങ്കിലും ജീവനുണ്ടെങ്കിൽ എന്നെ തിരിച്ചുകൊണ്ടുവരാൻ ആശുപത്രി അധികൃതർക്കാകുമെന്ന് ഉറപ്പായിരുന്നു.




യും ഒരുപാടു പേരും എന്നെ ചേർത്തു പിടിച്ചു."

ആശുപത്രിവാസത്തിനിടയിലെ അനുഭവങ്ങൾ നിറചിരിയോടെ നർമം ചേർത്താണ് ഉമാ തോമസ് പങ്കുവെച്ചത്. തനിക്കു തടിയുള്ളത് നന്നായെന്ന ഡോക്ടർമാരുടെ നർമസംഭാഷണം ഉമാ തോമസ് തമാശരൂപേണ സൂചിപ്പിച്ചു. നാലുപേർ ചേർന്നാണു തന്നെ ഐസിയുവിൽ തിരിച്ചു കിടത്തിയിരുന്നതെന്നും ഉമ ചിരിച്ചുകൊണ്ട് പറഞ്ഞു.

"ആശുപത്രിയിൽ മികച്ച പരിചര

മക്കളായ വിഷ്ണുവിനെയും വിവേകിനെയും എല്ലാവരും കരുതലോടെ ചേർത്തുപിടിച്ചു. പി.ടിയുടെ സഹോദരനും എന്റെ കുടുംബാംഗങ്ങളും എപ്പോഴും കൂടെനിന്നു" – ഉമാ തോമസ് പറഞ്ഞു.

ഡിസംബർ 29–നാണ് കലൂർ സ്റ്റേഡിയത്തിൽ നടി ദിവ്യ ഉണ്ണിയുടെ നേതൃത്വത്തിൽ 11,600 നർത്തകർ ചേർന്ന വതരിപ്പിച്ച 'മൃദംഗനാദം' ഗിന്നസ് നൃത്ത പരിപാടിക്കിടെ സ്റ്റേജിൽനിന്നു വീണ് എംഎൽഎയ്ക്കു ഗുരുതര പരുക്കേറ്റത്. തലച്ചോറിനും നട്ടെല്ലിനും ശ്വാസകോശത്തിനും പരുക്കേറ്റിരുന്നു.

## അമേരിക്കക്കുവേണ്ടി പ്രാർത്ഥിക്കുക

(22-ാം പേജിൽനിന്നും)

പ്രോത്സാഹനവും ആശ്രയിച്ചായിരിക്കും എന്നത് മറന്നുകൂടാ. ഭരണാധികാരികൾ മനുഷ്യർതന്നെയാകുന്നു. ആരും പൂർണ്ണരല്ല. തെറ്റുകുറ്റങ്ങൾ ഇല്ലാത്തവർ ആരുമില്ലല്ലോ. ഈ രാജ്യത്തിന്റെ നന്മകൾ അനുഭവിച്ച് സുഖസമൃദ്ധിയിൽ ജീവിക്കുമ്പോൾ രാജ്യഭരണംചെയ്യുന്ന ഭരണാധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ പ്രജകൾ ബാദ്ധ്യസ്ഥരാകുന്നു. ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചു ഭരിച്ചിരുന്ന റോമാ സാമ്രാജ്യത്തിന്റെ ക്രൂര ഭരണാധികാരികളായ നീറോ കൈസർ, ഡൊമിഷ്യൻ ചക്രവർത്തി എന്നിവർ ഭരിച്ചിരുന്ന കാലത്ത് ക്രിസ്ത്യാനികളെ നിർഭയം പീഡിപ്പിക്കയും ക്രൂരമായി കൊല്ലുകയും ക്രൂരമൃഗങ്ങളുടെ ഇരകളായി എറിഞ്ഞുകൊടുക്കുകയും മറ്റും ചെയ്തിരുന്നതായി ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. അങ്ങനെയുള്ള അവസരങ്ങളിൽപോലും ഭരണാധികാരികൾക്കുവേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്ന് വിശുദ്ധ പൗലൂസ് ശ്ലീഹാ തന്റെ അനുയായികളോടു കല്പിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. എത്ര നല്ല മാതൃക. ഭരണാധികാരികൾ നല്ലവരായാലും ദുഷ്ടന്മാരായാലും അവർ ജനങ്ങളെ ഭരിക്കുന്നവരാകുന്നു. പ്രജകൾ അവരെ അനുസരിക്കുവാനും പ്രാർത്ഥിക്കുവാനും ബാദ്ധ്യസ്ഥരാകുന്നു. അമേരിക്കയുടെ നന്മ അനുഭവിക്കുന്നവർ അമേരിക്കയിലുള്ളവർ മാത്രമല്ല, ലോകരാജ്യങ്ങളെല്ലാം അതിൽ ഉൾപ്പെടുന്നു. പല രാജ്യങ്ങളും അവരിലുള്ള പ്രവാസികളെ ഒന്നടങ്കം യാതൊരു സഹായവും ചെയ്യാതെ അവരവരുടെ രാജ്യങ്ങളിലേക്കു മടങ്ങിപ്പോകുവാൻ നിർബന്ധിക്കുമ്പോൾ നിയമപരമായി അമേരിക്കയിൽ മാന്യമായി ജോലിചെയ്ത് കുടുംബങ്ങളായും തലമുറകളായും സ്ഥിരതാമസം ചെയ്യുന്നവർ എത്ര ഭാഗ്യശാലികൾ. പുതിയതായി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട 'പ്രസിഡണ്ട് ഡോണൾഡ് ട്രംപ്' ഭരണാധികാരികളും "അമേരിക്ക പുനരുദ്ധരിക്കണം" എന്ന ഒരുദ്ദേശത്തോടെ ഭരണം ഏറ്റെടുത്തിരിക്കയാണല്ലൊ? അസാധാരണങ്ങളായ പല പ്രകൃതിക്ഷോഭങ്ങളും അഗ്നിബാധകളും ജലപ്രളയങ്ങളും സാമൂഹ്യവിരുദ്ധ സംഭവങ്ങളും പകർച്ചവ്യാധികളും അപകടങ്ങളും മറ്റും അമേരിക്കൻ ജനതയെ ഭീതിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ വിജയകരമായ ഒരു ഭരണം നടത്തുക എന്നത് അത്ര ആയാസകരമായ ഒന്നല്ല. പ്രജകൾക്കുവേണ്ടി പ്രജകളാൽ തെരഞ്ഞെടുക്കപ്പെട്ട ഭരണാധികാരികൾക്കു നല്ല ബുദ്ധി ലഭിക്കേണ്ടതിനും രാജ്യത്തിന്റെ നന്മക്കുവേണ്ടി ആവോളം പ്രയത്നിക്കുവാനുള്ള ശക്തി ലഭിക്കേണ്ടതിനായും പ്രജകളുടെ പ്രോത്സാഹനങ്ങളും ഐക്യതയും സഹകരണവും പ്രാർത്ഥനയും അത്യന്താപേക്ഷിതം തന്നെ. "In god we Trust" എന്ന ആദർശത്തോടെ അടിസ്ഥാനമിട്ടു പണിതുയർത്തിയ ലോകരാജ്യങ്ങളുടെ 'മകുടം' എന്നു പറയത്തക്ക അമേരിക്കയുടെ നന്മകൾ അനുഭവിക്കുന്ന ഓരോരുത്തരും ഈ രാജ്യത്തിന്റെ നിലനില്പിനും പുരോഗമനത്തിനുംവേണ്ടി പ്രാർത്ഥിക്കുവാനും പ്രയത്നിക്കുവാനും കടപ്പെട്ടവരാകുന്നു. ഭരണാധികാരികളുടെ കുറ്റങ്ങളും പോരായ്മകളും കണ്ടുപിടിക്കുവാൻ എളുപ്പമാകുന്നു. പക്ഷേ, അവരെല്ലാവരും നമ്മേപോലെ തന്നെ സാധാരണ മനുഷ്യരാകുന്നു എന്നു നാം മനസ്സിലാക്കേണ്ടതാകുന്നു. അവരുടെ പോരായ്മകളെ വിമർശിച്ചും അവയെല്ലാം ഊതി വീർപ്പിച്ചു പറഞ്ഞു പരത്തുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. ഒരു രാജ്യത്തിന്റെ നിലനില്പും തകർച്ചയും അതിലെ ജനങ്ങളെ ആശ്രയിച്ചിരിക്കും. ഭവനങ്ങളിൽ ഒരിക്കലും മാതാപിതാക്കൾ ഭരണാധികാരികളെ വിമർശിക്കുകയോ കുറ്റം പറയുകയോ ചെയ്യരുത്. മാതാപിതാക്കളും മക്കളും ഒന്നിച്ചിരുന്ന് അവർക്കുവേണ്ടി പ്രാർത്ഥിക്കുക. പ്രത്യേകിച്ച് അമേരിക്കക്കുവേണ്ടി ശ്രദ്ധയോടെ പ്രാർത്ഥിക്കേണ്ട ഒരവസ്ഥയിലൂടെയാണ് ഈ രാജ്യം കടന്നുപോകുന്നതെന്നു മനസിലാക്കി അതിന്റെ നന്മക്കുവേണ്ടിയും പ്രത്യേകിച്ചു ഭരണാധികാരികൾക്കുവേണ്ടിയും പ്രാർത്ഥിക്കുക. സർവ്വശക്തനായ ദൈവം ഭരണാധികാരികൾക്കാവശ്യമായ ബുദ്ധിയും ജ്ഞാനവും നല്ല ആലോചനകളും നല്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ ലേഖനം അതിന്നു സഹായകമായിതീരട്ടെ!

Let "make America great again"

## മരിച്ചിട്ടില്ല...

(24-ാം പേജിൽനിന്നും)

കുറഞ്ഞപക്ഷം കുഞ്ഞാടുകളെ തമ്മിൽ തല്ലിക്കുന്ന ഒന്നുരണ്ട് ബിഷപ്പുമാരെങ്കിലും കാണേണ്ടതാണ്.

അപ്പോൾ ഞാൻ സ്വർഗ്ഗത്തിലും നരകത്തിലും എത്തിയിട്ടില്ല. ഒരുപക്ഷേ, ഞാൻ മരിച്ചുപോയെന്നുള്ളത് വെറും തോന്നലായിരിക്കാം.

പതുക്കെ കൈകാലുകൾ അനക്കി നോക്കി. ചെറിയ ചലനമുണ്ട്. മരിച്ചിട്ടില്ല. കണ്ണു തുറന്നു. മുറിയിൽ ചെറിയ വെളിച്ചമുണ്ട്.

ചെറുപ്പത്തിൽ ഉണർന്നാൽ ഉടൻ, രാത്രിയിൽ അഴിഞ്ഞുപോയ ഉടുത്തിരുന്ന കൈലി തപ്പിയെടുക്കുന്നതായിരുന്നു ആദ്യത്തെ പരിപാടി.

പ്രായമായതിൽപ്പിന്നെ ഉറക്കത്തിൽ തട്ടിപ്പോയില്ലെന്നു ഉറപ്പു വരുത്തുവാൻ വേണ്ടി, ഉണരുമ്പോൾ കൈകാലുകൾ അനക്കി നോക്കുന്നതാണ് ആദ്യം ചെയ്യുന്നത്. പിന്നീടാണ് കണ്ണു തുറന്ന് ചുറ്റും നോക്കുന്നത്.

അതുകൊണ്ട് രാവിലെ ഉണരുമ്പോൾ, കൈകാലുകൾ ഒന്നു നിവർത്തി കുടഞ്ഞ്, കണ്ണ് നല്ലതുപോലെ തുറന്ന്, തലേന്നു രാത്രിയിൽ കിടന്നിടത്തു തന്നെയാണ് കിടക്കുന്നതെന്നു ഉറപ്പുവരുത്തി, മരിച്ചിട്ടില്ല എന്ന പൂർണ്ണ ബോദ്ധ്യം വന്നതിനു ശേഷം മാത്രമേ എഴുന്നേൽക്കാവൂ.

എഴുന്നേറ്റതിനുശേഷം അഞ്ചു മിനിറ്റ് നേരം ബെഡ്ഡിൽ തന്നെ ഇരിക്കണം. പിന്നീട് മാത്രമേ എഴുന്നേറ്റ് നടക്കാവൂ.

അങ്ങനെ ആയുസ്സിന്, ആരോഗ്യത്തോടെ ഒരു ദിവസം കൂടി അനുവദിച്ചു നല്കിയ ആ അദൃശ്യ ശക്തികൊണ്ട് നന്ദി പറഞ്ഞുകൊണ്ട് നമുക്കീ ദിവസം തുടങ്ങാം!


**SUBSCRIPTION FORM**

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

- ❑ Enclosing $ 200.00 for five years.
- ❑ Enclosing my subscription of $ 54.00 for one year.
- ❑ Enclosing my subscription of $99.00 for two years.
- ❑ Please don't send newspaper to my address.

**Take Advantage Of Our New Low Rates**

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

**KERALA EXPRESS**

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

*Subscription fee non-refundable*

VISA MasterCard DISCOVER

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# ARACKAL VACATION HOME


**UZHAVOOR, KOTTAYAM, KERALA**



5 BEDROOMS (3 BR A/C), 6 BATHROOMS
LIVING, DINING & KITCHEN
READY TO OCCUPY FOR WEEKLY OR MONTHLY RENT
UZHAVOOR CHURCH & PARTY HALL NEARBY


FOR BOOKING:
USA: RAJU ARACKAL
@ 404 567 9189
INDIA: JOBIN MATHEW
@ 9961605244
EMAIL: JOBIONMATHEW@YAHOO.COM








# മിസ്സൂറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് മലയാളികൾക്ക് അഭിമാനം: കേരള നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ



**ഷിബു മണല**

തിരുവനന്തപുരം: അമേരിക്കയിൽ ടെക്സാസിലെ മിസ്സൂറി സിറ്റി മേയർ പദവിയിൽ രണ്ടാം തവണയും വിജയിച്ചു വരാൻ കഴിഞ്ഞതിലൂടെ മിസ്സൂറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് ആഗോള മലയാളി സമൂഹത്തിന്റെ അഭിമാനമായി ത്തീർന്നിരിക്കുകയാണെന്ന് കേരള നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ അഭിപ്രായപ്പെട്ടു.

കേരള നിയമസഭയിൽ സന്ദർശനം നടത്തിയ മേയർ റോബിൻ ഇലക്കാട്ടിനെ നിയമസഭാ ചേംബറിൽ പൊന്നാട അണിയിച്ച് ആദരിച്ചശേഷം നടത്തിയ അഭിനന്ദന വാക്കുകളിലാണ് സ്പീക്കർ ഇപ്രകാരം പ്രസ്താവന നടത്തിയത്. തദവസരത്തിൽ സന്നിഹിതരായിരുന്ന തദ്ദേശ-സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയും മുൻ സ്പീക്കറുമായിരുന്ന എം.ബി. രാജേഷും റോബിൻ ഇലക്കാട്ടിനെ പൊന്നാട അണിയിച്ച് ആദരിച്ചു. പ്രവാസി ലോകത്ത് കഠിനാദ്ധ്വാനത്തിലൂടെ ഉന്നത സ്ഥാനത്ത് എത്തിച്ചേർന്ന മിസ്സൂറി സിറ്റി മേയർ റോബിൻ ഇലക്കാട്ടിന് കേരള നിയമസഭയുടെ പ്രത്യേക പുരസ്കാരം സ്പീക്കർ എ.എൻ. ഷംസീർ സമ്മാനിച്ചു. അഭിനന്ദന ചടങ്ങിൽ മുൻമന്ത്രിയും കടുത്തുരുത്തി നിയമസഭാംഗവുമായ അഡ്വ. മോൻസ് ജോസഫ് എംഎൽഎ പൂച്ചെണ്ട് നല്കി അനുമോദനം അർപ്പിച്ചു.

കോട്ടയം ജില്ലയിൽ കടുത്തുരുത്തി മണ്ഡലത്തിലെ കുറുമുള്ളൂർ ഗ്രാമത്തിൽ നിന്നും മിസ്സൂറി സിറ്റിയുടെ പ്രഥമ പൗരനായി മേയർ സ്ഥാനത്തേക്ക് എത്തിച്ചേർന്ന റോബിൻ ഇലക്കാട്ടിന് ജന്മനാടിന്റെ അഭിനന്ദനം പ്രകടിപ്പിച്ചുകൊണ്ടുള്ള മംഗളപത്രം അഡ്വ. മോൻസ് ജോസഫ് എംഎൽഎ സമർപ്പിച്ചു.

നിയമസഭാ സന്ദർശനവേളയിൽ ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ, റവന്യൂ മന്ത്രി കെ. രാജൻ, കൃഷിവകുപ്പു മന്ത്രി പി. പ്രസാദ്, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, മുൻ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല എംഎൽഎ, ഡോ. മാത്യു കുഴൽനാടൻ എംഎൽഎ, മുൻമന്ത്രി പി.ജെ. ജോസഫ് എംഎൽഎ, അനൂപ് ജേക്കബ് എംഎൽഎ തുടങ്ങിയ ജനപ്രതിനിധികളെ നേരിൽ കാണുകയും സൗഹൃദം പങ്കുവെക്കുകയും ചെയ്തു. Prayatna Director ഡോ. ജോസഫ് സണ്ണി കുന്നശ്ശേരിയും മേയറോടൊപ്പം വിവിധ ചടങ്ങുകളിൽ പങ്കെടുത്തു.

























Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**